മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 7
July 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)

മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 15 ജൂലൈ 2024 ലക്കം 7

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

ഉള്ളടക്കം

ഇടയലേഖനം 5
സർക്കുലർ 11
രൂപതാ കച്ചേരി വാർത്തകൾ..... 17
മാസധ്യാന റിപ്പോർട്ട് 26
മതബോധനരംഗം 27
ചെറുപുഷ്പ മിഷൻലീഗ്..... 30
തിരുബാലസഖ്യം 35
Department of Youth Ministry..... 36
കെ.സി.വൈ.എം..... 39
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി..... 46
കുടുംബപ്രേഷിതത്വം..... 50
സീയോൻ വാർത്തകൾ 60
വിൻസെന്റ് ഡി പോൾ സൊസൈറ്റി..... 61
സാമൂഹ്യ സേവനരംഗം (WSSS)..... 63
ജീവസ് & കെ.എൽ.എം 68
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി..... 71
കത്തോലിക്കാ കോൺഗ്രസ്സ് 76
ബയോവിൻ അഗ്രോ റിസർച്ച്..... 80
റേഡിയോ മാറ്റൊലി 84
Mary Matha Arts & Science College..... 86
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി 90
ബിഷപ്സ് പ്രോഗ്രാം..... 97

Prot. No. 0642/2024

ഇടയലേഖനം

ദുക്റാനതിരുനാൾ – സഭാദിനം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ! ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞു നില്ക്കുന്ന ദുക്റാന തിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർ സഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർതോമാശ്ലീഹാ നടത്തിയ ''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപം കൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനത്തിരുനാൾ ദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടുതൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ് മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങ

ളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേ റ്ററിനോടുംകൂടെ മെയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടും കൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമലബാർ സഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർ സഭയെക്കുറിച്ചുപറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചിലകാര്യങ്ങൾ ദുക്റാനാതിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തന വിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: ''ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്''. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾഎന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്ഥതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം. നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീഷ്ണതയിലും പ്രേഷിത പ്രവർത്തനത്തിലും പ്രശംസിക്ക

പ്പെടുന്ന വിധത്തിൽ വളർച്ചപ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾക്കു കൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേ ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്ന വിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞോരായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലിക പാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം. രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിത പ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: ''നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്''. ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീക്ഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതംമുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോമലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലന ശുശ്രൂഷ ചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികം വരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപ

പ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം. ആഗോള കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിത സൗകര്യങ്ങൾക്കും വേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോള സഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: ''മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനു വേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയം ഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോ മലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു''. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തു നിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർ സഭാമക്കളെന്നനിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടു വളരാൻ ചില സങ്കുചിത ചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർ സഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയും കുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിച്ചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തല

മുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭമുഴുവനും ഏതു സാഹചര്യത്തിലും സാധിക്കേതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണ ദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു. വിവിധ മേഖലകളിൽ ശുശ്രൂഷചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്നവിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെ നടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധ പിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: ''ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു''. അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസ പരിശീലനസംരഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ

കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

മാർ റാഫേൽ തട്ടിൽ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

NB: ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4031/K-5/KCBC/OL/DS 25.06.2024

യുവജനദിനം ജൂലൈ 7, 2024
കെ. സി. ബി. സി യുവജനകമ്മീഷൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെ. സി. വൈ. എം, ജീസസ് യൂത്ത്, സി.എൽ.സി. ഐക്കഫ്, ബോസ്കോയൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായയേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞുനിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്ക് പുത്തൻ ഉണർവ്വ് പ്രധാനം ചെയ്യാൻ യുവജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നത് കേരള മെത്രാൻ സമിതിയ്ക്ക് ചാരിതാർത്ഥ്യമുണ്ട്.

ക്രിസ്തുവുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്ന കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസീസ് പാപ്പ ക്രിസ്തു ജീവിക്കുന്ന എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവമനുഷ്യ സൗഹൃദം നിറഞ്ഞതാകണം. നമ്മുടെ

യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല അവർ അതിന്റെ വർത്തമാന കാലത്തിന്റെ ഒരു സുപ്രധാനഭാഗമാണ്. അതിനാൽ അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ച് നിത്യരക്ഷയ്ക്കുള്ള മാർഗ്ഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട്. (മത്തായി 19:16) എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റുപലതിനും വേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടന്ന് വച്ചു. അവസാനം വിഷാദവാനായി തിരികെ പോയി (19:22) ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവ്വനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിന് സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയ കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യപ്രവർത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണതനിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

യുവജന സൗഹൃദ സഭ

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കേണ്ടത് നമ്മുടെ സഭ, ദേവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കെയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയേയും സഭാസംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിന് പുതിയമാനം നൽകും എന്നതിൽ ഒരു സംശയവും ഇല്ല. നമ്മുടെ ദേവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജന സൗഹൃദ സഭാ പ്രോട്ടോകോൾ (Youth Friendly Protocole-YFCP) ഉണ്ടാവുന്നത് അഭികാമ്യമാണെന്ന് തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സഭയുടെ ആരാധനാജീവിതത്തിൽ യുവജനപങ്കാളിത്തം

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പര

മ്പരാഗത ആരാധനാക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാ രീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാ പരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജനപ ങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

യുവജനനേതൃത്വവും പങ്കാളിത്തവും

സഭാതീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജന ങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപ ദേശക സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വ പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്റ റൽ കൗൺസിൽ, പ്ലാനിംഗ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയ വയിൽ യുവജനപ്രാധിനിത്യം ഉറപ്പാക്കുക.

യുവജനവിശ്വാസ പരിശീലനം

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക. മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റകാറ്റിക്കിൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാ രുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിര ങ്ങൾ സംഘടിപ്പിക്കുക.

സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമ ഗ്രമായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമൂഹികവൽക്കരണ ത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇട ങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദേവാലയങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്റ റുകൾ ഉണ്ടാവുക.

സമുദായ സേവനവും സാമൂഹിക നീതിയും

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവന പദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങ ളിലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവി ക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹ ഗമനവും ഉറപ്പാക്കൽ

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസ്യൂതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലനശുശ്രൂഷനിർബന്ധമാക്കുകയുംഅതിനായിസെമിനാരികളിൽ കാര്യക്ഷമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

യുവജന സൗഹൃദ കുടുംബങ്ങൾ

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികാസത്തെ പിന്തുണയ്ക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജന ശുശ്രൂഷ മേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലന വേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

രൂപതയിൽ യുവജന ഡേറ്റ ബാങ്ക്

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടി

സ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജന സൗഹൃദ സഭ** എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും

യുവജനശുശ്രൂഷക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ - നിർവഹണവും വിലയിരുത്തലും

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗ നിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതു പോലെ, (ലൂക്കാ 7, 11-17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്ക 8, 40-56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കു' എന്നു പറയുന്നു. ഏശയ്യാ പ്രവാചകനിലൂടെ ഇസ്രായേൽ ജനത്തോട് പറഞ്ഞതു പോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു

യുവജന സൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി 682 025

N.B. 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

1. സ്നേഹസ്മരണ

ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന്റെ ചരമവാർഷികം ജൂലൈ6-ാം തീയതിയും, ബഹു.അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16 നുമാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

2. സീറോ മലബാർ സഭാദിനം: ജൂലൈ 3

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3ന് സീറോ മലബാർ സഭയുടെപൊതുവായപ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

3. യുവജനദിനം: ജൂലൈ 07

കേരളസഭ ജൂലൈ 7-ാംതീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കുംകഴിയുന്നവിധത്തിൽസഹായിക്കാം.ഉചിതമായവിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽക്കുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചനെയും, ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേ ദിവസം യുവജനങ്ങൾക്കു വേണ്ടി പ്രത്യേകം തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

4. ബഹു. വൈദികരുടെ വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ആദ്യബാച്ചിന്റേത് ആഗസ്ത് 26 തിങ്കളാഴ്ച്ച വൈകുന്നേരം മുതൽ 31 ശനിയാഴ്ച ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 08

ഞായറാഴ്ച വൈകുന്നേരം മുതൽ 13 വെള്ളിയാഴ്ച ഉച്ചവരെയു മാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തിയതികൾ ശ്രദ്ധി ക്കുകയുംമുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീ കരണങ്ങൾ മുൻകൂട്ടി നടത്തുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻ കൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനം നയിക്കുന്നത് തലശ്ശേരി അതിരൂപതാംഗവും വചന പ്രഘോഷണ രംഗത്തും അതുപോലെ തന്നെസാമൂഹ്യ വിഷയങ്ങളിലും സോഷ്യൽ മീഡിയയിലും സജീവ സാന്നിധ്യമായ ബഹു. ടോം ഓലിക്കരോട്ട് അച്ചനാണ്.

Annual Retreat for Priests- 1 st Batch 2024
(26th Aug. – 31st Aug.)

S.N	Rev. Frs House Name & Name
1	Aikkarathazhath Joseph
2	Alukka George
3	Alumkal Joseph
4	Ambalathara Francis
5	Ambalathinkal Sebastian
6	Arumayil George
7	Chakiyath Xavier
8	Chakkittakudily James
9	Chelackapallil Thomas
10	Chettiyassery Joseph
11	Chittoor Joseph
12	Chozhenparambil John
13	Edayakondattu Paul
14	Elamkunnel Sebastian
15	Kachirayil Thomas
16	Kakkattikalayil Sebastian
17	Kalappura Jose

18	Kalappurackal Mathew (Vipin)
19	Kaliyaniyil Kuriakose
20	Kandathinkara Emmanuel
21	Kanippillil Varghese
22	Kappiarumalayil Johny
23	Kattamkottil Joseph (Saji)
24	Kavumkal Joseph
25	Kizhakkanputhupally John (Santhosh)
26	Kocharackal Jose
27	Kocheril Mathew
28	Kochuparackal Kurian (Saji)
29	Kollamkunnel Varghese
30	Kollarthottam Mathew
31	Kottaram Jose
32	Kulirany Jose
33	Kunnath Joseph (Akhil)
34	Kunnath Kuriakose
35	Kuttimakkal James
36	Kuzhikandathil Joseph
37	Madapallikunnel Antony (Siby)
38	Madapallikunnel Mathew
39	Madathil Abraham (Sunny)
40	Mampallil Anto
41	Manakunnel Thomas
42	Mankottil James
43	Mannoor Thomas
44	Maplassery Babu
45	Mavara Stanislaus
46	Mecheril Joseph
47	Moloparambil Jose

48	Moolayil Thomas
49	Moonnanal Justine
50	Moothedath Thomas
51	Mulakodiyankal Sebastian (Jofin)
52	Mulakodiyankal Varghese
53	Mulangattil Thomas
54	Mulavelikunnel Jacob
55	Mundolickal Paul
56	Munjanattu Mathew
57	Muthirakkalayil Joseph
58	Myladoor George
59	Nechikatu Joseph
60	Nedumkallel Joseph
61	Nilackappillil Augustine
62	Njallampuzha Thomas
63	Onampally Alex
64	Padinjarayil George
65	Painumkal Kuriakose
66	Pakkanikuzhiyil Sebastian
67	Palakkattu Antony (Nidhin)
68	Palathadathil George
69	Pallattukunnel Augustine
70	Pannackal Mathew
71	Parunthanolil Thomas
72	Peechattu Joseph
73	Plassanal Thomas
74	Ponparackal John
75	Poothakuzhi Jacob
76	Poovathinkal Peter

77	Pudussery Martin
78	Pulikunnel Devasia
79	Pulikuzhiyil Abraham
80	Pulpayil Joseph
81	Punchayil Lucka
82	Punnackapadavil Sebastian
83	Puthenparambil James
84	Puthenpurayil Manuel(Siju)
85	Puthukulathil John
86	Thanniyil Augustine
87	Thayil Jose
88	Thekkanady Jose
89	Thekkilakattil Jose (Ajay)
90	Thekkilakattil Mathew (Jomesh)
91	Thenpallil Sebastian
92	Thevarkunnel Don Bosco
93	Thuruthel Kuriakose (Joy)
94	Thuruthel Thomas (Biju)
95	Vadakkemulanjanal Michael
96	Vadayaparambil Joseph (Somy)
97	Valakodiyil Dominic
98	Valloppilly Joseph
99	Vathelil Abraham
100	Vattukulathil Mathew
101	Vattukunnel Issac
102	Vazhachalil Thomas
103	Vazhakattu Joseph
104	Vazhakkala Chacko
105	Vazhayil Kurian
106	Vettickal John

Annual Retreat for Priests- 2 nd Batch 2024 (08th Sept. – 13th Sept.)	
S.N	**Rev. Frs House Name & Name**
1	Alackathadathil James
2	Chakkittukudy Jose
3	Chavaranal Thomas
4	Chembakkara James
5	Chempalayil Augustine
6	Chittarackal Varghese
7	Choorapuzha John
8	Edachilath Joseph
9	Edakudiyil Mathew
10	Elamkunnapuzha Joseph
11	Elamkunnel Joseph (Tony)
12	Elavanappara Sebastian
13	Elavunkal Johny
14	Elayidath Mani
15	Iykkarakkanayil Thomas
16	Kakkonal Thomas
17	Kalambukattu Joseph
18	Kalappurackal Abraham (Vinoy)
19	Kalapurayil Vincent
20	Kalliyattu Devasia
21	Kallupura Johny
22	Kappiarumalayil Jose
23	Karamayil Issac
24	Karukappally Joseph
25	Karuthedath Mathew (Manoj)
26	Kassamkuttiyil Sebastian
27	Kattamkottil Thomas (Anish)

28	Kattath Thomas
29	Kavalakkadan Varghese
30	Keezheth Sebastian
31	Kizhakkanputhupally Varghese(Pratheesh)
32	Kizhakkumpuram George
33	Kochumalayil Varghese
34	Kochuparackal Mathew (Tomy)
35	Koipuram Sebastian
36	Koottala Paul
37	Korandiyarkunnel Paul
38	Korattiparambil Vincent
39	Kottackal Stephen
40	Kottayil Joseph
41	Kudakkachira Joseph
42	Kulathinal James
43	Kumbalakuzhy Mathew
44	Kumbakeel Kuriakose
45	Kunnathett James
46	Kuthukallunkal Francis
47	Kuttikkattukunnel Thomas
48	Madathil Seabstian (Sunil)
49	Madathiparambil Devasia (Arun)
50	Malayil Mathew
51	Mampallil George
52	Manthrickal Thomas
53	Mattam Gervasis
54	Meppurath Chacko
55	Moothedath Mathew (Babu)
56	Mukkattukavunkal Thomas
57	Mundackamattam Jose

58	Muthanikkattu Justine
59	Muthukathaniyil Varghese
60	Muthukattil Shantidas
61	Muttappallil Joseph
62	Nakkuzhikkattu Mathew
63	Nellikunnel Francis
64	Nellimalayil Emmanuel
65	Olickal Jimmy
66	Oravaranthara Vincent
67	Ousepparampil Joseph
68	Padinjarayil Mathew (Robin)
69	Painumkal George (Lal)
70	Palakatt Augustine
71	Palath Joseph
72	Parackal Varghese
73	Paruvummel Joseph
74	Periappuram Mathew
75	Perumattikkunnel Johny
76	Perumattikkunnel Mathew
77	Pinakkattu Joseph
78	Poikayil Joseph (Jerin)
79	Ponthottiyil Thomas
80	Poyikayil Kurian (Arun)
81	Pulinthanam Jose
82	Punakkattu Chandy
83	Punakkattu Chandy
84	Purakkal George
85	Puthanpurayil Joseph (Sineesh)
86	Puthen Sebastian
87	Puthenpurackal Mathew (Tomy)

88	Puthukkattil Mathew
89	Puthukulangara Thomas
90	Thamarasseril Vincent
91	Thattuparambil Varghese
92	Thekkepera Mathew
93	Thekkethil Abraham
94	Therakam George
95	Therakam Thomas Joseph
96	Thondiparambil Sebastian (Biju)
97	Thondiparambil Peter (Kiran)
98	Thuruthiyil Louis
99	Unnippally Sebastian
100	Uppuveettil John
101	Urumbil Joseph
102	Vadakkel Emmanuel
103	Vadassery Thomas
104	Vadayaparambil Emmanuel (Sony)
105	Valayathil Joseph
106	Vattakunnel Jude

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence those who wish to attend the retreat, please contact Rev. Fr. Joseph Paruvummel the Director of Pastoral Centre. His Mobile No. 9447518360.

മാർ അലക്സ് താരാമംഗലം
സഹായമെത്രാൻ

മാസധ്യാന റിപ്പോർട്ട്

മാനന്തവാടി ഫൊറോന

11-06-2024 നു മാനന്തവാടി ഫൊറോനയിലെ വൈദീകരുടെ മാസധ്യാനം ലിറ്റിൽ ഫ്ളവർ ചർച്ച്, മുതിരേരിയിൽ വച്ചു നടന്നു. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. സ്റ്റീഫൻ കോട്ടക്കൽ എല്ലാവർക്കും സ്വാഗതം നേർന്നു സംസാരിച്ചു. ബഹു. ഫാ.ജോർജ് തേരകം ധ്യാനചിന്തകൾ പങ്കുവെച്ചു. അതിനു ശേഷം ആരാധനയും കുമ്പസാരവും നടന്നു. തുടർന്ന് ഫൊറോനാ വികാരി പെരിയ ബഹു. ഫാ. സോണി വാഴകാട്ടിന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തപ്പെട്ടു.

പ്രധാനപ്പെട്ട ചർച്ചകളും തീരുമാനങ്ങളും

1. ഇടവകയിലെ സംഘടനകളെ എങ്ങനെ ശക്തിപ്പെടുത്താം എന്ന് ചർച്ച ചെയ്തു.

- ഇടവകയുടെ വരുമാന മാർഗങ്ങൾ സംഘടനകൾ ശക്തിപ്പെടുത്താൻ ഉപയോഗിക്കണമെന്ന് അഭിപ്രായപ്പെട്ടു.
- വൈദീകരുടെ സഹകരണം വഴി സംഘടനകളുടെ ഫണ്ട് ഇടവകയുടെ പൊതുകണക്കിൽ നിന്നും വകയിരുത്തണം.
- ഫണ്ട് പൊതുകണക്കിൽ നിന്നും വകയിരുത്താനാവശ്യമായ നിർദ്ദേശങ്ങൾ രൂപതയിൽ നിന്നും നൽകണമെന്ന് അഭിപ്രായപ്പെട്ടു.

2. ദർപ്പൺ ID യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹു. ജോസ് കൊച്ചറക്കൽ അച്ചന്റെ നേതൃത്വത്തിൽ ചർച്ച ചെയ്തു.
ഇക്കാര്യങ്ങൾ ജൂലൈ 30ന് നടക്കേണ്ട ഫൊറോനാ വികാരിമാരുടെ യോഗത്തിൽ അറിയിക്കണം എന്നും തീരുമാനിച്ചു.

3. സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി അച്ചൻമാർ സംസാരിച്ചു.

4. അടുത്ത മാസധ്യാനം പ്രശാന്തഗിരി ഇടവകയിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു.

ഫാ. അമൽ മന്ത്രിക്കൽ
സെക്രട്ടറി

പ്രിയപ്പെട്ടവരേ, വിശ്വാസപരിശീലന പ്രവർത്തനവർഷം 2024-25 ൽ തിരി തെളിച്ച്, അധ്യാപകർ തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞ് കുട്ടികളെ സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ട് അവരെ മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ച് നമ്മൾ ആരംഭിച്ചിരിക്കുകയാണല്ലോ. നമ്മുടെ പൂർവ്വപിതാവായ മാർത്തോമാ ശ്ലീഹായുടെ സുവിശേഷ തീക്ഷ്ണതയും, വിശുദ്ധ അൽഫോൻസാമ്മയുടെ പ്രാർത്ഥനാസാക്ഷ്യവും പ്രത്യേകം സ്മരിക്കുവാൻ ഈ മാസത്തിൽ നമുക്ക് അവസരമുണ്ട്.ദൈവത്തിന്റെസഹായത്താൽ ക്രിസ്തുവിന്റെ ആഹ്വാനം ശ്രവിച്ച് ക്രിയാത്മകമായി പ്രതികരിച്ചവർ ലോകത്തിൽ എല്ലായിടത്തും 'സുവിശേഷം പ്രസംഗിക്കുവാൻ' ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഉത്തേജിതരായി. തലമുറകളിലേക്ക് ഈ വിശ്വാസനിക്ഷേപം പകർന്നു കൊടുക്കുവാൻ എല്ലാ ക്രിസ്തീയ വിശ്വാസികളും ക്ഷണിക്കപ്പെട്ടിരിക്കുന്നു.(CCC-3). ഈ പ്രബോധനം ഉൾക്കൊണ്ട് നമുക്കും വിശ്വാസകൈമാറ്റത്തിന്റെ ഗൗരവമായ ഉത്തരവാദിത്വം ഏറ്റെടുത്ത് തീക്ഷണതയോടെ മുന്നേറാം. പരിശുദ്ധാത്മാവിന്റെ സഹായം പ്രാർത്ഥിക്കാം.

HCC I & HCC II Online Registration - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

HCC I & II രജിസ്ട്രേഷനും 2004-25 വർഷത്തെ സർവേ ഫോമും മതബോധനത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനായി എല്ലാ ഇടവകകളിലും പൂർത്തിയാക്കിയല്ലോ. കുട്ടികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി കഴിയുമ്പോൾ മതബോധന കേന്ദ്രത്തിൽ നിന്ന് രജിസ്റ്റർ നമ്പർ ആഡ് ചെയ്യും. അതിനുശേഷം മാത്രമേ പ്രിന്റ് എടുക്കാവൂ എന്ന് ഓർമ്മപ്പെടുത്തുന്നു. രജിസ്ട്രേഷനുശേഷം പ്രിന്റ് എടുത്ത് വികാരിയച്ചൻ, ഹെഡ്മാസ്റ്റർ, രക്ഷകർത്താവ്, കുട്ടികൾ എന്നിവർ അപേക്ഷാഫോമിലും ഹാൾടിക്കറ്റിലും ഒപ്പിട്ട് രജിസ്ട്രേഷൻ ഫീസിനൊപ്പം (200 രൂപ) രൂപത ഓഫീസിൽ ജൂൺ 25 മുതൽ ജൂലൈ 2 വരെയുള്ള തീയതികളിൽ എത്തിക്കേണ്ടതാണ്.

താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

Account details:

Catechetical Centre
A/C No. : 006302152792190001
The Catholic Syrian Bank
Mananthavady Branch
IFSC CODE: CSBK0000063

പ്രൈവറ്റ് രജിസ്ട്രേഷൻ

പത്താംക്ലാസ് പഠനത്തിനു ശേഷം 11,12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിനോ, തത്തുല്യ മായ മറ്റു കോഴ്സുകൾക്കോ പോകുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാ സത്തിനുള്ള അവസരം നിഷേധിക്കാതെ, വിശ്വാസ പരിശീലന ത്തിന്റെ ഭാഗമാക്കിനിർത്തേണ്ടത് ആവശ്യമാണ്. ഇവർക്കുവേണ്ടി യാണ് പ്രൈവറ്റ് രജിസ്ട്രേഷൻ. ഈ കുട്ടികൾ പാലിക്കേണ്ട നിബ ന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഞായറാഴ്ച രാവിലെ മാതൃ ഇടവകയിൽ കുർബാനയിൽ പങ്കെടു ക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരി ശീലന കേന്ദ്രത്തിനടുത്ത് വിശുദ്ധകുർബാനക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.

2. വികാരിയച്ചന്റെ സാക്ഷ്യപത്രം നൽകുന്നവർക്കേ Private Registration അനുവദിക്കുകയുള്ളൂ. (കുട്ടികൾ എൻട്രൻസ് പരിശീലനമോ / മറ്റ് കോഴ്സുകളിലോ പങ്കെടുക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾ)

3. വാർഷിക പരീക്ഷ തങ്ങളുടെ ഇടവകകളിലാണ് എഴുതേണ്ടത്.

4. പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് രൂപത കേന്ദ്രത്തിൽ നിന്ന് അസൈൻമെന്റ് നൽകുന്നതായിരിക്കും. അത് പൂർത്തിയാക്കി ജനു വരി 25 നു മുമ്പ് തിരികെ നൽകിയിരിക്കണം അത് അവരുടെ ഇന്റേ ണൽ മാർക്കിന് പരിഗണിക്കും.

5. പ്രൈവറ്റ് കുട്ടികളെ രൂപത റാങ്കിന് പരിഗണിക്കുന്നതല്ല.

6. രജിസ്ട്രേഷൻ ഫീസ് RS 1000 ആയിരിക്കും.

7. റെഗുലർ സ്റ്റുഡൻസിന്റെ രജിസ്ട്രേഷൻ സമയത്ത്തന്നെ ഈ കുട്ടികളും ഇടവകകളിൽ രജിസ്ട്രേഷൻ നടത്തി പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ഒപ്പുവച്ച് പ്രിന്റൗട്ടും വാട്സ്ആപ്പ് നമ്പറും ഓഫീസിൽ ഏല്പിക്കേണ്ടതാണ് ക്ലാസ് ട്രെയിനിംഗ്, ആമുഖ സെമിനാർ 2024-25 അധ്യയന വർഷത്തെ ആദ്യത്തെ ആമുഖ സെമിനാറിലും

(മെയ് 30-ജൂൺ1) ക്ലാസ് ട്രെയിനിംഗിലുമായി 160 അദ്ധ്യാപകരും, ജൂൺ 8-9 തീയ്യതികളിൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട രണ്ടാമത്തെ ആമുഖ സെമിനാറിലും, ക്ലാസ് ട്രെയിനിംഗിലും 35 അധ്യാപകരും പങ്കെടുത്തു. ജൂൺ 14- 16 ആമുഖ സെമിനാറിലും, ക്ലാസ് ട്രെയിനിംഗിലുമായി 80 അദ്ധ്യാപകരും പങ്കെടുത്തു. ക്ലാസുകൾ നയിച്ച വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർക്കും,നേതൃത്വം നൽകിയ രൂപതാ മതബോധന ടീം അംഗങ്ങൾക്കും പങ്കെടുത്ത അധ്യാപകർക്കും നന്ദി.11-ാംക്ലാസ് ട്രെയിനിംഗ് ദ്വാരകയിലും, മണിമൂളിയിലും വച്ച് നടത്തപ്പെട്ട 11-ാം ക്ലാസ് പാഠപുസ്തക പരിശീലനത്തിൽ 97 അദ്ധ്യാപകർ പങ്കെടുത്തു. ക്ലാസുകൾ നയിച്ച വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. സെബാസ്റ്റ്യൻ പുത്തേൻ, എന്നിവർക്കും പരിശീലനത്തിന് നേതൃത്വം നല്കിയ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, സി. ലിജിൻ SH എന്നിവർക്കും രൂപതാ മതബോധന ടീമംഗങ്ങൾക്കും നന്ദി. മതാദ്ധ്യാപകർക്കുള്ള ഓൺലൈൻ വെബിനാർ സീറോ മലബാർ കാറ്റകറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ ജൂലൈ 16 മുതൽ 25 വരെ വിശ്വാസപ്രമാണത്തെക്കുറിച്ചുള്ള (8.30pm-9.30pm) ഓൺലൈൻ വെബിനാറിൽ സാധിക്കുന്ന അദ്ധ്യാപകരെല്ലാം പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുത്ത് 10 പേജിൽ കവിയാത്ത അസൈൻമെന്റ് രൂപതാകേന്ദ്രത്തിൽ സമർപ്പിക്കുന്നവർക്ക് കമ്മീഷൻ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ഏറ്റവും നല്ല അസൈൻമെന്റിന് രൂപതയിൽനിന്ന് പ്രത്യേക സമ്മാനവും നല്കുന്നതാണ്.

ഓൺലൈൻ എച്ച്.എം കോൺഫറൻസ്

28/7/2024 നു കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന ഓൺലൈൻ ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗിൽ എല്ലാ പ്രധാനാദ്ധ്യാപകരും പങ്കെടുക്കണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ലിങ്ക് പിന്നീട് നല്കുന്നതാണ്.

DCT, ACC Course Registration

മതാധ്യാപകർക്കായി രൂപതാ മതബോധന കേന്ദ്രം നടത്തിവരുന്ന DCT കോഴ്സിന്റേയും HCC പൂർത്തിയാക്കിയവർക്കുള്ള ACC കോഴ്സിന്റെയും രജിസ്ട്രേഷൻ ജൂലൈ മാസം 5-ാം തിയ്യതി മുതൽ ആരംഭിക്കും. DCT, Course Fee 2400. (1200 രൂപ രൂപതാ കേന്ദ്രം സ്കോളർഷിപ്പ് ആയി നല്കും.) ACC Course Fee 600. സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾ വികാരിയച്ചന്മാരുടെയും പ്രധാന അധ്യാപകരുടെയും വാട്സ്ആപ് ഗ്രൂപ്പിൽ നൽകുന്നതായിരിക്കും.

ഫാ. തോമസ് കച്ചിറയിൽ
മതബോധന ഡയറക്ടർ

ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ പ്രവർത്തനവർഷത്തിന് -*ഫമീലിയ 2024 -25* - രൂപതാ തലത്തിലും മേഖല ശാഖാ തലങ്ങളിലും തുടക്കം കുറിച്ചിരിക്കുകയാണ്. വളരെ ആവേശത്തോടെ കൂടിയാണ് പുതിയ പ്രവർത്തന വർഷത്തെ എല്ലാവരും സ്വാഗതം ചെയ്യുന്നത്. നിങ്ങൾക്കെല്ലാ മംഗളങ്ങളും നേരുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിക്കുമ്പോൾ ഭാരത സഭയുടെ പ്രഥമവും പ്രധാനവുമായ പ്രേക്ഷിതനാണ് മാർത്തോമാ എന്ന് നമ്മുടെ ജീവിത സാക്ഷ്യത്തിലൂടെ നമുക്ക് പ്രഘോഷിക്കാം. 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന മാർത്തോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും മുഴങ്ങട്ടെ. ജൂലൈ 12-ാം തീയതി നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെയും 28-ാം തീയതി ഉപമധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെയും തിരുനാൾ ദിനങ്ങളാണ്. ജൂലൈ മാസം ദൈവാനുഗ്രഹത്തിന്റെ ക്രിസ്തു സാക്ഷ്യത്തിന്റെ ദിനങ്ങളാക്കി നമുക്ക് മാറ്റാം.

സ്നേഹത്തോടെ,

ഫാദർ മനോജ് അമ്പലത്തിങ്കൽ

രൂപത കൗൺസിലും, ഫമീലിയ 2024-25 പ്രവർത്തന വർഷ ഉദ്ഘാടനവും

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ രൂപത കൗൺസിലും, പ്രവർത്തന വർഷ ഉദ്ഘാടനവും 2024 ജൂൺ 8 ന് ദ്വാരക പാസ്റ്റ്റിൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ, ഫാ. മനോജ് അമ്പലത്തിങ്കൽ വി.കുർബാന അർപ്പിച്ചു. പ്രവർത്തന വർഷ ഉദ്ഘാടനം തലശ്ശേരി അതിരൂപത മുൻ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ സ്വാഗതം പറഞ്ഞ ഉദ്ഘാടനചടങ്ങിന് രൂപതാ പ്രസിഡന്റ് ബിനീഷ് തുമ്പിയാംകുഴിയിൽ അദ്ധ്യക്ഷത വഹിച്ചു. 2024-2025 പ്രവർത്തന വർഷത്തെ പ്രവർത്തന മാർ

ഗ്ലരേഖ 'ഫമീലിയ 2024' റവ.ഫാ.ജോസഫ് പരുവുമ്മേൽ (പാസ്റ്ററൽ സെന്റർ ഡയറക്ടർ) മീനങ്ങാടി ശാഖാ പ്രസിഡന്റിനു കൈമാറി കൊണ്ട് പ്രകാശനം ചെയ്തു. തിരുബാലസഖ്യം മാർഗ്ലരേഖ 'ഉണ്ണിക്കൂട്ടം' ഫാ. മാർട്ടിൻ പുതുശ്ശേരി (കല്ലോടി മേഖല ഡയറക്ടർ) അന്ന മരിയ ആലപ്പുരയ്ക്കലിന് നല്കി കൊണ്ട് നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സിജിൻ കൂടക്കാട്ട്, അന്ന മരിയ റെജി ആലപ്പുരയ്ക്കൽ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. രൂപതയിലെ ശാഖകളിൽ നിന്നായി 550 ൽ പരം കുട്ടികൾ പങ്കെടുത്ത ഉദ്ഘാടനചടങ്ങിന് രൂപത സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ നന്ദി അർപ്പിച്ചു സംസാരിച്ചു. രാവിലെ 9.30 ന് ആരംഭിച്ച സമ്മേളനം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

2023-2024 പ്രവർത്തന വർഷത്തെ മികച്ചമേഖലകൾ, ശാഖകൾ

കഴിഞ്ഞ പ്രവർത്തനവർഷത്തെ മികച്ച ഒന്ന്, രണ്ട്, മൂന്ന് മേഖലകളായി ചുങ്കക്കുന്ന് ബത്തേരി നീലഗിരി മേഖലകൾ തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഒന്ന്, രണ്ട്, മൂന്ന് ശാഖകളായി മീനങ്ങാടി, ശിശുമല, ഒലിവുമല ഇടവകകൾ തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച 10 ശാഖകൾ

കല്ലോടി, നടവയൽ, ശാന്തിഗിരി, മൂലങ്കാവ്, പുഴമുടി, ദ്വാരക, ചുണ്ടക്കര, കണിയാരം, കുന്നലാടി, കൊമ്മയാട്. മികച്ച മേഖലകൾക്കും ശാഖകൾക്കുമുള്ള ട്രോഫികളും മെമെന്റോയും മാർ ജോർജ്ജ് ഞരളക്കാട്ട് (ആർച്ച്ബിഷപ്പ് എമിരത്തൂസ് തലശ്ശേരി രൂപത) വിജയികൾക്ക് സമ്മാനിച്ചു.

ശാഖാ ജോ. ഡയറക്ടേഴ്സ്, പ്രസിഡന്റ്, സെക്രട്ടറി സമ്മേളനം

ജൂൺ 8 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ശാഖാ ജോഡയറക്ടേഴ്സ്, ശാഖാ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കായുള്ള പ്രത്യേക സംഗമവും ട്രെയിനിങ്ങും നടത്തപ്പെട്ടു. ഫാ. മാനോജ് അമ്പലത്തിങ്കൽ, ബിനീഷ് തുമ്പിയാംകുഴിയിൽ, രഞ്ജിത്ത് മുതുപ്ലാക്കൽ, എന്നിവർ ക്ലാസുകൾ നയിച്ചു.

വി. മറിയം ത്രേസ്യ പുണ്യവതിയെ പഠിക്കുന്ന പ്രവർത്തന വർഷം

ഈ പ്രവർത്തന വർഷം, കുടുംബങ്ങളുടെ മധ്യസ്ഥയായ വി. മറിയം ത്രേസ്യായെ കുട്ടികൾക്കായി പരിചയപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട വിവിധ പരിപാടികളും, മത്സരങ്ങളും ശാഖ, മേഖല തലത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

ബിബ്ലിയ 2024-2025

സൺഡേ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കായി ചെറു പുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത നടത്തുന്ന 300 ദിവസം കൊണ്ട് സംമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബിബ്ലിയ 2024-2025 ലേയ്ക്ക് സ്വാഗതം ചെയ്യുന്നു. ഓരോ മാസവും വായിക്കേണ്ട ബൈബിൾ ഭാഗത്തു നിന്നും മാസാവസാനം ഓൺലൈൻ മത്സരം നടത്തുന്നു. ഇങ്ങനെ 10 മാസവും നടത്തുന്ന ഓൺലൈൻ മത്സരത്തിൽ ഏറ്റവും കൂടുതൽ പോയന്റു നേടുന്ന 40 പേർക്ക് സൗജന്യ തീർത്ഥാടന യാത്ര പോകാൻ അവസരവും, കൂടാതെ 60 പേർക്ക് പ്രോത്സാഹന സമ്മനവും നല്കുന്നു.

സമ്മാന കൂപ്പൺ

സമ്മാന കൂപ്പണിന്റെ തുകയും, കൗണ്ടർ കുറ്റികളും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയ്യതി ജൂലൈ 27.

സ്വാഗതവും നന്ദിയും

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറിയായി ചുമതലയേറ്റ സി. ലിന്റതെരേസ സി.എം.സിക്ക് സ്വാഗതവും, കഴിഞ്ഞ വർഷങ്ങളിൽ ഓഫീസ് സെക്രട്ടറിയായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ പ്രവർത്തന മേഖലയിലേയ്ക്കു പോയ സി. ജോളി സി.എം.സിക്ക് നന്ദിയും. മേഖല ഡയറക്ടർമാരായി ശുശ്രൂഷകൾ ഏറ്റെടുത്ത ഫാ. ബിജു തുരുത്തേൽ (നീലഗിരി) ഫാ. ബിജു ഉറുമ്പിൽ (മുള്ളൻകൊല്ലി), ഫാ. അരുൺ മടത്തിപറമ്പിൽ (പയ്യമ്പള്ളി), ഫാ. അമൽ പന്നക്കൽ (നടവയൽ) എന്നിവർക്ക് സ്വാഗതവും പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ വിവിധ മേഖലകളിൽ ഡയറക്ടറായി സ്തുത്യർഹ സേവനം ചെയ്ത ഫാദർ ജോർജ് തേരകം (പയ്യമ്പള്ളി) ഫാ. അജയ് തേക്കിലകാട്ടിൽ (അസി.പയ്യമ്പള്ളി) ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ (മുള്ളൻകൊല്ലി) ഫാ. അനൂപ് കൊല്ലംകുന്നേൽ (നീലഗിരി) ഫാ. സജി ഇളയിടത്ത് (നടവയൽ) എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. വിവിധ മേഖലകളിൽ ജോയിൻ ഡയറക്ടർ മാരായിരുന്ന സി. ടെസ്ലിൻ സി. എം. സി, (നടവയൽ) സി. റോസ് വരകിൽ എം. എസ്. എം. ഐ (കല്ലോടി), സി. ഷിജി സി. എം.സി (മുള്ളൻകൊല്ലി) എന്നിവരുടെ സ്തുത്യർഹമായ സേവനത്തിന് നന്ദി അർപ്പിക്കുന്നു. കല്ലോടി മേഖല ജോയിൻ ഡയറക്ടറായി

നിയമിക്കപ്പെട്ടിരിക്കുന്ന സിസ്റ്റർ ലിസ ജോസ് സി. എം. സി യ്ക്ക് സ്വാഗതം.

എയ്ഞ്ചൽ മീറ്റ്

സംസ്ഥാന സമിതി നടത്തിയ എയ്ഞ്ചൽ മീറ്റിൽ രൂപതയിൽ നിന്ന് ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ പങ്കെടുത്തു.

ജൂലൈ മാസത്തെ പ്രധാന പരിപാടികൾ

ജൂലൈ 3 ബുധൻ വി. തോമാ ശ്ലീഹായുടെ തിരുനാൾ, ഭാരത സഭയുടെ ആരംഭം. അസാധാരണ സമ്മേളനം വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം, അംഗത്വസ്വീകരണം, ഓൺലൈൻ കിസ് സെന്റ് തോമസ്.

21 ഞായർ മേഖല സാഹിത്യ മത്സരം.

28 ഞായർ വി. അൽഫോൻസാമ്മയുടെ തിരുനാൾ.

ഓൺലൈൻ കിസ് സെന്റ് അൽഫോൻസ

31 ബുധൻ ബിബ്ലിയ ഓൺലൈൻ കിസ് ആരംഭം.

ശാഖാ വാർത്തകൾ

ചെറുകാട്ടൂർ ശാഖ

ജൂൺ 2 ന് മാർ ജോസ് പൊരുന്നേടം പിതാവിന്റെ 2024-2025 ശാഖാപ്രവർത്തന വർഷ ഉദ്ഘാടന വീഡിയോ സന്ദേശത്തി ലൂടെ ശാഖാപ്രവർത്തനത്തിനു തുടക്കം കുറിച്ചു. ജൂൺ 9 ന് ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയും, അവയുടെ പ്രവർത്തന ങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ നടത്തി. ഫാ. ജോസ് കപ്യാരുമലയിൽ സെമിനാർ നയിച്ചു.

പാലാങ്കര ശാഖ

പാലാങ്കര സി. എം. എൽ പ്രവർത്തന വർഷ ഉദ്ഘാടനവും, അംഗത്വ സ്വീകരണവും പരിസ്ഥിതി ദിനാചരണവും ശാഖയിൽ ഡയറക്ടർ ഫാ. ജയിംസ് കുന്നത്തേട്ടിന്റെ നേതൃത്വത്തിൽ നടത്തി. കുട്ടികളെ ഗ്രൂപ്പുകളാക്കി ശാഖാ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു വിശുദ്ധരെ പരിചയപ്പെടുത്തി. കുവൈറ്റിൽ മരണപ്പെട്ട സഹോദരങ്ങൾക്ക് ആദരാജ്ഞലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു.

കൊട്ടിയൂർ ശാഖ

സ്ഥലം മാറി പോകുന്ന അമൽ മുളങ്ങാട്ടിൽ അച്ചന് നന്ദിയും, അരുൺ പൊയ്കയിൽ അച്ചന് സ്വാഗതവും നേർന്നു. വി.കുർബാന യുടെ പ്രാധാന്യം എന്ന വിഷയത്തിൽ ഫാ.സജി പുഞ്ചയിൽ ക്ലാസ് എടുത്തു. ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. പ്രിവെന്റീവ് ഓഫീസർ ശ്രീ.ബാബു മറ്റത്തിൽ ക്ലാസെടുത്തു.

തോമാട്ടുചാൽ

24, 25, 26 തീയതികളിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ധ്യാനം നടത്തി.

മേഖലാ വാർത്തകൾ

ചുങ്കക്കുന്ന്

വിവിധ ഇടവകകളിൽനിന്ന് സ്ഥലം മാറി പോകുന്ന ശാഖ ഡയറക്ടേഴ്സിന് നന്ദിയും,പുതിയ ശാഖ ഡയറക്ടേഴ്സിന് സ്വാഗതവും അർപ്പിക്കുന്നു. മാനന്തവാടി രൂപത 2023-24 വർഷത്തെ മികച്ച മേഖലയ്ക്കുള്ള ഒന്നാം സ്ഥാനം പുരസ്കാരം അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവിൽ നിന്നും ഏറ്റുവാങ്ങി.

നടവയൽ മേഖല

നടവയൽ മേഖല ഡയറക്ടറായി ചുമതലയേറ്റ അമൽ പന്നക്കൽ അച്ചന് സ്വാഗതവും കഴിഞ്ഞ രണ്ടുവർഷം ഡയറക്ടറായി സേവനം ചെയ്ത സജി ഇളയിടത്ത് അച്ചന് നന്ദിയും.

തങ്കച്ചൻ മാപ്പിളക്കുന്നേൽ
സി. എം. എൽ രൂപതാ സെക്രട്ടറി

വിശുദ്ധൻ: **വി. യാക്കോബ് ശ്ലീഹാ** (ജൂലൈ 25)
തിരുനാൾ: **ദുക്റാന തിരുനാൾ**
പ്രാർത്ഥന നിയോഗം: യുദ്ധങ്ങളിലും ദുരിതങ്ങളിലും അകപ്പെട്ടു കഴിയുന്ന കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.
സുകൃതജപം: എന്റെ ദൈവമേ എന്റെ ആശ്രയമേ.

'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ.' എന്ന ആപ്തവാക്യ ത്തോടെ പുതിയ പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചു. 2024 ജൂൺ എട്ടാം തീയതി തലശ്ശേരി അതിരൂപത മുൻ മെത്രാ പ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് പിതാവ് ഉദ്ഘാടനം നിർവ ഹിച്ചു. തിരുബാലസഖ്യ പ്രവർത്തന മാർഗരേഖ 'ഉണ്ണിക്കൂട്ടം 2024-2025 ' പ്രകാശനം ചെയ്തു. രൂപതാ തലത്തിൽ തിരുബാല സഖ്യത്തെ സഹായിക്കാൻ സിജിൻ കൂടപാട്ട് (പ്രസിഡന്റ്) അജിത് കന്നുകെട്ടിയിൽ (സെക്രട്ടറി) ജോമോൻ മണപ്പാട്ട് (കോഡിനേറ്റർ) എന്നിവർ നേതൃത്വം ഏറ്റെടുത്തു.

ജൂലൈ മാസത്തിൽ ഇടവക തലത്തിൽ ചെയ്യേണ്ട പ്രവർ ത്തനം:

രൂപത ആന്തം ഓൺലൈൻ മത്സരം

രൂപത ആന്തം വീഡിയോ ആയി റെക്കോർഡ് ചെയ്ത് രൂപത യ്ക്ക് അയച്ചുതരുക. അവസാനദിവസം ജൂലൈ 31. പങ്കെടുക്കുന്ന വരുടെ എണ്ണം ഏഴ് പേരിൽ കുറയാതെ 15 പേരിൽ കൂടാതെ. ഇടവക തലത്തിൽ ഓരോ മാസവും തരുന്ന വിശുദ്ധരെ പരിചയ പ്പെടുത്താൻ പറ്റുന്ന പരിപാടികൾ ക്രമീകരിക്കുക, സുകൃതജപം പഠിപ്പിക്കുക, തിരുനാൾ ആഘോഷിക്കുക, മറ്റു പ്രവർത്തനങ്ങൾ ക്രമീകരിക്കുക. ജൂലൈ മാസം കുഞ്ഞുങ്ങൾ പ്രവർത്തന നിര തമാകട്ടെ.

ഫാ. മനോജ് അമ്പലത്തിങ്കൽ
ഡയറക്ടർ, തിരുബാലസഖ്യം

ലൈഫ് ട്രെയിനിങ് 2022-2023 ബാച്ച്

2024 മെയ് മാസം പന്ത്രണ്ടാം തീയതി ഞായറാഴ്ച മൂന്നുമണി മുതൽ മെയ് മാസം 22 -ാം തീയതി ബുധനാഴ്ച രാവിലെ 10 മണി വരെ 2022-2023 ബാച്ചുകൾക്കുവേണ്ടി ബോയ്സ്ടൗൺ യൂത്ത് ട്രെയിനിങ്ങ് സെന്ററിൽ വച്ച് ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു. 25 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ പരിശീലനത്തിൽ ജോൺസൺ വടക്കേക്കര, ഡൊണാൾഡ് കണിയാരം, ദൃശ്യ സാജൻ ചെന്നലോട്, സിനീഷ് ജോസഫ്, സുഭാഷ് കണ്ണൂർ, മേരി കണിയാരം, അരുൺ കമ്മന തുടങ്ങിയ അധ്യാപകർ ക്ലാസുകൾ നയിച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ പരിശീലനത്തിന് നേതൃത്വം നൽകി.

ലൈഫ് ട്രെയിനിങ് 2024 ബാച്ച്

2024 മെയ് മാസം 23 -ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 2024 മെയ് മാസം 25 -ാം തിയതി ശനിയാഴ്ച നാലുമണി വരെ 2024 ബാച്ചിലെ 21 ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ 30 വിദ്യാർത്ഥികളുടെ ഉദ്ഘാടനത്തിന് വേണ്ടിയുള്ള ഏറ്റവും അടുത്ത പരിശീലനം നടത്തി. വിദ്യാർത്ഥികൾ ഈ ദിനങ്ങളിൽ നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് വേണ്ട ക്രമീകരണങ്ങളും പരിശീലനവും നൽകി.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം

2024 മെയ് 24 വെള്ളിയാഴ്ച രാവിലെ 6. 30ന് മാർ ജോസ് പൊരുന്നേടം പിതാവ് ലൈഫ് ട്രെയിനിങ്ങ് 2024 വിദ്യാർത്ഥികൾക്ക് വേണ്ടി ബോയ്സ് ടൗൺ യൂത്ത് ട്രെയിനിങ്ങ് സെന്ററിൽ വെച്ച് വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് വിദ്യാർത്ഥികളോടൊപ്പം അവരുടെ സംശയങ്ങൾക്ക് ഉത്തരം നൽകികൊണ്ട് ക്ലാസ്സുകൾ നയിച്ചു. ഒന്നിച്ച് പ്രാർത്ഥിച്ചും, ഭക്ഷണം കഴിച്ചും, സംശയനിവാരണങ്ങൾ നടത്തിയും പിതാവിനോടൊപ്പം ചെലവഴിച്ച സമയങ്ങൾ വിദ്യാർത്ഥികൾക്ക് ഏറെ അനുഭവം പ്രധാനം ചെയ്തു

മാതാപിതാക്കളുടെ സംഗമവും സെമിനാറും

2024 മെയ് മാസം ഇരുപത്തിയഞ്ചാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 1.30 വരെ പത്താം ബാച്ചിലെ ലൈഫ് ട്രെയി

നിങ്ങ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് വേണ്ടിയുള്ള സെമിനാർ ബോയ്സ് ടൗൺ യൂത്ത് ട്രെയിനിങ്ങ് സെന്ററിൽ വച്ച് നടത്തി. 54 മാതാപിതാക്കൾ ഈ സെമിനാറിൽ പങ്കുചേർന്നു. പ്രശസ്ത സൈക്കോളജിസ്റ്റും, ഫാമിലി തെറാപ്പിസ്റ്റും, ട്രെയിനറുമായ ഫാ.സെബാസ്റ്റ്യൻ ചെരിപ്പുറം തലശ്ശേരി ആണ് ഈ സെമിനാറിന് നേതൃത്വം നൽകിയത്. വിദ്യാർത്ഥികളും മാതാപിതാക്കളും ഒന്നിച്ചുള്ള ഈ സെമിനാർ ഇരുകൂട്ടർക്കും ഏറെ പ്രയോജനം ചെയ്യുന്നതായിരുന്നു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചന് യൂത്ത് മിനിസ്ട്രിയുടെ ഹൃദയംഗമമായ നന്ദി.

ലൈഫ് 2024 ഉദ്ഘാടനം

ലൈഫ് ട്രെയിനിങ് പത്താം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ 2024 ബാച്ചിലേക്ക് പ്രവേശനം ലഭിച്ച് 21 ദിന പരിശീലനം പൂർത്തിയാക്കിയ 30 വിദ്യാർത്ഥികളുടെ ഉദ്ഘാടന ചടങ്ങ് 2024 മെയ് 25-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണി വരെ ബോയ്സ് ടൗൺ യൂത്ത് ട്രെയിനിങ് സെന്ററിൽ വെച്ച് നടന്നു. യൂത്ത് മിനിസ്ട്രി കോഡിനേറ്റർ സി. ആൻസി തോമസ് എല്ലാവർക്കും സ്വാഗതം നൽകി. തുടർന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അധ്യക്ഷ പ്രഭാഷണം നടത്തി. മാനന്തവാടി രൂപതയുടെ എ കെ സി സി ഡയറക്ടറും യൂത്ത് മിനിസ്ട്രിയുടെ അസോസിയേറ്റ് ഡയറക്ടറുമായ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടന പ്രഭാഷണം നടത്തുകയും വിദ്യാർഥികൾക്ക് വിശുദ്ധ ഗ്രന്ഥം നൽകിക്കൊണ്ട് ലൈഫ് ട്രെയിനിങ്ങിലേക്ക് പ്രവേശനം നൽകുകയും ചെയ്തു. വിദ്യാർത്ഥികൾ എല്ലാവരും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. മാതാപിതാക്കളുടെ പ്രതിനിധികളായി ജിഹാര ഷിബു കല്ലോടി, സിമി സാബു കാരയ്ക്കാമല, തോമസ് വാഴവറ്റ എന്നിവർ സംസാരിച്ചു. ലൈഫ് പരിശീലന പഠന കളരിയെ നെഞ്ചോട് ചേർത്ത് 30 കുടുംബങ്ങൾ യൂത്ത് മിനിസ്ട്രിയോടൊപ്പം യാത്ര ആരംഭിച്ചു. 30 കുടുംബങ്ങൾക്കും, ലൈഫ് വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

ഏകദിന ധ്യാനം

2024 ജൂൺ മാസം ഒന്നാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ ദ്വാരക കൃപ ചാപ്പലിൽ വച്ച് ലൈഫ് ട്രെയിനിങ് 2018 മുതൽ 2023 വരെയുള്ള ബാച്ചുകൾക്ക് വേണ്ടി ഏകദിന ധ്യാനം സംഘടിപ്പിച്ചു. 40 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. പുതിയ അധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്ന

വിദ്യാർത്ഥികൾക്ക് കുമ്പസാരിച്ച് പ്രാർത്ഥിച്ച് ഒരുങ്ങാൻ അവസരം ലഭിച്ചു. സി. ഷാന്റി SKD ആണ് ധ്യാനം നടത്തിയത്. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ നേതൃത്വം നൽകി.

ഗൂഗിൾ മീറ്റ്

ലൈഫ് വിദ്യാർത്ഥികൾ ഞായറാഴ്ച ഒഴികെ ബാക്കി ആറു ദിനങ്ങളിലും പ്രഭാതത്തിൽ 5. 20 ന് ഗൂഗിൾ പ്ലാറ്റ്ഫോമിൽ ഒന്നിച്ചു ചേർന്ന് വചനം പങ്കുവെച്ച് പ്രാർത്ഥിച്ചു ഓരോ ദിനവും ആരംഭിക്കുന്നു. ഇത് കുട്ടികൾക്കും അവരുടെ കുടുംബത്തിനും കൃത്യമായ ഒരു ടൈംടേബിൾ ക്രമീകരിക്കുവാനും വിദ്യാർഥികളുടെ ചിട്ടയായ പരിശീലനത്തിനും സഹായകമാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും മുതിർന്ന വിദ്യാർത്ഥികളും ഇതിന് നേതൃത്വം നൽകുന്നു.

കാന്തമാൽ ഗ്രാമങ്ങളിലൂടെ

രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന ഒറീസയുടെ മണ്ണിലൂടെ ഇന്നും അവർ അനുഭവിക്കുന്ന ദുരിത പൂർണ്ണമായ ജീവിതങ്ങളെ തൊട്ടറിയുന്നതിന് വേണ്ടി യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ മിഷൻ യാത്ര സംഘടിപ്പിച്ചു. ഏഴു പേരടങ്ങുന്ന സംഘം ഗുമിക്കി ഗ്രാമം, കാന്തമാൽ ഗ്രാമം, ഏഴ് രക്തസാക്ഷികളുടെ ഗ്രാമം, ഫാദർ അരുൾ ദാസിനെ കൊലപ്പെടുത്തിയ സ്ഥലം, ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റൈൻസ് മരണപെട്ട ഇടം, തുടങ്ങിയവ സന്ദർശിച്ചു. ഫിയാത്ത് മിഷൻ സ്ഥാപകൻ സീറ്റ്ലിയുമായി കൂടികാഴ്ച നടത്തി.

സി. ആൻസി തോമസ് സി.എം.സി
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

ആത്മജ്വാല 2024

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സി. വൈ. എം നീലഗിരി മേഖലയുടെ ആതിഥേയത്വത്തിൽ കൽപ്ര സെന്റ് മേരീസ് ദേവാലയത്തിൽവച്ച് 'ആത്മജ്വാല 2024' ജാഗരണ പ്രാർത്ഥന നടത്തപ്പെട്ടു. പരിശുദ്ധ ജപമാല, ധ്യാനനിർഭരമായ വചന സന്ദേശം, ജീവിതാനുഭവ സാക്ഷ്യങ്ങൾ, ഗാഗുൽത്തായിലെ ക്രൂശിതന്റെ യാത്രയെ അനുസ്മരിക്കുന്ന കുരിശിന്റെ വഴി, ആരാധന, കുമ്പസാരം, കുർബാന എന്നിവയിലൂടെ യുവജനങ്ങൾ ആത്മജ്വാലയിൽ സജീവമായി പങ്കെടുത്തു. ആത്മജ്വാല ജാഗരണ പ്രാർത്ഥനയ്ക്ക് ബഹുമാനപ്പെട്ട ഫാ.റോബിൻസ് കുമ്പളക്കുഴി നേതൃത്വം നൽകി, കൽപ്ര ഇടവക വികാരി ഫാ.ജോർജുകുട്ടി കണിപ്പിള്ളിൽ യൂണിറ്റ് ആനിമേറ്റർ സിസ്റ്റർ ജെസ്സി മാനുവൽ എസ് എച്ച്, കൽപ്ര യൂണിറ്റ് പ്രസിഡന്റ് ജിബിൻ മടത്തിപറമ്പിലിന്റെ നേതൃത്വത്തിലുള്ള യൂണിറ്റ് സമിതി, മേഖല വൈസ് പ്രസിഡന്റ്, അഖില വഴക്കപ്പാറ, സെക്രട്ടറി ലിജിഷ പാലക്കാട്ട്കുഴിയിൽ, ട്രഷറർ ബിനു തകരപ്പിള്ളിൽ, കൽപ്ര ഇടവകയിലെ കൈക്കാരന്മാർ, കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി, അൽത്താര ശുശ്രൂഷികൾ, ഇടവക ജനങ്ങൾ. വിവിധ മേഖലകളിൽ എത്തിച്ചേർന്ന ബത്തേരി യൂണിറ്റ് അനിമേറ്റർ സിസ്റ്റർ സെബി എം.എസ്.എം.ഐ, മറ്റു സിസ്റ്റർമാർ, രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ, മാനന്തവാടി മേഖല കോർഡിനേറ്റർ നവീൻ, ബത്തേരി മേഖലാ പ്രസിഡന്റ് ആരോൺ ജൂഡ് മലിയം വീട്ടിൽ അവരോടൊപ്പം എത്തിച്ചേർന്ന ബത്തേരി, മാനന്തവാടി മേഖലകളിലെ യുവജന സുഹൃത്തുക്കൾ, മനോഹരമായ ഗാനങ്ങൾ ആലപിച്ച ഗായക സംഘം, ആദ്യവസാനം കൂടെയുണ്ടായിരുന്ന കാർലോസ് ടീം അംഗങ്ങൾ, ജാഗരണ പ്രാർത്ഥനയിൽ മുഴുവൻ സമയവും സന്നിഹിതരായിരുന്ന നീലഗിരി മേഖലയിലെയും, യൂണിറ്റുകളിലെയും യുവജനങ്ങൾ തുടങ്ങി നൂറോളം പേർ പങ്കെടുത്തു.

കർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ

വാഴ്ത്തപ്പെട്ട കാർലോ അകുീറ്റസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്നുചേർക്കുന്നതിനും ആരംഭം കുറിച്ച കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം മെയ് 26 ന് നടവയൽ മേഖലയിലെ കുറുമ്പാലക്കോട്ട യൂണിറ്റിൽ നടത്തപ്പെട്ടു.

ഊർജ്ജ 2024 ഗെയിംസ്: മാനന്തവാടി രൂപതയുടെ 'ഊർജ്ജ 2024' ഗെയിംസ് മത്സരങ്ങൾ മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. അഞ്ച് ഗെയിംസ് ഇനങ്ങൾ പൂർത്തിയാക്കിയപ്പോൾ മുള്ളൻകൊല്ലി മേഖല ഒന്നാം സ്ഥാനത്തും തരിയോട് മേഖല രണ്ടാം സ്ഥാനത്തും മാനന്തവാടി മേഖല മൂന്നാം സ്ഥാനത്തും തുടരുന്നു. മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജ് മാനേജർ ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി, ഫാ.അജയ് തേക്കിലകാട്ടിൽ, കായികമാമാങ്കത്തിന് വേദി നൽകിയ മേഖലാ ഭാരവാഹികൾ മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ, വിധിനിർണ്ണയിച്ച റെഫറിമാർ, മത്സരിക്കാനെത്തിയ മാനന്തവാടി രൂപതയുടെ മത്സരാർത്ഥികൾ, രൂപതാ സിൻഡിക്കേറ്റ്, സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ, എന്നിവർക്ക് നന്ദി.

വിജയികളായവർ: 100 മീറ്റർ ഗേൾസ്: 1st അയോണ ചീനിക്കുഴിയിൽ (മുള്ളൻകൊല്ലി), 2nd ജെസ്ലിൻ അമ്പാട്ടുപടവിൽ (തരിയോട്), 3rd എയ്ഞ്ചൽ മരിയ പയ്യനാട്ട് (നടവയൽ)

100 മീറ്റർ ബോയ്സ്: 1st തോമസ് കാരക്കാട്ടു(തരിയോട്), 2nd ജിതിൻ വേർക്ലാമ്പിൽ (മുള്ളൻകൊല്ലി), 3rd ആൽബിൻ പുളിയാർമാറ്റത്തിൽ(കല്ലോടി)

200 മീറ്റർ ഗേൾസ്: 1st ജെസ്ലിൻ അമ്പാട്ടുപടവിൽ (തരിയോട്), 2nd എയ്ഞ്ചൽമരിയ പയ്യനാട്ട് (നടവയൽ), 3rd ദിയ തോപ്പിൽ (ദ്വാരക)

200 മീറ്റർ ബോയ്സ്: 1st തോമസ് കാരക്കാട്ടു (തരിയോട്), 2nd ആശ്വാസ് ജോസഫ് തെക്കേപറമ്പിൽ (ബത്തേരി), 3 rd ഷാൻ മാത്യു (മാനന്തവാടി)

1500 മീറ്റർ ഗേൾസ്: 1st ദിയ തോപ്പിൽ (ദ്വാരക), 2nd ആന്മരിയ പുളിക്കൽ (മുള്ളൻകൊല്ലി), 3rd അനീറ്റ മുരിങ്ങമറ്റം (നടവയൽ)

1500 മീറ്റർ ബോയ്സ്: 1st ബെനറ്റ് ഊളിപ്പറമ്പിൽ (തരിയോട്), 2 nd ഷാൽബിൻ തയ്യിൽ (നടവയൽ), 3 rd എൽബിൻ മുഴുവഞ്ചേരി (പയ്യമ്പള്ളി)

3000 മീറ്റർ ഗേൾസ്: 1st ജോഷ്ന അലോപറയിൽ (കല്ലോടി), 2 nd - ജോസ്ന മഠത്തിക്കുന്നേൽ (തരിയോട്), 3 rd സാനിയ നെല്ലിക്കാട്ടിൽ (നടവയൽ)

3000 മീറ്റർ ബോയ്സ്: 1st ആൽബിൻ എബ്രഹാം (മാനന്തവാടി), 2nd അശ്വിൻ മൂങ്ങാനാനിയിൽ (ദ്വാരക), 3rd അക്ഷയ് ജോസഫ് (ബത്തേരി)

ലോങ് ജംപ് ഗേൾസ്: 1st മെറിൻ അലോപറയിൽ (കല്ലോടി), 2 nd ജോസ്ന മഠത്തിക്കുന്നേൽ (തരിയോട്), 3 rd ലെസിയ ചെരുവിൽ (മുള്ളൻകൊല്ലി)

ലോങ് ജംപ് ബോയ്സ്: 1 st മിഥുൻ അലോപറയിൽ (കല്ലോടി), 2 nd ഷാൻ മാത്യു (മാനന്തവാടി), 3 rd അലൻ വെള്ളക്കട (മുള്ളൻകൊല്ലി)

ഡിസ്കസ് ത്രോ ഗേൾസ്: 1st അനഘ ചാത്തംകണ്ടത്തിൽ (നടവയൽ), 2 nd അലീന കാരക്കാട്ടിൽ (മുള്ളൻകൊല്ലി), 3 rd സേജൽ പാണനാൽ (നീലഗിരി)

ഡിസ്കസ് ത്രോ ബോയ്സ് : 1st അബിൻ പോൾ പടിഞ്ഞാറേക്കുടിയിൽ (പയ്യമ്പള്ളി), 2nd ഫ്ലെമിന് തടത്തിൽ (നീലഗിരി), 3rd ജസ്റ്റിൻ പ്ലാച്ചേരിക്കുഴിയിൽ (ദ്വാരക)

ജാവലിൻത്രോ ഗേൾസ്: 1st അനഘ ചാത്തംകണ്ടത്തിൽ (നടവയൽ), 2 nd എയ്ഞ്ചൽമരിയ തൊട്ടിയിൽ (തരിയോട്), 3rd ലെയ ചെരുവിൽ (മുള്ളൻകൊല്ലി)

ജാവലിൻത്രോ ബോയ്സ്: 1st ആൽബിൻ പുതിയമാറ്റത്തിൽ (കല്ലോടി), 2nd ജസ്റ്റിൻ പ്ലാച്ചേരിക്കുഴിയിൽ (ദ്വാരക), 3rd ജോൺ കളപ്പുറത്തൊട്ടിയിൽ

ഷോട്ട് പുട്ട് ഗേൾസ്: 1st എയ്ഞ്ചൽ മരിയ തൊട്ടിയിൽ (തരിയോട്), 2nd ജാസ്മിൻ പ്ലാച്ചേരിക്കുഴിയിൽ (ദ്വാരക) 3rd സോനാ ജോയ് വെള്ളക്കാക്കുടി (നീലഗിരി)

ഷോട്ട് പുട്ട് ബോയ്സ്: 1st സെബാസ്റ്റ്യൻ കൊച്ചുകുളത്തിങ്കൽ (തരിയോട്), 2nd ഫ്ലെമിന് തടത്തിൽ (നീലഗിരി), 3rd അഖിൽ റോയ് പള്ളിത്താഴത് (ബത്തേരി)

ബാഡ്മിന്റൺ: 1st അതുല്യ & ഡെൽന (പയ്യമ്പള്ളി), 2 nd അലീന & ആൻഡ്രിയ (മാനന്തവാടി), 3rd അക്സ & ഗോഡ്സിയ (കല്ലോടി)

വോളിബാൾ ഗേൾസ്: 1st മുള്ളൻകൊല്ലി, 2nd കല്ലോടി

വോളിബാൾ ബോയ്സ്: 1 st മുള്ളൻകൊല്ലി, 2 nd മാനന്തവാടി, 3rd നീലഗിരി

ഫുട്ബോൾ: 1st മുള്ളൻകൊല്ലി, 2nd മാനന്തവാടി, 3rd ദ്വാരക

ഷൂട്ടൗട്ട് ഗേൾസ്: 1st മാനന്തവാടി, 2nd മുള്ളൻകൊല്ലി, 3rd കല്ലോടി

സമ്മാനകൂപ്പൺ: കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ പ്രവർത്തന ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി നടന്ന സമ്മാനക്കൂപ്പൺ നറുക്കെടുപ്പ് മെയ് 25 ന് മേരി മാതാ ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്തി.

വിജയികൾ: ഒന്നാം സമ്മാനം (25000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ) ബ്ലെസി കാട്ടടി (മണിമൂളി), രണ്ടാം സമ്മാനം (15000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ), കുര്യൻ മറ്റത്തുമാനായിൽ (പാടിച്ചിറ), മൂന്നാം സമ്മാനം (10000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ) ജെയ്സൺ പെരുമ്പാറത്താഴത്ത് (ദ്വാരക.)

ലോക പരിസ്ഥിതിദിനം ഷോർട്ട്ഫിലിം മത്സരം: 2024 ജൂൺ 5, ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപത ഷോർട്ട്ഫിലിം ''മണ്ണ്''നിർമ്മാണ മത്സരത്തിന് തുടക്കംകുറിച്ചു.

ലഹരിവിരുദ്ധ ക്യാമ്പെയിൻ Red Ribbon - Anti-Drugs Campaign'24

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ലഹരി വിരുദ്ധ ക്യാമ്പെയിൻ 'Red Ribbon-Anti-Drugs Campaign 24'ന് തുടക്കമായി. കെ .സി. വൈ. എം മാനന്തവാടി രൂപത നേതൃത്വം മാനന്തവാടി രൂപത മദ്യവിരുദ്ധ സമിതിയുമായി ചേർന്ന് നടത്തുന്ന റെഡ് റിബൺ ആന്റിഡ്രഗ്സ് ക്യാമ്പയിനിൽ ലഹരിക്കെതിരെ വിവിധ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുക. ജൂൺ ഒന്ന് മുതൽ മേഖല - യൂണിറ്റ് തലങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലഹരിയെന്ന വിപത്തിനെതിരെ പൊതുസമൂഹത്തെ ബോധവൽക്കരിക്കുകയാണ് കെ.സി.വൈ.എം ഇതിലൂടെ ലക്ഷ്യമിടുന്നത്.

ആശംസകൾ: തിരുഹൃദയ തിരുനാൾ, മാതൃദിനം, ലോക നഴ്സ് ദിനം, ലോക പരിസ്ഥിതി ദിനം തുടങ്ങിയ ദിനങ്ങളിൽ ആശംസകൾ നേർന്നു.

യാത്രാമംഗളങ്ങൾ: മേഖലാ ഡയറക്ടർമാരായി സേവനം ചെയ്തു പുതിയ ഇടങ്ങളിലേക്ക് സ്ഥലം മാറി പോകുന്ന ബഹുമാനപ്പെട്ട ഫാ. സജി പുതുക്കുളങ്ങര, ഫാ. ബിജു ഉറുമ്പിൽ, ഫാ. സിനീഷ് പുത്തൻപുരയിൽ, ഫാ. സനോജ് ചിറ്റയ്ക്കൽ, ഫാ. അജിൻ ചക്കാലയ്ക്കൽ, ഫാ. നിഖിൽ ആട്ടുക്കാരൻ, എന്നിവർക്ക് യാത്രാമംഗളങ്ങൾ. കല്ലോടി, നിലമ്പൂർ മേഖല ആനിമേറ്റർമാരായിരുന്ന സി. മേഴ്സി S.H, സി.ഷാരോൺ എം.സ്.എം.ഐ എന്നിവർക്കും, കെ.സി.വൈ.എം മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് മറ്റൊരു പ്രവർത്തന മേഖലയിലേക്ക് പ്രവേശിക്കുന്ന സി. ജിൽസ

ടോം SABS നും യാത്ര മംഗളങ്ങൾ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

സ്വാഗതം: വിവിധ മേഖലകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായ ഫാ.ജോജോ കുടക്കച്ചിറ (തരിയോട്), ഫാ. മനോജ് കക്കോനാൽ(കല്ലോടി), ഫാ.സുനിൽ മഠത്തിൽ(മണിമൂളി), ഫാ.ജോമോൻ Ocarm(പയ്യമ്പള്ളി), ഫാ.വിനോയി കളപ്പുരക്കൽ (കൽപ്പറ്റ), ഫാജോർജ്ജുക്കുട്ടി കണിപ്പിള്ളിൽ (നീലഗിരി), ഫാ ടോണി ഏലംകുന്നേൽ (ദ്വാരക), ഫാ. ജെയ്സൺ കള്ളിയാട്ട് (ബത്തേരി), ഫാ. റിജോ അരുമായിൽ അസിസ്റ്റന്റ് ഡയറ്കടർ (നടവയൽ) എന്നിവർക്ക് സ്വാഗതവും ആശംസകളും നേരുന്നു. കെ.സി.വൈ.എം മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറിയായി ചുമതല ഏൽക്കുന്ന സി.ബ്ലസ്സി SABS നും സ്വാഗതം.

ആദരാഞ്ജലികൾ: കെ. സി. വൈ. എം നടവയൽ മേഖല പ്രസിഡന്റ് നിഖിൽ ചൂടിയാങ്കലിന്റെ പിതാവ് സെബാസ്റ്റ്യൻ ചൂടിയാങ്കലിന് ആദരാഞ്ജലികൾ

ജന്മദിനാശംസകൾ: കെ. സി. വൈ. എം മാനന്തവാടി രൂപത ജനറൽ സെക്രട്ടറി ശ്രീ.റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിലിന് ജന്മദിന ആശംസകൾ

അഭിനന്ദനങ്ങൾ: ഇരിങ്ങാലക്കുട രൂപത കെ. സി. വൈ. എമ്മും കൊടകര സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസും സംയുക്തമായി ഒരുക്കിയ അഖില കേരള ഡിബേറ്റ് മത്സരത്തിലൂടെ കേരള യങ് കാത്തലിക് അവാർഡ് 2024 കരസ്ഥമാക്കിയ മാനന്തവാടി രൂപതാ അംഗം ശ്രീ. അനു പൗലോസ് (പാടിച്ചിറ), ഫൈനൽ റൗണ്ടിൽ മികച്ച പ്രകടനം കാഴ്ച വെച്ച മരിയ ജോമോൺ വലിയവീട്ടിൽ(അടക്കാത്തോട്), NAAC A+ ഗ്രേഡ് നേടിയ മേരി മാതാ ആർട്സ് & സയൻസ് കോളേജിനും അഭിനന്ദനങ്ങൾ.

മേഖല വാർത്തകൾ

മുള്ളൻകൊല്ലി മേഖല : ഊർജ്ജ 2024 ഗെയിംസ് മത്സരത്തിൽ മുള്ളൻകൊല്ലി മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനോടനുബന്ധിച്ചു വിവിധ യൂണിറ്റുകൾ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു യൂണിറ്റുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ടു.

ദ്വാരകമേഖല: പഠനോപകരണ വിതരണ പദ്ധതിയുടെ ഉദ്ഘാടനം നടത്തി. ജൂൺ 6 ന് അർദ്ധവാർഷിക സെനറ്റ് നടത്തപെട്ടു.

മാനന്തവാടി മേഖല: സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർ

ഥികൾക്ക് പഠനസഹായം നൽകുന്നതിനായി 100 രൂപ ചലഞ്ച് സംഘടിപ്പിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ഗെയിം സിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ ഒന്നാം സ്ഥാനവും, ബാഡ്മിന്റൺ, ഫുട്ബോൾ, വോളിബാൾ എന്നിവയിൽ രണ്ടാം സ്ഥാനവും ലഭിച്ചു. ലഹരിവിരുദ്ധ ക്യാമ്പയ്ൻ നടത്തി. ഇതോടനുബന്ധിച്ച് 'എന്റെ ഭൂമി എന്റെ ജീവൻ' എന്ന വിഷയത്തെ ആസ്പദമാക്കി കവിതാ രചന മത്സരം സംഘടിപ്പിച്ചു.

യൂണിറ്റ് വാർത്തകൾ

കയ്യൂന്നി യൂണിറ്റ്: രൂപത തലത്തിൽ നടത്തിയ സ്പോർട്സ് & ഗെയിംസിൽ, ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്തു. സാമ്പത്തീക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് പഠനസഹായം നൽകുന്നതി നായി മേഖലാതലത്തിൽ നടത്തിയ 50 RS. ചലഞ്ചിൽ പങ്കെടുത്തു.

തൃശ്ശിലേരി യൂണിറ്റ്: വി. യൗസേപിതാവിന്റെയും, ലോകത്തൊഴി ലാളിദിനത്തിന്റെയും പ്രാത്ഥനാശംസകൾ നേർന്നു. നേഴ്സ് ദിന ത്തോടും മാതൃദിനത്തോടും അനുബന്ധിച്ച ഇടവകയിൽ മധുരം പങ്കുവച്ചു. SSLC, PLUS TWO ഉന്നത വിജയികൾക്ക് അഭിനന്ദനങ്ങൾ അറിയിച്ചു .

പാറത്തോട്ടം യൂണിറ്റ്: ലഹരിവിരുദ്ധ ക്ലബ് രൂപികരിച്ചു. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പരിസരശുചിത്വം നടത്തി, ചെടികൾ നടുകയും ചെയ്തു.

തവിഞ്ഞാൽ യൂണിറ്റ്: രൂപത ഗെയിംസ് മത്സരത്തിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവരെ അഭിനന്ദിച്ചു. ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി യൂണിറ്റിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. പഠനത്തിനായിസാമ്പത്തിക ബുദ്ധിമുട്ട് അനുഭവി ക്കുന്ന കുഞ്ഞുങ്ങൾക്കു വേണ്ട പഠനോപകരണങ്ങൾ സമാഹരിച്ചു.

ടൗൺചർച്ച് യൂണിറ്റ്: മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ നടന്ന സ്പോർട്സ് മീറ്റ് ഗെയിംസിൽ യൂണിറ്റിൽ നിന്ന് പങ്കെടുത്തു. ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും, ഫണ്ട് സ്വരൂപണാർ ത്ഥം ന്യൂസ്പേപ്പർ, നോട്ട്ബുക്കുകൾ ഇവ ശേഖരിച്ചു വില്പന ചെയ്തു

കണിയാരം യൂണിറ്റ്: പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു 'നാളെ ക്കായി ഒരു തണൽ മരം' എന്ന സന്ദേശവുമായി ബഹു. ഫാ. അമൽ മന്ത്രിക്കൽ വൃക്ഷത്തൈനട്ടു. ബഹു. വികാരിഫാ. സോണി വാഴക്കാട്ടു ആശംസകൾ നേർന്നു സംസാരിച്ചു. പള്ളി പരിസരം വൃത്തിയാക്കി. ചെടികളുടെ ചുവടു വൃത്തിയാക്കി വളം, വേലി എന്നിവ ഇടുകയും

ചെയ്തു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച പോസ്റ്റർ നിർമാണം നടത്തി. ലഹരി വിരുദ്ധ ക്യാമ്പിന്റെ ഭാഗമായി ബഹു. ഫാ. റിൻസൺ 'ജ്വാല ക്ലബ്ബ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

തരിയോട് യൂണിറ്റ്: രൂപതയുടെ അത്ലറ്റിക് മത്സരത്തിൽ വ്യക്തിഗത ചമ്പ്യാൻഷിപ് നേടിയ തോമസ് കാരക്കാട്ടിനെ അഭിനന്ദിച്ചു. യൂണിറ്റ് പ്രസിഡന്റിന്റെ വിവാഹത്തിന് ആശംസകൾ നേർന്നു. അസി.വികാരി ഫാ. വിനോയ് കളപുരക്കലച്ചന് യാത്ര മംഗളങ്ങൾ നേർന്നു. മേഖല ജാഗരണ പ്രാർത്ഥന 'ആത്മജ്വല' യൂണിറ്റിൽ വച്ച് നടത്തുകയും യൂണിറ്റ് അംഗങ്ങൾ നേതൃത്വം നൽകുകയും ചെയ്തു.

മണിമൂളി യൂണിറ്റ്: ഇടവകയിൽ നിന്ന് മാറിപ്പോകുന്ന ഫാ. തോമസ് മണക്കുന്നേൽ,ഫാ. അരുൺ പോയികയിൽ അച്ചന്മാർക്കു യാത്രയപ്പും, പുതിയതായി നിയമിതരായിരിക്കുന്ന ഫാ.ജോസഫ് മുതിരക്കാലയിൽ, ഫാ. ജെറിൻ എന്നിവർക്ക് സ്വാഗതവും കെ.സി.വൈ . എം.ന്റെ നേതൃത്വത്തിൽ ചെയ്തു.

കൽപ്ര യൂണിറ്റ്: രൂപതയുടെ 'ഊർജ്ജ 2024' കായികോത്സവത്തിൽ പങ്കെടുത്തു.ആത്മജ്വല 2024 ജാഗരണ പ്രാത്ഥനയിൽ രൂപതയിൽനിന്നും, മേഖലയിൽനിന്നും നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

പുതുശ്ശേരിക്കടവ് യൂണിറ്റ്: മാതൃദിനത്തോടനുബന്ധിച്ച് 'സ്നേഹപൂർവ്വം അമ്മയ്ക്ക് കത്ത്' രചന മത്സരം നടത്തി. പന്തക്കുസ്ത ദിനത്തോടനുബന്ധിച്ച് ജാഗരണ പ്രാർത്ഥന നടത്തി. അന്താരാഷ്ട്ര കുടുംബദിനത്തോടനുബന്ധിച്ച് ഇടവകയിലെ നാലു മക്കളുള്ള കുടുംബങ്ങളെ ആദരിച്ചു.തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും എംബിബിഎസ് കരാസ്ഥമാക്കിയ ഇടവകയിലെ ആദ്യ മെഡിക്കൽ ഡോക്ടർ അജയ്വാഴയിലിന് അഭിനന്ദനങ്ങൾ അറിയിച്ചു.ദിവ്യകാരുണ്യ തിരുനാൾ ദിനം ദിവ്യകാരുണ്യ ആരാധന നടത്തി. മാതാവിന്റെ വണക്കമാസാസമാപന ദിനം യുവജനങ്ങൾ ജപമാലയ്ക്ക് നേതൃത്വം നൽകി. ക്ഷീര ദിന സന്ദേശം പങ്കുവെച്ചു. ANTI DRUGS CAMPAIGN - SIGNATURE CAMPAIGN ബഹു മാനപ്പെട്ട സെബാസ്റ്റ്യൻ പുത്തേലച്ചൻ ഉദ്ഘാടനം ചെയ്തു. SPECCHIO പാരിഷ് ന്യൂസ് ബുള്ളറ്റിൻ പുറത്തിറക്കി. പരിസ്ഥിതി ദിന സന്ദേശം പങ്കുവെച്ചു.

റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ
ജനറൽ സെക്രട്ടറി

കെ. സി. ബി. സി മദ്യവിരുദ്ധ സമിതി

രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്: മെയ് 28ന് ജൂൺ എട്ടിന് നടക്കാനിരിക്കുന്ന രജത ജൂബിലി ഉദ്ഘാടനത്തെക്കുറിച്ച് ആലോചിക്കുന്നതിനും മാർഗരേഖ രൂപപ്പെടുത്തുന്നതിനും എക്സിക്യൂട്ടീവ് അംഗങ്ങളുടെ യോഗം ചേർന്നു. രൂപതാ പ്രസിഡണ്ട് അധ്യക്ഷം വഹിച്ചു. രൂപതാ ഡയറക്ടർ വിഷയാവതരണം നടത്തി. അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. ജൂബിലി ആഘോഷത്തിന്റെ ഒരുക്കങ്ങൾ ജൂൺ ഏഴിന് നടത്തുന്നതിന്, എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ചുമതല നൽകി. മാർഗരേഖ തയ്യാറാക്കുവാൻ രൂപതാ ജനറൽ സെക്രട്ടറിയെ ഉത്തരവാദിത്വം ഏൽപ്പിച്ചു.

രതജ ജൂബിലി ഉദ്ഘാടന സമ്മേളനം: കെ. സി. ബി. സി മദ്യവിരുദ്ധ സമിതി, മാനന്തവാടി രൂപതാ രതജ ജൂബിലി ഉദ്ഘാടനവും ലോഗോ പ്രകാശനവും 08/06/2024 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ശ്രീമതി റീത്താ സ്റ്റാൻലിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രൂപത സഹായ മെത്രാൻ മാർ. അലക്സ് താരമംഗലം ഉദ്ഘാടനം നിർവഹിച്ചു. രൂപത സിഞ്ചെല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ സമ്മേളനത്തിന് അധ്യക്ഷം വഹിച്ചു, മാർഗ്ഗരേഖ ജനറൽ സെക്രട്ടറി ശ്രീ.മാത്യു ആര്യപ്പള്ളിക്ക് കൈമാറി. സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ ജൂബിലി കർമ്മ പദ്ധതികളെ കുറിച്ച് സംസാരിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. രാജു വലിയാറയിൽ സ്വാഗതവും ജനറൽ സെക്രട്ടറി നന്ദിയും അറിയിച്ചു. ദ്വാരക ഫോറോനാ വികാരി ഫാ. മാത്യു മൂത്തേടം, മുക്തി കോഡിനേറ്റർ ശ്രീ മാത്യു, ജ്വാല അനിമേറ്റർ സിസ്റ്റർ ജീന എസ്. എച്ച്, കെ. സി. വൈ. എം പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ, മാതൃവേദി ജോയിൻ സെക്രട്ടറി ശ്രീമതി.ബ്രില്ലി കേളങ്ങാട്ടിൽ, സമിതി മുൻ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ആശംസകൾനേർന്നു. പടമലമോചന 'AA' കൂട്ടായ്മയിലെ ശ്രീ. മതുവും ശ്രീമതി സിന്ധുവും ലഹരി വിമോചന ജീവിത സാക്ഷ്യം നൽകി. കുമാരി അയന ഒറവച്ചാലിൽ സംഗീതവും കുമാരി റ്റെസിൻ ജോഷി മിമിക്രിയും

അവതരിപ്പിച്ചു. സിസ്റ്റർ നാൻസി എഫ്. സി. സി, സി. മരീന എസ്. എച്ച്, ശ്രീ. ജോയ് പര്യാത്ത്, ശ്രീ. മനോജ് കുമാർ, ശ്രീ. തോമസ് ചക്കാല, ശ്രീമതി ലില്ലി പെരുമ്പനാനയിൽ, ശ്രീമതി മരിയ ഇഞ്ചിക്കാലായിൽ, ശ്രീ. കുര്യൻ, വിവിധ യൂണിറ്റിലെ അംഗങ്ങൾ എന്നിവർ സമ്മേളനത്തിന് ക്രമീകരണങ്ങൾ ഒരുക്കി. 130 ഓളം പേർ പങ്കെടുത്ത സമ്മേളനത്തിൽ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ലഹരി വിരുദ്ധ ക്ലബ്ബിലെ അംഗങ്ങളുടെയും 'AA' കൂട്ടായ്മയിലെ പ്രതിനിധികളുടെയും സാന്നിധ്യം നന്ദിപൂർവ്വം അനുസ്മരിക്കുന്നു. സമ്മേളനം വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

യൂണിറ്റ് സമ്മേളനങ്ങൾ

1. നടവയൽ: ജൂൺ 2 ഞായറാഴ്ച നടവയലിൽ ഉച്ചകഴിഞ്ഞ് ചേർന്ന യോഗത്തിൽ രൂപത ഡയറക്ടർ പങ്കെടുത്തു. യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു. യൂണിറ്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി.

2. ആറാട്ടുതറ: ജൂൺ 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ആറാട്ടുതറ ഇടവകയിൽ ചേർന്ന സമിതിയുടെ യോഗത്തിൽ ഇടവക വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി അച്ചൻ അധ്യക്ഷം വഹിച്ചു. ശ്രീ. മാത്യു ആര്യപ്പള്ളി സ്വാഗതവും രൂപതാ ഡയറക്ടർ പ്രോഗ്രാം വിശദീകരണവും നടത്തി. ആശംസകൾ അർപ്പിച്ചു കൊണ്ട് ശ്രീ. രാജു വലിയാറയും സിസ്റ്റർ ഡിബിനയും സംസാരിച്ചു ശ്രീ. തോമസ് ഇളപ്പുപാറ ശ്രീ. സെബാസ്റ്റ്യൻ കൊടക്കാട്ട് ശ്രീ. ഷാജി കേദാരം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ശ്രീമതി ലില്ലി പെരുമ്പനാനയിൽ നന്ദി പറഞ്ഞു.

ലഹരി വിരുദ്ധ ദൂത്: ജൂൺ 16 ഞായറാഴ്ച മരക്കടവ് ഇടവകയിൽ രൂപത ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെ ഉദ്ഘാടനവും മദ്യവിരുദ്ധ സമിതിയുടെ രജതജൂബിലി ആഘോഷവും ഇടവക വികാരി ഫാ. ജെയിംസ് ചമ്പക്കര ഉദ്ഘാടനം ചെയ്തു. മതാധ്യാപകരുടെയും ലഹരി വിരുദ്ധ ക്ലബ് അംഗങ്ങളുടെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി.

ക്ലാസുകൾ: ജൂൺ 11-ാം തീയതി വിവാഹത്തിൽ ഒരുക്കമായുള്ള കോഴ്സിലും, ജൂൺ പതിനാറാം തീയതി മുക്തി ലഹരി വിമോചന ക്യാമ്പിലും രൂപതാ ഡയറക്ടർ ക്ലാസുകൾ നയിച്ചു:

രജത ജൂബിലി ലഹരിവിരുദ്ധ ക്ലബ്ബ് പ്രവർത്തന വർഷ ഉദ്ഘാടനം :

1. ബോയ്സ് ടൗൺ: ജൂൺ രണ്ടാം തീയതി ഞായറാഴ്ച ബോയ്സ് ടൗൺ ഇടവകയിൽ രൂപത ഡയറക്ടർ ജൂബിലി വർഷ ഉദ്ഘാടനവും ജ്വാല ക്ലബ്ബ് പ്രവർത്തനവർഷവും ഉദ്ഘാടനവും നിർവഹിച്ചു. ഇടവകാരി ഫാ. ജോണി പെരുമാട്ടിക്കുന്നേൽ, മതാധ്യാപകർ, കൈക്കാരൻമാർ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

2. ചുങ്കക്കുന്ന്: ഫൊറോനാ വികാരി ഫാ. പോൾ കൂട്ടാല ജൂബിലി ജ്വാല പ്രവർത്തനം ഉദ്ഘാടനം ചെയ്തു. സഹ വികാരി ഫാ. ക്ലിന്റ് പുലിക്കുന്നേൽ ക്ലാസ്സ്നയിച്ചു. ആനിമേറ്റർ ഡോ. ഡോണിയ വാണി ശ്ശേരി നേതൃത്വം വഹിച്ചു.

3. കൽപ്ര: വികാരി ഫാ. ജോർജ് കുട്ടി പ്രോഗ്രാം ഉദ്ഘാടനം നടത്തി. പോസ്റ്റർ പ്രദർശനം, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ മതാധ്യാപകരുടെയും കുട്ടികളുടെയും ഇടവകജനത്തിന്റെയും നേതൃത്വത്തിൽ നടന്നു.

4. നിലമ്പൂർ: നിലമ്പൂർ ഫൊറോന ഇടവകയിൽ ഫാ. ജെയ്സൺ കുഴികണ്ടത്തിൽ ജൂബിലി വർഷം ഉദ്ഘാടനം നിർവഹിച്ചു. ജ്വാല ആനിമേറ്റർ ശ്രീ. ലാലിച്ചൻ തോമസ് നേതൃത്വം നൽകി. അധ്യാപകരുടെയും കുട്ടികളുടെയും സജീവ സാന്നിധ്യം ഉണ്ടായിരുന്നു.

5. ദ്വാരക: ദ്വാരക ഫൊറോന പള്ളിയിൽ ഫാ. ബാബു മുത്തേടം ജൂബിലി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ആനിമേറ്റർ സി. ജീന SH -പ്രോഗ്രാമിന് നേതൃത്വം വഹിച്ചു. അധ്യാപകരുടെയും കുട്ടികളുടെയും സാന്നിധ്യത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി.

6. വളാട്: വാളാട് സെന്റ് ജോർജ് ചർച്ചിൽ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചു. അനിമേറ്റർ ശ്രീമതി അനു വട്ടമറ്റത്തിൽ പ്രോഗ്രാം സംഘടിപ്പിക്കുവാൻ നേതൃത്വം വഹിച്ചു. കൊളാഷ് മത്സരം, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ ഉണ്ടായിരുന്നു.

7.കൊട്ടിയൂർ: വികാരി ഫാ. സജി പുഞ്ചയിൽ ജൂബിലി വർഷ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ശ്രീ. ബാബു മാറ്റത്തിൽ സെമിനാർ നയിച്ചു. അധ്യാപകർ, മാതാപിതാക്കൾ, യുവാക്കൾ, കുട്ടികൾ എന്നിവർ പങ്കെടുത്തു.

8. വലിയകൊല്ലി: വലിയ കൊല്ലി ഉണ്ണിശോ ദേവാലയത്തിൽ ലഹരി വിരുദ്ധ ദിനം ആഘോഷിച്ചു. രൂപത മിഷൻ ലീഗിന്റെ ആനിമേറ്ററായ സിസ്റ്റർ സിൽവിയ എഫ്.സി.സിയാണ് ജ്വാല ക്ലബ്ബിന്റെ ഉദ്

ഘാടനം നിർവഹിച്ചത്. പ്രധാന അധ്യാപകനായ ഐസി തോമസ് സാർ ലഹരിക്കെതിരെയുള്ള സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അധ്യാപകരും, കെസിവൈഎം, മിഷൻ ലീഗ്, ജ്വാല ക്ലബ് നേതൃത്വം വഹിച്ച സമ്മേളനത്തിൽ വികാരി ഫാദർ ജിതിൻ പീച്ചാട്ട്, ബോധവൽക്കരണ ക്ലാസ് എടുത്തു.

9. പാറത്തോട്ടം: രൂപതാ ഡയറക്ടർ പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചു ക്ലാസുകൾ നയിച്ചു. വികാരി നിതിൻ പാലക്കാട്ട് നേതൃത്വം വഹിച്ചു. മതാധ്യാപകരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യം ഉണ്ടായിരുന്നു.

അഭിനന്ദനങ്ങൾ: മാനന്തവാടി രൂപത കെസിവൈഎം സംഘടന അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 നോട് അനുബന്ധിച്ച് നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സമിതിയുടെ അഭിനന്ദനങ്ങൾ.

രാജു വലിയാറയിൽ
(രൂപതാ പ്രസിഡന്റ്)

വിവാഹ ഒരുക്ക കോഴ്സ്

ജൂൺ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 51 പേർ പങ്കെടുത്തു. ജൂലൈ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 13,14,15,16 തീയതീകളിലും, ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10,11,12,13 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

രൂപതാ വാർത്തകൾ

മാതൃവേദി

രൂപതയിലെ ഭവനങ്ങളിൽ മാതാവിന്റെ വണക്കമാസം വായിച്ചു, ജപമാല ചൊല്ലി നിയോഗം സമർപ്പിച്ചുപ്രാർത്ഥിച്ചു. തടവറയിൽകഴിയുന്നവർക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്ക് വേണ്ടി മാനന്തവാടി മേഖലയും, പ്രതിസന്ധിയുള്ള കുടുംബങ്ങൾക്ക് വേണ്ടി പയ്യമ്പള്ളി മേഖലയും ചെയിൻ റോസറി ചൊല്ലി. ലോക തൊഴിലാളി ദിനമായ മെയ് ഒന്നാം തീയതി അമ്മമാർ വിശുദ്ധ ബലിയിൽ പങ്കെടുത്ത് എല്ലാ മേഖലയിലും ജോലി ചെയ്യുന്നതൊഴിലാളികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും, രൂപതയിലെ ചില ദേവാലയങ്ങളിൽ ദിവ്യകാരുണ്യ ആരാധനയിൽ അമ്മമാർ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. മേഖലകളിൽ മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തുകയും വിജയികളെ കണ്ടെത്തുകയും ചെയ്തു. AKCC യുടെ 106-ാം ജന്മവാർഷികമായ മെയ് പത്താം തീയതി അരുവിത്തുറയിൽ വച്ച് നടന്ന പ്രതിനിധി സമ്മേളനത്തിലും മഹാറാലിയിലും രൂപത സെക്രട്ടറിപങ്കെടുത്തു. വചനം എഴുത്ത് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരെ ആലുവയിൽ വച്ച് ജൂൺ 15ന് നടന്ന മത്സരത്തിൽ പങ്കെടുപ്പിച്ചു.രൂപതാതല മത്സരത്തിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും മൈമന്റോ നൽകി ആദരിച്ചു.

മരിയൻ സിംഗിൾസ്

രൂപതാ മീറ്റിംഗ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 23.

ശാഖാ വാർത്തകൾ

പുതുശ്ശേരിക്കടവ്

വി.യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ തൊഴിലാളികളെആദരിച്ചു. നഴ്സസ്ദിനത്തിൽ നേഴ്സുമാരെ ആദരിച്ചു.കുടുംബ ദിനത്തിൽ നാലു കുടുംബങ്ങളെ സന്ദർശിച്ച് ആദരിച്ചു.പരിശുദ്ധ അമ്മയുടെ രൂപം അലങ്കരിക്കുന്ന മത്സരം നടത്തി. മാതാവിന്റെ വണക്കമാസം ചൊല്ലി ആത്മജ്വാല ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. തൊഴിലാളികൾക്ക് വേണ്ടി കരുണക്കൊന്ത ചൊല്ലി. രോഗീസന്ദർശനങ്ങൾ നടത്തി. എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷയിൽ വിജയം നേടിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ അറിയിച്ച് ആശംസകൾ നേർന്നു.

മരക്കടവ്

വണക്കമാസാചരണം നടത്തി. ശാഖ, മേഖല, വചനമെഴുത്തു മത്സരത്തിൽ പങ്കെടുത്തു. മുൻ വികാരി അച്ചനെ കാണാൻ വിയാനി ഭവൻസന്ദർശിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആശകിരണം ഡ്രസ്സ് ബാങ്കിലേക്ക് ഡ്രെസ്സുകൾ വിതരണം ചെയ്തു. നിർദ്ദന കുടുംബത്തിന് ഭാവനനിർമാണത്തിന് 10000/-നൽകി സഹായിച്ചു.

ശിശുമല

തൊഴിലാളി ദിനം, രൂപതാ ദിനം, അന്താരാഷ്ട്ര വനിതാ ദിനം, നേഴ്സസ് ഡേ,പന്തക്കുസ്താ തിരുനാൾ, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, മാതാവിന്റെ വണക്കമാസാചരണം എന്നിവ ആചരിച്ചു. കോളനി സന്ദർശനം, രോഗി സന്ദർശനം, നവോമി സംഗമം, എക്സികൃൂട്ടീവ് മീറ്റിംഗ്, ചെയിൻ റോസറി എന്നിവ നടത്തി.

കോട്ടത്തറ

തൊഴിലാളി ദിനം, രൂപത ദിനം, വണക്കമാസാചരണം, മാതാവിനെ അലങ്കരിക്കൽ എന്നിവ ആചരിച്ചു. ഭവനങ്ങളിൽ മാതാവിന്റെ വണക്കമാസാചരണം നടത്തി. രോഗി സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി. കുടുംബദിനത്തിൽ മാതാപിതാക്കളെ ആദരിച്ചു. മാതൃവേദിയുടെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി. പള്ളി വൃത്തിയാക്കി.

തോമാട്ടുചാൽ

എക്സികൃൂട്ടീവ് മീറ്റിംഗ് കൂടി. പന്തക്കുസ്താ തിരുനാൾ, സ്വർഗ്ഗാരോഹണ തിരുനാൾ, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, ദിവ്യകാരുണ്യതിരുനാൾ എന്നിവ ആചരിച്ചു. മേഖല മീറ്റിംഗിൽ പങ്കെ

ടുത്തു. മദേഴ്സ് ഡേയിൽ കെ.സി.വൈ.എം നടത്തിയ ഓൺലൈൻ ഉപന്യാസം മത്സരത്തിൽ പങ്കെടുത്തു.

വടപുറം

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഹൃദ്രോഗിയായ ഇടവകാംഗത്തെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. ഏലീശ്വാ സന്ദർശനത്തിന്റെ ഭാഗമായി രണ്ട് ഗർഭിണികളെ സന്ദർശിച്ചു. SSLC, +2 പരീക്ഷകളിൽ fullA+ നേടിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. മേഖലാതലത്തിൽ നടത്തിയ മാതാവിന്റെ ഗ്രോട്ടോ അലങ്കാര മത്സരത്തിൽ പങ്കെടുത്തു.

മാർട്ടിൻ നഗർ

വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ ചൊല്ലി കാഴ്ചവച്ചു. രണ്ടാം ചൊവ്വാഴ്ച ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യുവാൻ സഹായിച്ചു. രോഗി സന്ദർശനം നടത്തി. ദേവാലയും പരിസരവും വൃത്തിയാക്കി.

പാടിച്ചിറ

മാതാവിന്റെ വണക്കമാസം എല്ലാം വീടുകളിലും നടത്തി. നഴ്സസ് ദിനത്തിൽ റിട്ടയർ ചെയ്ത നേഴ്സ് ഏലിക്കുട്ടി വടക്കേക്കരയെ ഗിഫ്റ്റ് കൊടുത്ത് ആദരിച്ചു. കുടുംബ ദിനത്തിൽ ഇളയിടത്തുകുന്നേൽ കുടുംബത്തിലെ മാതാപിതാക്കളെ ആദരിച്ചു. 5 കുട്ടികൾക്ക് പഠനോപകരണങ്ങൾ കൊടുത്തു.

വഞ്ഞോട്

മാതാവിന്റെ വണക്കമാസം ആചരിച്ചു. ഭവന സന്ദർശനം നടത്തി. സ്ഥലം മാറിയ വികാരിയച്ചന് സ്നേഹോപഹാരം നല്കി. എക്സിക്യുട്ടീവ് യോഗം ചേർന്നു. പള്ളിപ്പരിസരത്ത് പച്ചക്കറി നട്ടു.

കൽപ്പറ്റ

29 വർഷം ഇടവകയിലെ മതബോധന രംഗത്ത്, അധ്യാപികയായും, ഹെഡ്മിസ്ട്രസ് ആയും നിസ്വാർത്ഥ സേവനം ചെയ്ത്, വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹു. കാതറിൻ ടീച്ചർക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു. നിർധനരായ വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി. രോഗീസന്ദർശനം നടത്തി. പരി. അമ്മയുടെ വണക്കമാസം വീടുകളിൽ സമുചിതമായി ആചരിച്ചു.

നിലമ്പൂർ

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കുട്ടികൾക്ക് പഠനോപകരണ

ങ്ങൾ വിതരണം ചെയ്തു. രോഗീ സന്ദർശനം നടത്തി. മാതാവിന്റെ വണക്കമാസ സമാപനത്തിൽ ജപമാല റാലി നടത്തി. വിശുദ്ധ കുർബാനയിൽ പങ്കെടുത്തു.

നെടുമ്പാല

തൊഴിലാളി ദിനത്തിൽ ഏകസ്ഥരായ തൊഴിലാളി വനിതകളെ പൊന്നാട അണിയിച്ച് സമ്മാനങ്ങൾ നൽകി ആദരിച്ചു. ഭവനങ്ങളിൽ മാതാവിന്റെ രൂപം അലങ്കരിച്ചു വണക്കമാസാചരണം നടത്തി. ഭവനസന്ദർശനം നടത്തി. രോഗിയായവർക്ക് 2000/-, 1000/-, 500/- വീതം സഹായം നൽകി.

വാളേരി

എക്സിക്യൂട്ടിവ് നടത്തി. മേഖല വാർഷികത്തിൽ പങ്കെടുത്തു. മേഖലയിലെ മികച്ച പ്രവർത്തനത്തിന് ഒന്നാംസ്ഥാനം ലഭിച്ചു. സമരിറ്റൻ ഭവൻ സന്ദർശിച്ചു. മെയ്മാസ വണക്കത്തോടനുബന്ധിച്ച്. മതാവിന്റെ രൂപം അലങ്കരിച്ച് ഫോട്ടോനൽകൽ മത്സരം നടത്തി. നല്ല പച്ചക്കറിത്തോട്ടത്തിന് സമ്മാനം നൽകി. ചെയിൻ റോസറി. സാന്താ മോനിക്ക, വചന കവചം, ഏലിശ്വ സന്ദർശനം എന്നിവ നടത്തി.

ചുങ്കക്കുന്ന്

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വണക്കമാസാചരണത്തിന്റെ ഭാഗമായി മാതൃവേദി ഗ്രൂപ്പുകളിൽ വണക്കമാസ പ്രാർത്ഥന പോസ്റ്റർ ആക്കിയിട്ടു. ശാഖ, മേഖല വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രൊവിഡൻസ് ഹോമിൽ 1500/- രൂപയുടെ സഹായം നൽകി. കിടപ്പു രോഗികളായവർക്ക് ഡയപ്പർ, യൂറിനറി ബാഗ്, പ്രോട്ടീൻ പൗഡർ എന്നിവ നൽകി സഹായിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. ആശുപത്രി സന്ദർശനം, മരണവീട് സന്ദർശനം, രോഗിസന്ദർശനം എന്നിവ നടത്തി.

സീതാമൗണ്ട്

മാതാവിന്റെ വണക്കമാസാചരണം നടത്തി.മരണ വീടു സന്ദർശിച്ചു മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾ സമർപ്പിച്ച് കരുണ കൊന്ത ചൊല്ലി.

പാലാങ്കര

വിദ്യാഭ്യാസ സഹായ നിധിയായി 5000/- രൂപ നൽകി. മേഖല എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. മേഖല വചനമെഴുത്തു മത്സരത്തിൽ പങ്കെടുത്തു.

ദ്വാരക

തൊഴിലാളി ദിനത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ രൂപത യ്ക്ക് വേണ്ടി നിയോഗം വെച്ചു കൊന്ത ചൊല്ലി. വികാരിയച്ചനോ ടൊപ്പം വൈദികരുടെ കല്ലറകൾ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി. വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ച തൊഴിലാളികളെ ആദരിച്ചു. മാതൃദിനത്തിൽ കുടുംബത്തിലെ മുതിർന്ന അമ്മയെ മക്കൾ പൂക്കൾ നൽകി ആദരിച്ചു. വീടുകളിൽ മാതാവിന്റെ വണക്കമാസം ചൊല്ലി.

കുറുമ്പാല

മാതാവിന്റെ വണക്കമാസം വീടുകളിൽ വായിച്ചു. യൂണിറ്റ് മാർഗരേഖ *കൊയ്നോനിയ 2024* പ്രകാശനം ചെയ്തു.ഇടവക വികാരിയുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുക്കുകയും ഉപഹാരം നൽകുകയും ചെയ്തു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. മാതൃദിനത്തിൽ ഇടവകയിലെ ഏറ്റവും പ്രായം കൂടിയ അമ്മയെ വീട്ടിൽ ചെന്നുകൊണ്ട് ആശംസകൾ അറിയിച്ച് കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ചു.

തവിഞ്ഞാൽ

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. രൂപത നിർദ്ദേശപ്രകാരമുള്ള ചെയിൻ റോസറി നടത്തി. മരണപ്പെട്ട കോഴാംതടത്തിൽ ബൈജുവിന്റെ ഭവനം സന്ദർശിച്ച് മൃതസം സ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. പരി. അമ്മയുടെ വണക്കമാസ പ്രാർത്ഥന നടത്തി. കുമ്പസാരകൂടിന് വേണ്ടിയുള്ള ധനസമാഹരണം നടത്തുന്നു.

പോരൂർ

പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. പരി. അമ്മ യുടെ വണക്കമാസ പ്രാർത്ഥന ഭവനങ്ങളിൽ ചൊല്ലി. രൂപതയിൽ വച്ച് നടത്തിയ തിരുവചനമെഴുത്ത് മത്സരത്തിൽ എക്സിക്യൂട്ടീവ് അംഗമായ ജിഷ ചിറമുഖം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചെയിൻ റോസറി നടത്തി.

മണിമൂളി

എക്സിക്യൂട്ടീവ് കൂടി. ബഹുമാനപ്പെട്ട തോമസ് മണക്കു ന്നേൽ അച്ചനും അസിസ്റ്റന്റ് വികാരി ബഹുമാനപ്പെട്ട അരുൺ അച്ച നും യാത്രയയപ്പ് നൽകി. പുതുതായി ചാർജെടുത്ത ബഹുമാനപ്പെട്ട ബെന്നി അച്ചനും അസിസ്റ്റന്റ് വികാരി ജെറിൻ അച്ചനും സ്വാഗതം ആശംസിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

കുഞ്ഞോം

വിവിധ നിയോഗങ്ങൾക്കായി ദിവ്യകാരുണ്യ ആരാധന, ചെയിൻ റോസറി എന്നിവ നടത്തി. മാതാവിന്റെ വണക്കം മാസം ആചരിച്ചു, രൂപം അലങ്കരിച്ചു. സാന്ത മോനിക്കാ മധ്യസ്ഥ പ്രാർത്ഥന, വചനം പറയുക എന്നിവയിൽ പങ്കുചേർന്നു. പള്ളിയും പരിസരവും വൃത്തിയാക്കി. സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ബെന്നി അച്ചന് സെന്റ് ഓഫ് നൽകി. പുതുതായി വന്ന ഫ്രാൻസിസ് അച്ചന് സ്വീകരണവും നൽകി. മരണവീട് സന്ദർശിച്ചു.

മഞ്ഞൂറ

വികാരിയച്ചന് യാത്രയയപ്പ് നൽകി. പുതിയ അച്ചനെ സ്വീകരിച്ചു. ഭവനങ്ങളിൽ തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി.

അസംപ്ഷൻ

രൂപത ദിനം ആചരിച്ചു. മാതാവിന്റെ വണക്കമാസാചരണം നടത്തി. പ്രോലൈഫ് പ്രവർത്തനം ശക്തിപെടുത്താൻ തീരുമാനിച്ചു. രോഗി സന്ദർശനം നടത്തി. വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.സ്ഥലം മാറിയ ഫാ.ജോസഫ് പരുവുമ്മേൽ അച്ചന് സ്പിരിച്ചിൽ ബൊക്ക നൽകി. പുതിയ വികാരി ഫാ.തോമസ് മണക്കുന്നേൽ അച്ചനെ സ്വീകരിച്ചു.

പ്രശാന്തഗിരി

മാതാവിന്റെ വണക്കമാസം ചൊല്ലി. തിരുവചനം എഴുത്ത് മത്സരത്തിൽ മേഖലാ രൂപതാ തലങ്ങളിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പീഡനം അനുഭവിക്കുന്ന ക്രൈസ്തവർക്ക് വേണ്ടി 3100 നന്മ നിറഞ്ഞമറിയം ചൊല്ലി. ചെയിൻ റോസറി നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

മാനന്തവാടി ടൗൺ ചർച്ച്

മാതാവിന്റെ വണക്കമാസാചരണം നടത്തി. വചനം എഴുത്ത് മൽസരത്തിൽ പങ്കെടുത്തു. അന്താരാഷ്ട്ര കുടുബദിനത്തോടനുബന്ധിച്ച് ശാഖയിൽ നടത്തിയ വൺ മിനിറ്റ് കുടുംബ പ്രാർത്ഥനയുടെ വീഡിയോ ക്ലിപ്പിൽ 2 പേർ പങ്കെടുത്തു. വികാരിയച്ചന്റെ നേതൃത്വത്തിൽ അമ്മമാർ ടൂർ പോയി. രോഗീ സന്ദർശനം, ചെയിൻ റോസറി എന്നിവ നടത്തി. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000/- രൂപ സംഭാവന നൽകി. എക്സിക്യൂട്ടിവ് കൂടി. ഏലീശ്വാ സന്ദർശനം നടത്തി.

കരിമ്പിൽ

തൊഴിലാളി ദിനത്തിൽ തൊഴിലാളികൾക്കായി പ്രാർത്ഥിച്ചു. മാതാവിന്റെ വണക്ക മാസാചരണം നടത്തി.മേഖലാ വാർഷികത്തിലും സെമിനാറിലും പങ്കെടുത്തു. കർത്താവിന്റെ സ്വർഗാരോഹണ തിരുനാൾ ആചരിച്ചു. രോഗിസന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

നടവയൽ

വചനം എഴുത്തു മത്സരത്തിൽ രൂപതയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ നൈസാ ജോർജിനെ ആദരിച്ചു. 2025 മെയ് മാസത്തിൽ ഇടവകയിൽ നടക്കുന്ന ബൈബിൾ കൺവെൻഷന് ഒരുക്കമായി ഒരു വർഷത്തെ പ്രാർത്ഥന യജ്ഞത്തിന് (മൂന്ന് നന്മ നിറഞ്ഞ മറിയം) തുടക്കം കുറിച്ചു. മാതാവിന്റെ വണക്കമാസ സമാപന ദിനത്തിൽ, വചനവൃക്ഷം ഒരുക്കി, മാതാവിന്റെ രൂപം അലങ്കരിച്ച്, വണക്കമാസ പ്രാർത്ഥന ചൊല്ലുന്ന മത്സരം നടത്തിവിജയികളെ കണ്ടെത്തി, സമ്മാനം നൽകി. എലീശ്വാ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ്, ജനറൽ ബോഡി എന്നിവകൂടി. കുടുംബ ദിനത്തിൽ നാലും അതിൽ കൂടുതലും കുഞ്ഞുങ്ങൾ ഉള്ള കുടുംബങ്ങളെ കണ്ടെത്തി ആദരിച്ചു. ഒരു നിർധന കുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് 2500/- രൂപയുടെ പഠനോപകരണങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി 500 രൂപസഹായമായിനൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

താളിപ്പാടം

എക്സിക്യൂട്ടീവ് കൂടി. തൊഴിലാളി ദിനാചരണം നടത്തി. നഴ്സസ് ദിനം ആചരിച്ചു. ഒരു നിർദ്ധന രോഗിക്ക് 1500/-രൂപ ധനസഹായം നൽകി. സ്ഥലം മാറിപ്പോകുന്ന വികാരിയച്ചന് യാത്രയയപ്പും പുതിയ വികാരിയച്ചന് സ്വീകരണവും നൽകി. രോഗീ സന്ദർശനം നടത്തി.

ഇരുളം

മേഖല ജനറൽ ബോഡിയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിന് 1500/-രൂപയും, ഭക്ഷ്യകിറ്റും നൽകി.ഭവന സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി.നേഴ്സസ് ഡേയ്ക്ക് നേഴ്സുമാരെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

കരിമാനി

തൊഴിലാളി ദിനം, കുടുംബ ദിനം എന്നിവ ആചരിച്ചു. ഭവന സന്ദർശനം നടത്തി. മാതാവിന്റെ വണക്കമാസാചരണം നടത്തി.

കുടുംബ പ്രാർത്ഥനയുടെ വൺ മിനിറ്റ് വീഡിയോ ക്ലിപ്പ് തയ്യാറാക്കി. സമരിറ്റൻ ഭവൻ സന്ദർശിച്ചു ക്ലീനിംഗിനു സഹായിച്ചു. ഏലീശ്വാ സന്ദർശനം നടത്തി. SSLC പാസ്സായവർക്ക് മെമെന്റോ നൽകി. Full A+ നേടിയ അൽന കപ്പലുമാക്കലിന് പഠന സ്കോളർഷിപ്പ് 1000/- രൂപയും മെമെന്റോയും നൽകി.

കബനിഗിരി

മാതാവിന്റെ വണക്കമാസാചരണം നടത്തി വി. യൗസേപ്പിതാവിന്റെ തിരുനാൾ, സ്വർഗ്ഗാരോപണ തിരുനാൾ, പന്തക്കുസ്ത തിരുനാൾ, പരി. ത്രിത്വത്തിന്റെ തിരുനാൾ, പ.കുർബാനയുടെ തിരുനാൾ എന്നിവ സമുചിതമായി ആചരിച്ചു. നഴ്സസ് ഡേയിൽ ഇടവകയിൽ നഴ്സുമാരെ പൂക്കൾ നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

കുറുമണി

തൊഴിലാളി ദിനത്തിൽ ഇടവകയിലെ പ്രായം കൂടിയ കർഷകനെ ആദരിച്ചു. മാതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. കുടുംബ ദിനത്തിൽ ഭവനത്തിൽ മാതാപിതാക്കളെ ആദരിച്ചു.

തലഞ്ഞി

കുടുംബ ദിനം ആചരിച്ചു. ചികിത്സാ സഹായമായി വിധവയായ യുവതിക്ക് 5000/- രൂപ നൽകി. പഠനസഹായമായി 3000/- രൂപയും നൽകി. വനിതാ കർഷകയായ മേരി മരുതനാംകുഴിയെ ആദരിച്ചു. മാതാവിനെ അലങ്കരിച്ച ഫോട്ടോകൾ മേഖലയ്ക്ക് അയച്ചു കൊടുത്തു. പാതിരിപാടം ശാഖയ്ക്ക് വേണ്ടി കരുണകൊന്ത ചൊല്ലി.

കൊട്ടിയൂർ

തൊഴിലാളി ദിനത്തിൽ തൊഴിലാളികളെ ആദരിച്ചു. മേഖലാതലത്തിൽവച്ച്നടത്തിയ വചനംഎഴുത്തുമത്സരത്തിൽ പങ്കെടുത്തു. ഒന്നാം സമ്മാനം കരസ്ഥമാക്കി. രൂപതാ തലത്തിൽ നടത്തിയ വചനംഎഴുത്ത് മത്സരത്തിൽ പങ്കെടുത്തു. മഴക്കാല ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി പള്ളിയും പരിസരവും ശുചീകരിച്ചു. മാതാവിന്റെ വണക്കമാസാചരണം നടത്തി.

ദീപ്തിഗിരി

രോഗീസന്ദർശനം നടത്തി. ദേവാലയ നിർമ്മാണ പ്രവർത്തനങ്ങളിൽ ഭക്ഷണം ഉണ്ടാക്കിക്കൊടുത്തു സഹായിക്കുന്നു. പള്ളിയും പരിസരവും വൃത്തിയാക്കി.

തേൾപ്പാറ

നഴ്സസ് ദിനത്തിൽ നേഴ്സസിന് ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ഫോട്ടോയും പേനയും കൊടുത്ത് ആദരിച്ചു. വി.ജാന്ന ബരേത്തയുടെ തിരുനാൾ ദിനത്തിൽ നാലും അതിൽ കൂടുതലും

മക്കളുള്ള അമ്മമാരെ ആദരിച്ചു. വി.ജാന്ന ബരേത്തയെക്കുറിച്ചുള്ള വീഡിയോ പ്രസന്റേഷൻ നടത്തി. രോഗീ സന്ദർശനം നടത്തി.

സ്നേഹാശംസകളോടെ,

ഫാ. ജോസഫ് പരുവുമ്മേൽ

ഫാ. ബിനു വടക്കേൽ

ലോഗോസ് 2024
ഓൺലൈൻ രജിസ്ട്രേഷൻ

2024 ലോഗോസ് രജിസ്ട്രേഷൻ ജൂൺ ഒന്നു മുതൽ ആരംഭിച്ചു. ലോഗോസ് കിസിൽ പങ്കെടുക്കുന്നവർക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ലഭ്യമല്ല. ഓരോ ഇടവക അല്ലെങ്കിൽ സെന്ററിന്റെ ചുമതലപ്പെട്ടവർ വഴിയാണ് രജിസ്ട്രേഷൻ നടത്തുക. അതിനായി ഓരോ ഇടവകയ്ക്കും ഒരു User Name ഉം Password ഉം നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സെന്റർ ഇൻചാർജിന് ലഭിച്ചിട്ടുള്ള User Name ഉം Password ഉം തന്നെയാണ് ഈ വർഷവും ഉപയോഗിക്കേണ്ടത്. അത് ഉപയോഗിച്ചു മാത്രമേ രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ ഹാൾടിക്കറ്റ്, റിസൽട്ട് എന്നിവയെല്ലാം അതിൽനിന്നു തന്നെ ലഭിക്കുന്നതായിരിക്കും. കാറ്റഗറി തിരിച്ചുള്ള എല്ലാ വിവരങ്ങളും നമുക്ക് കൺട്രോൾ പാനലിൽനിന്ന് ലഭ്യമാകും. ലോഗോസ് കിസ് വെബ്സൈറ്റിൽ (logosquiz.org) Select Diocese ലെ എന്ന ഓപ്ഷനിൽ മാനന്തവാടി രൂപത സെലക്റ്റ് ചെയ്യുക. രൂപതയുടെ പേജിൽ കയറിക്കഴിഞ്ഞാൽ രൂപതാഓഫീസ് ലോഗിൻ ചെയ്യാനുള്ള ലിങ്കും ഒരു പാരിഷ്/സെന്റർ ലോഗിൻ ചെയ്യാനുള്ള ഓപ്ഷനും ഉണ്ട്. സെന്റർലോഗിൻ ചെയ്ത് കഴിഞ്ഞാൽ ആദ്യം വരുന്ന പേജിൽ സെന്റർ ഇൻ ചാർജിന്റെ പേരും, E-mail ഉം ഫോൺ നമ്പരും കൊടുത്ത് Submit ചെയ്യുക. ഒറ്റത്തവണ മാത്രമേ ഇത്തരം വിവരങ്ങൾ കൊടുക്കേണ്ടതുള്ളൂ. ലോഗിൻ പേജിൽ നിന്നുമാണ് ആളുകളെ ചേർക്കുകയും മാറ്റുകയും ചെയ്യുന്നത്. കൺട്രോൾ പാനലിൽ നിന്നും വിശദവിവരങ്ങൾ മലയാളത്തിൽ ലഭ്യമാണ്. സംശയമുണ്ടാകുന്ന പക്ഷം രൂപതയിൽ വിളിക്കാവുന്നതാണ് (8547266096). എല്ലാ ദിവസവും രജിസ്റ്റർ ചെയ്യുന്ന വിവരങ്ങളുടെ Backup എടുത്തു സൂക്ഷിക്കുക. സെന്റർ ലോഗിനിൽ വരുന്ന നിർദേശങ്ങൾ അനുസരിച്ച് മാത്രം ചെയ്യുക. എല്ലാ ഇടവകയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ വർഷം മുതൽ രജിസ്ട്രേഷൻഫീസ് 20/-രൂപയാണ് ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ പരീക്ഷ എഴുതാവുന്നതാണ്.

Registration Steps

	Malayalam	English
1	ലോഗോസ് ക്വിസ്വെബ് സൈറ്റിൽ കയറുക (logosquiz.org)	Enter into the Website (logos quiz.org)
2	രൂപത തിഞ്ഞെടുക്കുക.	Select Diocese
3	രൂപതയുടെ പേജിൽ - രൂപത/Dioceseലെ ലോഗിൻ ചെയ്യാനുള്ള ലിങ്കും, സെന്റർ/ Centre ലോഗിനും ഉണ്ട്.	Select Centre Login
4	സെന്റർ ലോഗിനിൽ User Name ഉം Password ഉം കൊടുക്കുക	Type User Name & Password
5	സെന്റർ ഇൻ ചാർജിന്റെ പേര്, Email Id, ഫോൺ നമ്പർഎന്നിവ കൊടുക്കുക.	After Centre login give Name, Email Id and Phone number of Centre in Charge.
6	Submit ചെയ്യുക Submit	Submit

Fr. Binu Vadakkel
Director, Bible Apostolate

സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മെയ് 31 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

കൺവെൻഷൻ: ജൂൺ 01ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ച കഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. സോണി വാഴകാട്ട് അച്ചൻ വചന സന്ദേശം നൽകി. ബഹു. ജോസഫ് സാർ സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. റിറ്റി FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

കൗൺസിലിങ്: ജൂൺ 08 ശനി രാവിലെ 9.30 മുതൽ 01 മണി വരെ പൊതുകൗൺസിലിങ് ശുശ്രൂഷ നടന്നു.

ആന്തരീക സൗഖ്യ ധ്യാനം: ജൂൺ 20 മുതൽ 23 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു.

ജാഗരണ പ്രർത്ഥന: ജൂൺ 28 വെള്ളി വൈകുന്നേരം 05 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

ക്രിസ്റ്റീൻ ധ്യാനം: ജൂൺ 08, 09 ദിവസങ്ങളിൽ തൃശ്ശിലേരി ഇടവകയിൽ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ധ്യാനം നടത്തി. സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു. മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

ജൂലൈ മാസത്തിലെ താമസിച്ചുള്ള ധ്യാനം: 18 വ്യാഴം 04 മണി മുതൽ 21 ഞായർ 01 മണിവരെ For Booking: 8281132195

ഫാ. ജിന്റോ തട്ടുപറമ്പിൽ
(ഡയറക്ടർ, സിയോൻ സി. ആർ. സി – 9544606936)

വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ, നാം വിൻസെൻഷ്യൻ പ്രവർത്തകർ ലോകത്തിൽ സമാധാനം സ്ഥാപിക്കുന്നതിനായി പ്രത്യേകം വിളിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം മറ്റുള്ളവർക്ക് കാണുവാൻ കഴിയേണ്ടത് നമ്മുടെ പ്രവർത്തനങ്ങളിലൂടെയാണ്. ഞാനുണ്ടാവണമെന്നല്ല, നീയുണ്ടാവണമെന്ന ചിന്തയാണ് ഓരോ വിൻസെൻഷ്യന്റെയും ഹൃദയത്തിൽ വളരേണ്ടത്. അപരബോധം വളരണം. ഈ ബോധമാണ് ജീവന്റെ സൗന്ദര്യം. നമുക്കു ചുറ്റുമുള്ള എല്ലാറ്റിലും നന്മയുണ്ട്. പക്ഷെ നമുക്കത് കണ്ടെത്തുവാൻ കഴിയുന്നില്ല. നമ്മുടെ സഭയിൽ അടുത്ത കാലത്തായി ഉയർന്നുവരുന്ന ചില പ്രവണതകൾ നമ്മെ വേദനിപ്പിക്കുന്നവയാണ്. സഭാനേതൃത്വം എടുക്കുന്ന തീരുമാനങ്ങൾക്കെതിരെ ചിലരെങ്കിലും രംഗത്തെത്തുകയും സഭയുടെ അന്തസ്സിന് യോജിക്കാത്തവിധം ആരോപണങ്ങൾ ഉന്നയിക്കുന്നതും പതിവായിരിക്കുന്നു. സഭയെ നയിക്കുന്നവരുടെ തീരുമാനങ്ങൾ അനുസരിക്കുവാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. സഭാനേതൃത്വമെടുക്കുന്ന തീരുമാനങ്ങൾ ദൈവഹിതാനുസൃതമാണെന്ന അവബോധം നമുക്കുണ്ടാവണം. സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ളസന്മനസ്സിനായി നമുക്ക് പ്രാർത്ഥിക്കാം.സഭയിൽ ഐക്യവും ശാന്തിയും പുലരുവാനായി നമുക്ക് കൂട്ടായി പ്രാർത്ഥിക്കാം, ദൈവകൃപ നമ്മോടൊത്തുണ്ടാവട്ടെ.

സി. സി ബോർഡ് യോഗം

ജൂൺ 7ന് സി. സി ബോർഡ് യോഗം ചേർന്നു. സി. സി പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു.സി.സി. വൈസ്പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. സി. സി ജനറൽ സെക്രട്ടറി ബ്രദർ ജോസ് മാത്യു മെഴുകനാൽ പ്രവർത്തന റിപ്പോർട്ടും സി. സി ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സി. സി വാർഷികം യോഗം അവലോകനം ചെയ്തു. എ. സി, കോൺഫ്രൻസ് സന്ദർശനങ്ങൾ സമയബന്ധിതമായി നടത്തുവാൻ തീരുമാനിച്ചു.

ഓസാനംഭവൻ

ഓസാനംഭവൻ ബോർഡ് യോഗം ചേർന്നു.ചെയർമാൻ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോസ് മാത്യു മെഴുകനാൽ, ട്രഷറർ ജോർജ്ജ് പറമ്പിൽ എന്നിവർ യഥാക്രമം ഓസാനംഭവന്റെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. യോഗം ഇവ അംഗീകരിച്ചു. ഓസാനംഭവന്റെ അനുദിന പ്രവർത്തനങ്ങളിൽ വിൻസെൻഷ്യൻ പ്രവർത്തകരുടെ സജീവ സാന്നിധ്യമുണ്ടാക്കുവാൻ വേണ്ടതായ സംവിധാനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

ഓസാനം ഫാമിലിഭവൻ

ഓസാനം ഫാമിലിഭവന്റെ ഭരണസമിതിയോഗം ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്നു. സെക്രട്ടറി തങ്കച്ചൻ മേപ്പാടത്ത് പ്രവർത്തന റിപ്പോർട്ടും, ട്രഷറർ വിൻസെന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. യോഗം ഇവ അംഗീകരിച്ചു. ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും അനുദിന പ്രവർത്തനങ്ങളും യോഗം അവലോകനം ചെയ്തു.

വേർപാട്

ഓസാനം ഭവന്റെ ആരംഭത്തിനായി പ്രവർത്തിക്കുകയും, സ്വന്തം വീടും സ്ഥലവും സംഭാവനചെയ്യുകയും ചെയ്ത ജോൺ ചെല്ലിയിൽ ദൈവസന്നിധിയിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ അകാല വേർപാടിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ, ഓസാനം ഭവൻ, ഓസാനം ഫാമിലിഭവൻ എന്നിവ അനുശോചനം രേഖപ്പെടുത്തി.

സ്നേഹപൂർവം

റവ. ഫാദർ ജോജോ കുടക്കച്ചിറ

(സി. സി ആത്മീയ ഉപദേഷ്ടാവ്)

ബ്രദർ ബാബു നമ്പുടാകം

(സി. സി പ്രസിഡന്റ്)

നബാർഡ് നീരുറവ സംരക്ഷണ പദ്ധതി പ്രത്യേക ഗ്രാമസഭ നടത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് അടുത്ത 3 വർഷക്കാലം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രത്യേക ഗ്രാമസഭ നടത്തി. നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നതിനും നീർത്തട വികസന സമിതിക്ക് രൂപം നൽകുന്നതിനുമായിട്ടാണ് പ്രത്യേക ഗ്രാമസഭ നടത്തിയത്. പുലിക്കാട് പാൽ സൊസൈറ്റി ഹാളിൽ നടന്ന ഗ്രാമസഭ എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഹമ്മദ്കുട്ടി ബ്രാൻ ഉദ്ഘാടനംചെയ്തു. വാർഡ്മെമ്പർ ഷിൽസൺമാത്യു അദ്ധ്യക്ഷതവഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യ പ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർ ജോസ് പി.എ പദ്ധതി വിശദീകരണം നടത്തി. സേക്രട്ട്ഹാർട്ട് ഹയർ സെക്കറി സ്കൂൾ ദ്വാരക പ്രിൻസിപ്പൽ ഷൈമ ടി ബെന്നി, എ യു പി സ്കൂൾ ദ്വാരക ഹെഡ്മാസ്റ്റർ ഷോജി ജോസഫ്, സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ അദ്ധ്യാപകൻ പ്രിൻസ് അബ്രാഹം, എടവക ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജാസ്മിൻ എന്നിവർ സംസാരിച്ചു. പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുന്നതിന് വർക്കി കിഴക്കേപറമ്പിൽ, സിനോജ് പിലാപ്പള്ളിൽ എന്നിവർ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ആയിട്ടുള്ള 15 അംഗ നീർത്തട വികസന സമിതിക്ക് രൂപം നൽകി. ഗ്രാമസഭയിൽ വെച്ച് എസ്. എസ്. എൽ. സി, പ്ലസ് ടു, എൽ. എസ്. എസ് സ്കോളർഷിപ്പ് എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ എക്കാലവും മാതൃകാപരമായി നിലകൊള്ളുന്ന സേക്രട്ട് ഹാർട്ട് ഹയർസെക്കറി സ്കൂൾ ദ്വാരക, സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ ദ്വാരക, എ. യു. പി സ്കൂൾ ദ്വാരക എന്നീ സ്കൂളുകൾക്ക് ഉപഹാരങ്ങൾ കൈമാറി.

ടാർപോളിൻ ഷീറ്റ് വിതരണം ചെയ്തു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭാരതീയ

സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ ആദിമ ട്രൈബൽ കർഷക ഉത്പാദക സംഘങ്ങളിലെ അംഗങ്ങൾക്ക് ടാർ പോളിൻ ഷീറ്റ് സൗജന്യമായി വിതരണം ചെയ്തു. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി കാർഷിക വിളകൾ ഉയർന്ന ഗുണമേന്മയിൽ സംസ്കരിക്കുന്നതിനായിട്ടാണ് 430 ചതുരശ്ര അടി വലിപ്പവും 9000 രൂപ വിലയുമുള്ള ടാർപോളിൻ ഷീറ്റ് വിതരണം ചെയ്തത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ.സജീഷ് വി.കെ, ലിജോ തോമസ് എന്നിവർ ചേർന്ന് ടാർപോളിൻ ഷീറ്റിന്റെ വിതരണ ഉദ്ഘാടനം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം ടെക്നിക്കൽ ഓഫീസർ ബിനോയ് വി.എസ്, ആദിമ ട്രൈബൽ കർഷക ഉത്പാദക സംഘം ചെയർമാൻ ശ്രീജ സുഭാഷ്, സെക്രട്ടറി ലക്ഷ്മി വി എന്നിവർ സംസാരിച്ചു.

സജീവം പദ്ധതി സന്നദ്ധസേനക്ക് വിദഗ്ദ പരിശീലനം സംഘടിപ്പിച്ചു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സജീവം പദ്ധതിയിലെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസേന അംഗങ്ങൾക്കായി വിദഗ്ദ പരിശീലനം സംഘടിപ്പിച്ചു. ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻവിപത്തിനെതിരെ ജനകീയ മുന്നേറ്റവും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന ഒരു പദ്ധതിയാണ് സജീവം. കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള സോഷ്യൽ സർവ്വീസ് ഫോറം ആണ് സംസ്ഥാനത്ത് സജീവം പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്കൂളുകൾ, കോളേജുകൾ, സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, സ്വാശ്രയ സംഘങ്ങൾ, ആദിവാസികോളനികൾഎന്നിവകേന്ദ്രീകരിച്ചാണ് സജീവംപദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ പ്രദേശത്തെയും പ്രത്യേകിച്ച് കുട്ടികളുടെ ഇടയിൽ ലഹരി ഉപയോഗം തടയുന്നതിനായി സന്നദ്ധ

സേന എല്ലാ സോഷ്യൽ വെൽഫയർ സൊസൈറ്റികളിലും രൂപീക രിച്ചിരുന്നു. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്കാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലന പരിപാടി കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ മുഖ്യപ്രഭാഷണം നടത്തി. എക്സൈസ് വകുപ്പ് മുക്തി വിഭാഗം ട്രെയിനർ വിജേഷ് കുമാർ ക്ലാസുകൾക്ക് നേതൃത്വംനൽകി.പ്രൊജക്റ്റ് കോഡിനേറ്റർ ദീപു ജോസഫ് സംസാ രിച്ചു. റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ജിനി ഷിനു, തൃശൂർ വിമല കോളേജിലെ എം എസ് ഡബ്ലു വിദ്യാർത്ഥികളായ ദീപിക ദാസ്, കീഴെപ്പാട്ട് പ്രസീത എന്നി വർ പരിപാടിക്ക് നേതൃത്വം നൽകി.

നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എടവക ഗ്രാമപഞ്ചായത്തിലെ പുലി ക്കാട് നീർത്തട പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ മനസ്സി ലാക്കുന്നതിന് നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ നീർ ത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുലിക്കാട് ജലസേചന പദ്ധതിയുടെ കനാൽ നിർ മ്മാണം, കകരണം കൊല്ലി ചെക്ക്ഡാം തുടങ്ങിയവയുമായി ബന്ധ പ്പെട്ട പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും ഗുണഭോക്താക്കളു മായി ചർച്ച നടത്തുകയും ചെയ്തു. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, വാർഡ് മെമ്പർ ഷിൽസൺ മാത്യു, നീർത്തട കമ്മിറ്റി ഭാരവാഹികളായ വർഗ്ഗീസ് കെ.ജെ, സിനോജ് പി.ജെ എന്നിവർ നേതൃത്വം നൽകി.

ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2years) കോഴ്സിലേക്ക്

2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യൂക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

SWS മീറ്റിംഗുകൾ

ആലാറ്റിൽ, മൊതക്കര, തവിഞ്ഞാൽ, യവനാർകുളം, പോരൂർ, ജൂഡ്സ് മൗണ്ട്, ചുള്ളിയാന, വലിയകൊല്ലി, എടയൂർക്കുന്ന്, ആറാട്ടുത്തറ, മഞ്ഞൂറ, തൃശ്ശിലേരി, പയ്യമ്പള്ളി, പടമല, കമ്മന, ചെന്നലോട്, ദ്വാരക, ചെറുകാട്ടൂർ, പ്രശാന്തിഗിരി, മംഗലശേരി, കാരക്കാമല, കുറുമണി, കുഞ്ഞോം, തലപ്പുഴ, കോട്ടത്തറ, വെള്ളൂന്നി, ചുങ്കക്കുന്ന്, പാൽചുരം, പാറത്തോട്ടം, അമ്പായത്തോട്, സീതാമൗണ്ട്, പാടിച്ചിറ, പട്ടാണികൂപ്പ്, മരകാവ് എന്നീ യൂണിറ്റുകളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റി യോഗങ്ങൾ നടത്തി. ചുള്ളിയാനയിൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ അച്ചന് യാത്രയയപ്പ് നൽകി. ജൂഡ്സ് മൗണ്ടിൽ റവ. ഫാ. മനോജ് കാക്കോനാൽ അനുഗ്രഹ പ്രഭാഷണം നടത്തി.

സജീവം പദ്ധതി

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സാങ്കേതിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ലഹരിവിരുദ്ധ ബോധവത്ക്കരണ പദ്ധതിയായ സജീവം പദ്ധതിയുടെ ഭാഗമായി മരക്കടവ്, ചുങ്കക്കുന്ന്, വെള്ളൂന്നി, തൃശിലേരി, എന്നിവിടങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തി. കൂടാതെ കല്ലോടി, തൃശിലേരി എന്നിവിടങ്ങളിൽ കുട്ടികൾക്ക് വേണ്ടി അർദ്ധ ദിന ക്യാമ്പുകൾ നടത്തി. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നീ ലക്ഷ്യത്തോടെ എടത്തന, തലപ്പുഴ, കല്ലോടി, ബോയ്സ്ടൗൺ, പോരൂർ, തവിഞ്ഞാൽ, ഒണ്ടയങ്ങാടി, തൃശിലേരി എന്നിവിടങ്ങളിൽ സന്നദ്ധസേന രൂപീകരിച്ചു. തൃശിലേരി യൂണിറ്റിൽ കോ-ഓർഡിനേറ്റർ ആലീസ് സിസിലും കല്ലോടി യൂണിറ്റിൽ കോ-ഓർഡിനേറ്റർ ഷീന ആന്റണിയും കുട്ടികളുടെ ക്യാമ്പിന് നേതൃത്വം നൽകി.

ആശാകിരണം പദ്ധതി

മനുഷ്യന്റെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിച്ചിരിക്കുന്ന ക്യാൻസർ രോഗത്തെ തിരിച്ചറിയുന്നതിനും അതിന് ആവശ്യമായ ചികിത്സാ നടപടികൾ തക്ക സമയത്ത് സ്വീകരിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ, എടയൂർക്കുന്ന്, ഒണ്ടയങ്ങാടി, കോട്ടത്തറ, പുതിയിടം, പാറത്തോട്ടം, വാളേരി, കല്ലോടി എന്നീ യൂണിറ്റുകളിൽ ബോധവത്ക്കരണ സെമിനാറുകൾ നടത്തി. കൂടാതെ ആശാകിരണം പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന വസ്ത്രബാങ്കിലേക്ക് പുതിയിടം യൂണിറ്റിൽ നിന്നും വസ്ത്രങ്ങൾ സമാഹരിച്ചു.

സ്വാശ്രയ സംഘ രൂപീകരണം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ യൂണിറ്റുകളിലേക്കും പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന സ്വാശ്രയ സംഘരൂപീകരണത്തിന്റെഭാഗമായികുറുമ്പാലക്കോട്ട,കബനിഗിരി, പുതിയിടം, വരയാൽ, തലപ്പുഴ, പെരുവക എന്നിവിടങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

തുല്യ ബാധ്യതാ സംഘ രൂപീകരണം

മാനന്തവാടി, കോടഞ്ചേരി, കുപ്പാടിത്തറ എന്നിവിടങ്ങളിൽ തുല്യ ബാധ്യതാ സംഘങ്ങൾ രൂപീകരിച്ചു സോപ്പുൽപ്പന്ന നിർമ്മാണത്തിൽ പരിശീലനം നൽകി കാവുമന്ദം, കാരക്കാമല, കമ്മന, മുള്ളൻകൊല്ലി, പട്ടാണികൂപ്പ്, പുതിയിടം, വെള്ളൂന്നി, യവനാർകുളം എന്നിവിടങ്ങളിലുള്ള സ്വാശ്രയ സംഘങ്ങൾക്ക് സോപ്പുൽപ്പന്ന നിർമ്മാണത്തിൽ പരിശീലനം നൽകി.

ഫാ. ജിനോജ് പാലത്തടത്തിൽ
ഡയറക്ടർ, WSSS

ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

ഇടവകാതല സെമിനാറുകൾ

ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ മെയ് 19 ന് നടന്ന സെമിനാർ ഫാ. ജോസ് വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. പാരീഷ് കോഡിനേറ്റർ ടോമി നെടുംകൊമ്പിൽ നേതൃത്വം നൽകി ജൂൺ 16 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ നടന്ന സെമിനാർ ഫാ.ജെയ്സൺ കുഴികണ്ടത്തിൽഉദ്ഘാടനംചെയ്തു. ഫാ. അനീഷ് പുരയ്ക്കൽ, കോഡിനേറ്റർ ജോയി ചാച്ചിറ എന്നിവർ നേതൃത്വം നൽകി. രണ്ട് സ്ഥലങ്ങളിലും രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസെടുത്തു. കേളകം സെന്റ് ജോസഫ്സ് ഇടവകയിൽ നടന്ന സെമിനാർ ഫാ. കുര്യാക്കോസ് കുന്നത്ത് ഉദ് ഘാടനം ചെയ്തു. കെ. എൽ. എം രൂപതാ പ്രസിഡണ്ട് ബിജു പോൾ ക്ലാസെടുത്തു. കോഡിനേറ്റർ ജയ്സൺ വള്ളിപറമ്പിൽ നന്ദി പറഞ്ഞു. വെള്ളമുണ്ട സെന്റ് തോമസ് ഇടവകയിലെ സെമിനാർ ഫാ. ജോസ് കളപ്പുര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ക്ലാസ് നയിച്ചു. തുടർന്ന് വാർഡ് ലീഡർമാർക്കുള്ള പരിശീലനവും നടന്നു. ഇടവകയിലെ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളാണ് സംഘാടനത്തിന് നേതൃത്വം നൽകിയത്. അവരെ സ്നേഹപൂർവ്വം ഓർക്കുന്നു നന്ദി പറയുന്നു.

പാരീഷ് കോഡിനേറ്റർമാരുടെ യോഗം

കൽപ്പറ്റ ഫൊറോനയിലെ പാരീഷ് കോഡിനേറ്റർമാരുടെ യോഗം മെയ് രണ്ടിന് കൽപ്പറ്റ ഡി പോൾ പള്ളിയിൽ ചേർന്നു. ഫൊറോനവികാരി ഫാ. ജോഷി പെരിയപുറം അദ്ധ്യക്ഷതവഹിച്ചു. രൂപതാ ഡയറക്ടർ ചർച്ചകൾക്ക് നേതൃത്വം നൽകി. ഫൊറോന കോഡിനേറ്റർ ആയി ചാരിറ്റി ഇടവകയിലെ വിനീത ലെജിൻ തെരഞ്ഞെടുക്കപ്പെട്ടു. ജൂലൈ രണ്ടാം ശനിയാഴ്ച്ച വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് സംസാരിക്കാൻ ഫൊറോന തല കൺവെൻഷൻ നടത്തുവാനും എല്ലാ ഇടവകകളിൽ നിന്നും കുറഞ്ഞത് പത്ത് പേരെ വീതം പങ്കെടുപ്പിക്കുവാനും തീരുമാന മായി. ബിനു പയ്യനാട്ട് സ്വാഗതവും വിനീത ലെജിൻ നന്ദിയും പറഞ്ഞു. മണിമൂളി നിലമ്പൂർ റീജിയണൽ മീറ്റിംഗ് നിലമ്പൂർ മണിമൂളി ഫൊറോനകളിലെ കോഡിനേറ്റർമാർ പങ്കെടുത്ത

റീജിയണൽ മീറ്റിംഗ് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വെച്ച് ജൂൺ 16 ന് നടന്നു. സിഞ്ചെലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ഫൊറോന വികാരി ഫാ. ജെയ്സൺ കുഴികത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. അനീഷ് പുരയ്ക്കൽ പ്രാർത്ഥനാ ശുശ്രൂഷ നയിച്ചു. രൂപതാ ഡയറക്ടർ ചർച്ചകൾക്ക് നേതൃത്വം നൽകി. ജോയി ചാച്ചിറയെ റീജിയണൽ കോഡിനേറ്റർ ആയി തിരഞ്ഞെടുത്തു. ജൂലൈ മാസം റീജിയണൽ കൺവെൻഷൻ നടത്താനും ഇടവകകളിൽ സെമിനാർ നടത്താനും തീരുമാനിച്ചു. ബിജു കോട്ടേപറമ്പിൽ നന്ദി പറഞ്ഞു.

UTA സംസ്ഥാനതല യോഗം

കെ.എൽ.എം നേതൃത്വം നൽകുന്ന വിവിധ തൊഴിലാളി ഫോറങ്ങളുടെ സംയുക്ത വേദിയായ യു.ടി.എ (യുണൈറ്റഡ് ട്രേഡ് യൂണിയൻ അലൈൻസ്) യുടെ സംസ്ഥാനതല യോഗം എറണാകുളത്ത് നടന്നു. രൂപതയെ പ്രതിനിധീകരിച്ച് കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ പങ്കെടുത്തു. ലേബർ - ആനിമേഷൻ ട്രെയിനിംഗ് കാൾ കൂബെ ട്രെയിനിംഗ് സെന്റർ കോയമ്പത്തൂർ സംഘടിപ്പിച്ച ലേബർ- ആനിമേഷൻ ദേശീയ സെമിനാറിൽ രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിലും സി. ആനീസ് SKD യും പങ്കെടുത്തു. വിഫ് (WIF) ദേശീയ ജനറൽ അസംബ്ലി സി. ബി. സി. ഐ ലേബർ കമ്മീഷൻ നേതൃത്വം നൽകുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ(WIF) ന്റെ ദേശീയ ജനറൽ അസംബ്ലി ജൂലൈ 06 മുതൽ 09 വരെ ബാംഗ്ലൂർ എൻ ബി സി എൽ സിയിൽ വെച്ച് നടന്നു. കേരളത്തിൽ നിന്നും ഫാ.പ്രസാദ് കത്തിപറമ്പിൽ (കൊച്ചി) ബാബു തണ്ണിക്കോട്ട് (വരാപ്പുഴ) മോളി ജോബി (തൃശൂർ) സെബാസ്റ്റ്യൻ പാലംപറമ്പിൽ(മാനന്തവാടി) എന്നിവർ പങ്കെടുത്തു. അസംബ്ലിയിൽ 2024-26 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ദേശീയ വൈസ് പ്രസിഡായി മാനന്തവാടി രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ തെരഞ്ഞെടുക്കപ്പെട്ടത് ദേശീയ തലത്തിൽ നമ്മുടെ രൂപതയ്ക്ക് ലഭിച്ച അംഗീകാരമായി. ലേബർ ഫസിലിറ്റേഷൻ സെന്ററുകൾ ഓൺലൈൻ സേവനങ്ങൾക്കായി ആരംഭിച്ചു കൊണ്ടിരിക്കുന്ന KLM ലേബർ ഫസിലിറ്റേഷൻ & ഇ-നെറ്റ് ജനസേവന കേന്ദ്രം ചുള്ളിയാന ഇടവകയിൽ പ്രവർത്തനം ആരംഭിച്ചു. നിഖിൽ ജോർജ്ജ് പ്രൊപ്രൈറ്റർ ആയ കേന്ദ്രത്തിന്റെ വെഞ്ചിരിപ്പ് ചുള്ളിയാന ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ എലവനപ്പാറ നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. പാരീഷ് കോഡിനേറ്റർ ജോസഫ് പുല്ലുമാരി നേതൃത്വം നൽകി.

ക്ഷേമനിധി ആനുകൂല്യം

കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമ നിധി എന്നീ ക്ഷേമനിധികളിൽ ചേർന്ന 05 പേർക്ക് വിവാഹധന സഹായത്തിനും പ്രസവധന സഹായത്തിനും അപേക്ഷ സമർപ്പിച്ചു.

വിദ്യാഭ്യാസ സഹായം

നിർമ്മാണതൊഴിലാളിക്ഷേമനിധി, തയ്യൽതൊഴിലാളിക്ഷേമ നിധി എന്നീ ക്ഷേമനിധികളിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന 11 വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു.

സ്വാവലംബൻ പദ്ധതി

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായ 12 വ്യക്തികൾക്ക് റിട്ടയർമെന്റ് ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചു.

സെബാസ്റ്റ്യൻ പാലംപറമ്പിൽ
രൂപതാ ഡയറക്ടർ, KLM

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

1. NABARD – OFFD "Home Health Aide" Training Programme

• NABARD HHA Trainees Job Placement : നബാർഡിന്റെ സഹായത്തോടുംകൂടി NDS നടപ്പിലാക്കിയ Home Health Aide എന്ന കോഴ്സിന്റെ 30 പേരുടെ ആദ്യ ബാച്ചിലെ 7 പേർ, തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർദ്ര 3 ഹോം കെയർ സർവ്വീസസിന്റെ നേതൃത്വത്തിലുള്ള തുടർ പരിശീലനത്തിനും ജോലിക്കുമായി പോവുകയും പരിശീലനം പൂർത്തിയാക്കി, അതിൽ ഏതാനും ചിലർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ബാക്കിയുള്ളവർ ജോലിക്കായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

• **NABARD HHA Training PMRC Report:** നബാർഡിന്റെ സഹായത്തോടുംകൂടി NDS നടപ്പിലാക്കിയ Home Health Aide" എന്ന കോഴ്സിന്റെ മൂന്നാമത്തെ PMRC (Programme Monitoring and Review Committee) മീറ്റിംഗ് 10.05.2024 ന് ചേരുകയും അതിന്റെ റിപ്പോർട്ട് 13.06.2024 ന് NABRAD DDM തിരുമലൈ റാവു അവർകൾക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തു.

• **NABARD Projects Submission:** നബാർഡിന്റെ സഹായത്തോടെ നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന LEDP on Bee Keeping and CAT (Capacity Building for Adoption of Technology) for Coffee farmers എന്നീ രണ്ടു പ്രോജക്ടുകൾ തയ്യാറാക്കുകയും 13.06.2024 വ്യാഴാഴ്ച്ച NDS സ്റ്റാഫ് ജൂഡ് മാർട്ടിൻ കോയമ്പത്തൂർ NABARD ഓഫീസ് സന്ദർശിക്കുകയും പ്രോജക്ടുകൾ NABRAD DDM തിരുമലൈ റാവു അവർകൾക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തു.

2. മേഖലാ ഇവാലുവേഷൻ മീറ്റിംഗ്

2024 ജൂൺ മാസം 15-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാദർ ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. പെരിയശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടു

മാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവത രിപ്പിച്ചു. NDS-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന NABARD JLG പ്രോഗ്രാമിനെകുറിച്ച് അച്ചൻ സംസാരിച്ചു. കൂടാതെ തുടർന്നുവരുന്ന മാസങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന തേനീ ച്ചവളർത്തൽ പരിശീലന പരിപാടിയെ കുറിച്ചും, കച്ചി കർഷകർ ക്കുള്ള 3 ദിവസത്തെ ഒരു പരിശീലന പരിപാടിയെകുറിച്ചും അച്ചൻ അംഗങ്ങളെ അറിയിച്ചു. ഇതിനു പുറമേ എല്ലായൂണിറ്റുകളിലും ക്രഡിറ്റ് യൂണിയന്റെ വരവ് ചിലവ് കണക്കുകൾ കൃത്യമായി സൂക്ഷി ക്കേണ്ടതിന്റെയും, ബാങ്ക് ഇടപാടുകൾക്ക് പ്രാധാന്യം കൊടുക്കേ ണ്ടതിന്റെയും ആവശ്യകതയെകുറിച്ചും അച്ചൻ വിശദമായി ക്ലാസ് നയിച്ചു.

3. Staff Meeting

2024 മെയ് 27 ജൂൺ 06 തീയതികളിൽ രാവിലെ 9:30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റന്റ് ഡയ റക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ ജോഷി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തലേ ആഴ്ച്ചയിലെ പ്രവർ ത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് വരുന്ന ആഴ്ച്ചകളിൽ നടപ്പിലാ ക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാന ങ്ങൾ എടുക്കുകയും ചെയ്തു.

4. യൂണിറ്റ് ഓഡിറ്റിംഗ്

2023-24 സാമ്പത്തിക വർഷത്തെ ക്രഡിറ്റ് യൂണിയൻ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. ബോസ്പാറ, കൽപ്ര, വിമലഗിരി, ധർമ്മഗിരി യൂണിറ്റുകളുടെ കണക്കുകളാണ് മേഖലയുടെ നേതൃത്വത്തിൽ പരിശോധിച്ച് കണക്കുകളുടെ ക്രിത്യത ഉറപ്പുവരുത്തിയത്.

5. CEI പ്രോജക്ട്: പശുലോൺ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമു ഖ്യത്തിൽ നടപ്പിലാക്കുന്ന CEI പ്രോജക്ടിന്റെ ഭാഗമായി, നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കയ്യുന്നി, വിമലഗിരി, ധർമ്മഗിരി, ബോസ്പാറ, കൽപ്ര, പെരിയശോല യൂണിറ്റു കളിലെ 25 ക്ഷീര കർഷകർക്ക് 50000 രൂപ വീതം 16.04.2024 ന് പലിശ രഹിത ലോൺ അനുവദിച്ചു. NDS ന്റെ നേതൃത്വത്തിൽ ഈ പദ്ധതി യുടെ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിക്കുകയും, പദ്ധതിയി

ലൂടെ അവർക്ക് ലഭിച്ച ഉപകാരങ്ങളെകുറിച്ച് ചോദിച്ചറിയുകയും, പദ്ധതി നടപ്പിലാക്കിയതിന്റെ ഫോട്ടോ എടുക്കുകയും ചെയ്തു.

6. സമൃദ്ധകുടുംബം പദ്ധതി: Phase 2

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ച് സെന്ററും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരമെടുക്കപ്പെട്ട 25 പേരുടെ ഒരു മീറ്റിംഗ് 08.06.2024 ന് NDS ൽ വെച്ച് നടത്തി. ഈ പദ്ധതിയെ കുറിച്ചും, പദ്ധതിയുടെ ലക്ഷ്യങ്ങളെകുറിച്ചും NDS ഡയറക്ടർ ഫാ. ബിനോയി കെ സെബാസ്റ്റ്യൻ അംഗങ്ങളോട് സംസാരിച്ചു. തുടർന്ന് ഈ പദ്ധതിയിലൂടെ അവർക്ക് ലഭിക്കുന്ന സഹായധനം ഉപയോഗിച്ച് ഓരോരുത്തരും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വരുമാന വർദ്ധക പദ്ധതികളെകുറിച്ച് ചോദിച്ചറിഞ്ഞു. ആദ്യ ഘടുവായ 16500 രൂപയുടെ ചെക്ക് അംഗങ്ങൾക്ക് കൈമാറുകയും ചെയ്തു.

7. Tharang Animation Services and Counselling Centre

"Tharang Animation Services and Counselling Centre"ന്റെ നേതൃത്വത്തിൽ ഈ മാസം ഒരു കൗൺസിലിംഗും, 2 Follow up കളും നടത്തപ്പെട്ടു. ഇതിനുപുറമേ മെയ് 25 ന് വിമലഗിരി ദേവാലയ ഓഡിറ്റോറിയത്തിൽവെച്ച് വിശ്വാസ പരിശീലത്തിന് മുന്നോടി ആയി നടത്തിയ ഓറിയന്റേഷൻപ്രോഗ്രാമിന് ടാസ്ടീം അംഗങ്ങളായ ജോഷി താണോലിൽ, ജിതിൻ ചുക്കാട്ട്, ശ്രുതി കെ മാർട്ടിൻ എന്നിവർ നേതൃത്വം നല്കി. 60 ഓളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു.

8. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവീസ്

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നീലഗിരി റിജിയൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും, കരുണൈ ആംബുലൻസ് സർവീസിന്റെയും പ്രവർത്തനങ്ങൾ.

• പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർനങ്ങൾ

ഈ മാസം പാട്ടവയൽ, കയ്യൂന്നി പ്രദേശങ്ങളിൽ സഹായം ആവശ്യമുള്ള 10 കിടപ്പു രോഗികളെ അവരുടെ ഭവനങ്ങളിൽ എത്തി ബി.പിയും, ഷുഗറും പരിശോധിക്കുകയും, ആവശ്യമായ രോഗീ പരിചരണവും, ശുശ്രൂഷകളും നല്കുകയും ചെയ്തു.

Ambulance Service

ആംബുലൻസിന്റെ സഹായം ആവശ്യമുള്ള രോഗികൾക്ക്

പാട്ടവയലിൽ നിന്നും ബത്തേരി, കുന്നലാടി, മേപ്പാടി, ഗൂഡല്ലൂർ, ഊട്ടി എന്നീ സ്ഥലങ്ങളിലേക്ക് യാത്രാ സഹായം നൽകി, രോഗികളെ സഹായിച്ചു.

• **Evaluation Meeting**

29.05.2024 ന് അമല ആശുപത്രിയിൽവെച്ച് നീലഗിരി റീജണൽ വികാർ ബഹു. ബിജു പൊൻപാറയ്ക്കൽ അച്ചന്റെയും, NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെയും, സി. നിർമ്മല ജോസഫ് SH എന്നിവരുടെയും നേതൃത്വത്തിൽ മീറ്റിംഗ് കൂടുകയും പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും, ആംബുലൻസിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഭാവി പ്രവർത്തനങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. സി. മെർലിൻ ജോസ് SH പ്രവർത്തന റിപ്പോർട്ടും, സി. റോസ്ന ജോൺ SH കണക്കും അവതരിപ്പിക്കുകയും ചെയ്തു.

9. യൂണിറ്റ് തല പ്രവർത്തനങ്ങൾ

ബോസ്പാറ യൂണിറ്റ്: യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി, യൂണിറ്റ് ഡയറക്ടർ അനൂപ് കൊല്ലംകുന്നേലച്ചന് യാത്രയയപ്പ് നല്കി. സ്വാശ്രയ സംഘങ്ങളുടെ ഓഡിറ്റിംഗ് നടത്തി. മദർ തെരേസ, പ്രതീക്ഷ ഗ്രൂപ്പുകൾ പരിസര ശുചീകരണം നടത്തി. കൊതുക് വളരുന്നതിനെ തടയുന്നതിന് കെട്ടികിടക്കുന്ന മലിന ജലംഒഴിവാക്കി. രോഗീ സന്ദർശനം നടത്തി. മേഖലയിൽ നിന്നും ലഭിച്ച പശുലോൺ, JLG ലോണുകൾ, ആട് ലോൺ എന്നിവ കൃത്യമായി തിരിച്ചടവ് നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, ലോണുകൾ നല്കുകയും ചെയ്തു.

വിമലഗിരി യൂണിറ്റ്: യൂണിറ്റ് കമ്മിറ്റി മീറ്റിംഗും ഇവാലുവേഷൻ മീറ്റിംഗും നടത്തി. യൂണിറ്റിന്റെ ക്രഡിറ്റ് യൂണിയൻ കണക്കുകൾ ഓഡിറ്റിംഗ് ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ ചിട്ടി നടത്തുന്നു. പശു, ആട് ലോണുകളുടെ തിരിച്ചടവ് കൃത്യമായി നടത്തി. ആനത്താര പദ്ധതിക്കെതിരെ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ പ്രതിഷേധം നടത്തി. യൂണിറ്റിന്റെ വാർഷികം നടത്തി. ചൈതന്യ എന്ന പേരിൽ പുതിയ ഒരു സ്വാശ്രയസംഘത്തിന് രൂപം നൽകി. ക്രഡിറ്റ് യൂണിയൻ ഇൻ ചാർജ് അഖില തോമസിന് യാത്രയയപ്പ് നൽകി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തി. ക്രഡിറ്റ് യൂണിയനിൽ പുതിയ അംഗങ്ങൾക്ക് അംഗത്വം നല്കി.

ധർമ്മഗിരിയൂണിറ്റ്: യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗ്, വാർഷിക സമ്മേളനം എന്നിവ നടത്തി. ക്രഡിറ്റ് യൂണിയനിൽ

നിക്ഷേപം സ്വീകരിക്കുകയും, ലോൺ വിതരണം നടത്തുകയും ചെയ്തു. പുതിയതായി കടന്നുവന്ന ആനിമേറ്റർ സി. സാന്ദ്ര, സെക്രട്ടറി ശ്രീമതി ലിറ്റി എന്നിവർക്ക് സ്വാഗതം ആശംസിച്ചു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സഹായം സംഭരിക്കുകയും, പൊതു ഇടങ്ങൾ വൃത്തിയാക്കുകയും ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ 2 ചിട്ടി നടത്തി വരുന്നു.

കയ്യൂന്നി യൂണിറ്റ്: യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗ്, വാർഷിക സമ്മേളനം എന്നിവ നടത്തി. വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സഹായം നല്കി. പോത്തുകൊല്ലി പ്രദേശത്ത് ജലവിതരണ പൈപ്പ് പൊട്ടിയത് നന്നാക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിൽ പരാതി നല്കുകയും, പഞ്ചായത്ത് ഇടപെട്ട് അത് പുനസ്ഥാപിക്കുകയും ചെയ്തു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ നട്ടു. ആട് ലോൺ, പശു ലോൺ എന്നിവയുടെ തിരിച്ചടവ് നടത്തി. യൂണിറ്റിൽ 10,+2 പരീക്ഷയിൽ ഉന്നത വിജയംകരസ്ഥമാക്കിയവരെ ആദരിച്ചു. വിവിധ സ്വാശ്രയ സംഘാങ്ങളുടെ നേതൃത്വത്തിൽ ഗ്രാമ സഭയിൽ പങ്കെടുത്തു. മേഖലാ വാർഷികത്തിൽ 12 അംഗങ്ങൾ പങ്കെടുത്തു.

കൽപ്ര യൂണിറ്റ്: യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗ്, വാർഷിക സമ്മേളനം എന്നിവ നടത്തി. മേഖലാ വാർഷികത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, ലോൺ വിതരണം നടത്തുകയും ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ ചിട്ടി നടത്തി വരുന്നു. PMEGP ലോൺ ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ജൂൺ 5, 12 എന്നീ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സി.ഒ മീറ്റിംഗിൽ സംസാരിച്ചു. എല്ലാ വീടുകളിലും പച്ചക്കറി നട്ട് പരിപാലിക്കുന്നു. രോഗീ സന്ദർശനം നടത്തി സഹായം നല്കി. യൂണിറ്റ് കമ്മറ്റി ഊട്ടിയിലേക്ക് യാത്ര പോയി.

ഫാ. ബിനോയി കെ സെബാസ്റ്റ്യൻ
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി 2024-27 വർഷത്തെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി.

മാനന്തവാടി രൂപതാ സമിതി

രൂപതാ പ്രസിഡണ്ടായി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ, ട്രഷറർ ആയി ശ്രീ. സജി ഫിലിപ്പ് എന്നിവരും, ശ്രീ. സാജു കെ പി ഗ്ലോബൽ പ്രതിനിധിയായും,വൈസ് പ്രസിഡണ്ട് മാരായി ശ്രീ. റെനിൽ കഴുതാടിയിൽ, ശ്രീ. സാജു പുലിക്കോട്ടിൽ, ശ്രീ. തോമസ് പാഴുക്കാല, ശ്രീമതി അന്നക്കുട്ടി, അഡ്വ. ഗ്ലാഡിസ് ചെറിയാൻ എന്നിവരും, എക്സിക്യൂട്ടീവ് അംഗങ്ങളായി ശ്രീ.ജോർജ് കൊച്ചുകുളത്തിങ്കൽ, ശ്രീ. റോബി സാർ, ശ്രീ. ജിജോ മംഗലത്ത്, ശ്രീ. ബെന്നി അരിഞ്ചേർമല, ശ്രീ. ജിൽസ് മേക്കൽ, ശ്രീ. സി. പി. ജോയ്, ശ്രീ. ബെന്നി വെട്ടിക്കൽ, ശ്രീമതി ബീന കരിമാംകുന്നേൽ, ശ്രീമതി മസീന തോട്ടത്തിൽ, ശ്രീ. തോമസ് പട്ടമന ശ്രീ. അനീഷ് ചെറുകാട്ട് എന്നിവരും മീഡിയ കോഡിനേറ്ററായി ശ്രീ. ഷാജി എടപ്പെട്ടിയെയും തിരഞ്ഞെടുത്തു.

ഫൊറോനാ സമിതികൾ

മാനന്തവാടി ഫൊറോന

റോബി തണിക്കുന്നേൽ പ്രസിഡന്റ്, സെബാസ്റ്റ്യൻ വയലിൽ പുളിയാനിക്കൽ സെക്രട്ടറി, ജോയ് പാറപ്പള്ളി ട്രഷറർ, എൽസി വൈസ് പ്രസിഡന്റ്, ബിന്ദു സജി വൈസ് പ്രസിഡണ്ട്, ആന്റണി വൈസ് പ്രസിഡന്റ്, ജോസ് വൈസ് പ്രസിഡന്റ്, എക്സിക്യൂട്ടീവ് മെമ്പേഴ്സ് ജോസ് കിഴക്കേടത്ത്, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീ.ജോർജ്, ശ്രിമതി. ഷീബ തെക്കിലക്കാട്, ശ്രീ. മാത്യു മേച്ചേരി, ശ്രീ. ജിജി കുന്നത്തേട്, ശ്രീ. പോൾ, ശ്രീ. ജോൺസൺ, ശ്രീമതി. ജെറ്റി ടീച്ചർ, ശ്രീ. ജോസ് കറുത്തേടം.

തരിയോട് ഫൊറോന

മാത്യു ചാമ്പാല പ്രസിഡന്റ്, ജോസഫ് കെ വൈസ് പ്രസിഡന്റ്, ജീനാ സുനിൽ വൈസ് പ്രസിഡന്റ് ആന്റണി പാറയിൽ സെക്രട്ടറി, സെലിൻ മേപ്പടം ട്രഷറർ.

എക്സിക്യൂട്ടീവ് മെമ്പേഴ്സ്

ജോർജ് കെവി, ആലീസ്, ലിജോൺ മക്കയിൽ, സണ്ണി മേച്ചേരി, ഗ്രേസി, സാജൻ, ജിക്ക്, ജോർജ്, ഫ്രാൻസിസ്, ജോഷി, ജോർജ്, ജോസഫ്, വക്കച്ചൻ, ഏലിയാമ്മ, റോബിസ

മുള്ളൻകൊല്ലി മേഖല

പ്രസിഡന്റ് സുനിൽ പാലമറ്റം, സെക്രട്ടറി ജോർജ് കൊല്ലിയിൽ, വൈ. പ്രസിഡന്റ് ബീന ജോസ് കരുമാംകുന്നേൽ, സജി നമ്പുടാകം ട്രഷറർ ബ്രിജേഷ് കാട്ടാം കോട്ടിൽ

എക്സിക്യൂട്ടീവ് അംഗങ്ങൾ

റോമിയോ സേവ്യർ, ഷാജി പുൽപ്പാറ, സി.പി ജോയി, ജോസ് പള്ളത്ത്, ജോണി കാഞ്ഞൂക്കാരൻ, ടോമി വണ്ടന്നൂർ, നവീൻ വേങ്ങച്ചുവട്ടിൽ, ജോമെറ്റ് വാദ്ധ്യത്ത്, ഷീന വടക്കേടത്ത്, ഷിജി അമരികാട്ട്, ഷിനു കച്ചിറയിൽ, റോയി KG, ജോസ് നെല്ലേടം.

മണിമൂളി മേഖല

പ്രസിഡണ്ട് ശ്രീ.സണ്ണി ചാലിൽ സെക്രട്ടറി ശ്രീ.ജോഷി ജോർജ് വൈസ് പ്രസിഡണ്ടുമാർ ശ്രീ.ഷിനോജ്, ശ്രീമതി.എമിലി, ജോയിൻ സെക്രട്ടറി ശ്രീ. അനിൽ, ശ്രീമതി. റോസമ്മ, ട്രഷറർ ശ്രീ. ജോസഫ്, യൂത്ത് കോഡിനേറ്റർ ഡിനോജ് ജോസഫ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ബത്തേരി മേഖല

പ്രസിഡന്റ് ശ്രീ. ഡേവി മാങ്കുഴ, വൈസ് പ്രസിഡന്റ് ശ്രീ സെബാസ്റ്റ്യൻ ചക്കാലക്കൽ, ശ്രീമതി. സ്മിത സേവ്യർ അടവിച്ചിറ, സെക്രട്ടറി ശ്രീ ചാൾസ് തോമസ് വടാശ്ശേരി, ട്രഷറർ ശ്രീ ജോഷി കാരക്കുന്നേൽ.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

ശ്രീ അജി തോമസ് കുന്നത്ത്, ശ്രീ. മാത്യു കരിമാംകുളം, ശ്രീ.സജി ജോസഫ് മുതിരക്കാലായിൽ, ശ്രീ. ജോൺ പൂവന്നത്തറ, ശ്രീ. ജോയ് പുളിക്കൽ, ശ്രീമതി ഫിലോമിന മുതുക്കുളം, ശ്രീ. തോമസ് പുല വേലിൽ, ശ്രീ. തോമസ് വളയംപള്ളി, ശ്രീ. ചെറിയാൻ ആലുങ്കൽ, ശ്രീ. തോമസ് ചേലയ്ക്കൽ, ശ്രീ. ബാബു കുന്നുംപുറത്ത്, ശ്രീ. ജേക്കബ് മുക്കത്ത്, ശ്രീ. സാജു പുലിക്കോട്ടിൽ, ശ്രീ. ജോർജ് കൊടിയംപ്ലാക്കൽ, ശ്രീ. ജിൻസ് കൊടിയംപ്ലാക്കൽ, ശ്രീ. തോമസ് പട്ടമന, ശ്രീമതി മോളി മാമൂട്ടിൽ.

ദ്വാരക മേഖല

പ്രസിഡന്റ് ജിജോ മംഗലം, സെക്രട്ടറി: ഷാജി പുലക്കുടിയിൽ,

ട്രഷറർ : ജോസഫ് പുല്ലുമാരി, വൈസ് പ്രസിഡന്റ്, ജോൺസൺ ഇലവുങ്കൽ, മെസീന മാത്യു തോട്ടത്തിൽ.

എക്സിക്യൂട്ടീവ് അംഗങ്ങൾ

തോമസ് വന്മേലിൽ, ജോസ് വല്ലപറയിൽ, ജോർജ് സി. പി, ജോസ് എടാട്ടേൽ, റോയ് മുണ്ടങ്ങാട്ടിൽ, ഷാജി കാവും പുറത്ത്, ആൻ ഡ്രൂസ് ഏറത്ത്, ഷിജു മരുതുകല്ലിങ്കൽ, ജോണി കൈതക്കൽ, റെജിമോൻ പുന്നോലിൽ, ജിജോയ് പാലക്കാതടത്തിൽ, ബിജി തെങ്ങും തോട്ടം, റെനിൽ കഴുതാടി, ജിൻസി കീഴേത്ത്, ബിജി ജിൽസ് കുഞ്ഞിപടവിൽ, റോജ പുത്തേൽ.

കൽപറ്റ മേഖല

സജിഫിലിപ്പ്(പ്രസിഡണ്ട്), ജോൺസൺ കുറ്റിക്കാട്ടിൽ(സെക്രട്ടറി), പ്രകാശ് കുന്നത്തുമാക്കൽ (ട്രഷറർ), ഷിബിൻ റോയ് കാഞ്ഞിരത്തിങ്കൽ (വൈസ് പ്രസിഡണ്ട്), ബെറ്റി തോമസ് തൊട്ടിയിൽ (വൈസ് പ്രസിഡണ്ട്)

എക്സിക്യൂട്ടീവ് അംഗങ്ങൾ

ഷാജി ജോസഫ് (ഒലിവ്മല), ജോസ് കാരിക്കൽ (ചാരിറ്റി), സിറിയക് തെക്കേച്ചാൽ (തേനേരി), പ്രദീപ് വടക്കനോലിക്കൽ (വാഴവറ്റ), തങ്കച്ചൻ പയ്യപ്പള്ളി (എടപ്പട്ടി)

എക്സിക്യൂട്ടീവ് അംഗങ്ങൾ

ഷാജി ജോസഫ് (ഒലിവ്മല), ജോസ് കാരിക്കൽ (ചാരിറ്റി), സിറിയക് തെക്കേച്ചാൽ (തേനേരി), പ്രദീപ് വടക്കനോലിക്കൽ (വാഴവറ്റ), തങ്കച്ചൻ പയ്യപ്പള്ളി (എടപ്പട്ടി), ഷാജി മാത്യു(ചൂരൽമല) ടി. ജെ കുര്യൻ (തൃക്കൈയ്പറ്റ).

നടവയൽ മേഖല

പ്രസിഡണ്ട് വിൻസെന്റ് ചേരുവേലിൽ നടവയൽ, സെക്രട്ടറി സജി ഇരട്ട മുണ്ടക്കൽ നടവയൽ, ട്രഷറർ ജോസ് മടത്തി കുന്നേൽ.

കല്ലുവയൽ

വൈസ് പ്രസിഡണ്ട്മാർ

സൈമൺ ആനപ്പാറ നെയ്കുപ്പ, ലൗലി ജോസഫ് ഇല്ലിക്കൽ വാളവയൽ.

എക്സിക്യൂട്ടീവ് അംഗങ്ങൾ

ജോസ് ഇടിയപ്പാറ കേണിച്ചിറ, തങ്കച്ചൻ പനയ്ക്കൽ കുറുമ്പാല ക്കോട്ട, ബെന്നി തറപ്പേൽ അരിഞ്ചേർമല, ജെയിംസ് തൈപ്പറമ്പിൽ പനമരം, ബിനു മണിമല ചെറുകാട്ടൂർ, അനൂപ് കുഴിക്കാട്ടിൽ നെയ്ക്കുപ്പ, മേരി വണ്ടനാനിക്കൽ വാളവയൽ, സാബു

നിരപ്പേൽ നടവയൽ, ഷേർലി വലിയവീട്ടിൽ കല്ലുവയൽ മനോജ് കണിയാമ്പറ്റ, ജിനു പർളിക്കുന്ന്.

പ്രവർത്തനവർഷ പദ്ധതി രൂപീകരണ യോഗം

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ നയ രൂപീകരണവും, 2024-25 വർഷത്തെ കർമ്മപദ്ധതി രൂപീകരണ വുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കത്തോ ലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ പ്രവർത്തക സമിതിയുടെ യോഗം 8/6/ 2024 ശനിയാഴ്ച 2 pm മുതൽ 6 pm വരെ പനമരം പള്ളി ഹാളിൽ ചേർന്നു. നയപരമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഫൊറോനാ വികാരിമാരെയും മേഖലാ ഡയറക്ടർമാരെയും സന്ദർശിച്ചു

പുതിയതായി രൂപത സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആളുകൾ രൂപത ഡയറക്ടർ ബഹുമാനപ്പെട്ട ജോബി മുക്കാട്ട്കാവു ങ്കൽ അച്ചനോടൊപ്പം പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ തുടങ്ങിയവർ ഫെറോന വികാരി , ഫെറോന ഡയറക്ടർ എന്നിവരെ നേരിൽകണ്ട് ആശയങ്ങൾ പങ്കുവയ്ക്കുകയും സന്ദർശനം നടത്തു കയും ചെയ്തു.

കൽപ്പറ്റ ലീഡ് ബാങ്കിന് മുമ്പിൽ പ്രതിഷേധ ധർണ്ണ

വയനാട്ടിലെ പാവപ്പെട്ട കർഷകർ നേരിടുന്ന ജപ്തി നടപ ടികൾക്കെതിരെ കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത സമിതിയുടെ നേതൃത്വത്തിൽ നൂറുകണക്കിന് ആളുകളെ പങ്കെടു പ്പിച്ചുകൊണ്ട് കൽപ്പറ്റ കാനറാ ബാങ്കിന് മുന്നിൽ പ്രതിഷേധ ധർണ നടത്തി. രൂപത വൈസ് പ്രസിഡന്റ് ശ്രീ. റെനിൽ കഴുതാടി അധ്യക്ഷ നായ യോഗത്തിൽ, രൂപത പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴു ത്തുങ്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു രൂപതാ ഡയറക്ടർ റവ. ഫാ.ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. വിവിധ ഇടവകകളിൽ നിന്നും നൂറുകണക്കിന് ആളുകൾ ഈ പ്രതിഷേധ ധർണ്ണയിൽ പങ്കെടുത്തു. രൂപതാ പ്രവർത്തകർ സമിതി അംഗ ങ്ങളുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും നിറ സാന്നിധ്യം ഉണ്ടായിരുന്നു.

സെബാസ്റ്റ്യൻ പുരയ്ക്കൽ
ജനറൽ സെക്രട്ടറി

ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറു കിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപ ണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാ ക്കുന്ന ജൈവ കൃഷിസാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS-Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA- 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

പദ്ധതിയിൽ അംഗത്വം

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്ന ങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ് .പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപ ര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷി യിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെ യർട്രേഡ് സംവിധാനം, റയിൻഫോറൊഅലയൻസ് സർട്ടിഫി ക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവര ങ്ങൾ ശേഖരിക്കുകയും ചെയ്തു.

ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാ

ക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായിനടത്തുന്നഇന്റെർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്. വൊഫ, കഫെ സംഘടനകളുടെ ഗവേർണിംഗ് ബോഡി യോഗം നടന്നു മെയ് മാസം 20, 21 തീയ്യതികളിലായി യഥാക്രമം കഫെ, വൊഫ എന്നീ സംഘടനകളുടെ ഗവേർണിംഗ് ബോഡി യോഗം ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് നടന്നു. ചെയർമാൻ ഫാ.ബിനു പൈനുങ്കൽ അധ്യക്ഷനായ കഫെ യോഗത്തിൽ സംഘടനയുടെ 2023 -24 വർഷത്തെ വരവ് ചെലവ് കണക്കുകളും 2024-25 വർഷത്തെ ബജറ്റും സെക്രെട്ടറി ശ്രീ. കുര്യച്ചൻ സി വി അവതരിപ്പിച്ചു. 2024 ജൂൺ 11 ന് സംഘടനയുടെ വാർഷിക പൊതുയോഗം നടത്താൻ തീരുമാനിക്കുകയും ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. ബോർഡ് മെമ്പർ ശ്രീ. സന്തോഷ്കുമാറിന്റെകൃതജ്ഞതയോടെയോഗംപിരിഞ്ഞു. വൊഫ യോഗത്തിൽ സെക്രെട്ടറി ശ്രീ.സുനിൽ പാലമറ്റം സ്വാഗതമാശംസിക്കുകയും ചെയർമാൻ അഡ്വ.ഫാ.ജോൺ ചൂരപ്പുഴയിൽ അധ്യക്ഷതവഹിക്കുകയും ചെയ്തു. സംഘടനയുടെ വാർഷിക പൊതുയോഗം ജൂൺ മാസം 14 നു WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു. വഫായുടെ ഫെയർട്രേഡ് സർട്ടിഫിക്കേഷൻ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുകയും അംഗങ്ങൾ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. മുഴുവൻ അംഗങ്ങളും പങ്കെടുത്ത യോഗം വൈസ് ചെയർമാൻ ശ്രീ. മുരളീധരൻ പി. കെ. യുടെ നന്ദിയോടെ അവസാനിച്ചു.

NPOP ഓഡിറ്റ് പൂർത്തീകരിച്ചു.

ജൈവ ഉത്പ്പന്നങ്ങളായി വിപണനം നടത്തുന്നതിന് ഇന്ത്യൻ ഗവൺമെന്റ് മാനദണ്ഡമായി നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ പ്രകാരമുള്ള സർട്ടിഫിക്കേഷൻ പുതുക്കൽ ഓഡിറ്റ് 04 ICS കളിൽ കൂടി പൂർത്തീകരിച്ചു. സോക്കയിൽ നിന്നും ശ്രീ.ദിപേഷ്, ശ്രീ. സുർജിത് കുമാർഎന്നിവർ ഓഡിറ്റുകൾക്ക് നേതൃത്വം നൽകി.

സെമിനാറുകൾ സംഘടിപ്പിച്ചു

കഫേ സംഘടനയിൽ ഉൾപ്പെടുന്ന കർഷർക്കായി ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. ബയോവിൻ ചെയർമാൻ അഡ്വ.

ഫാ. ജോൺ ചൂരപ്പുഴയിൽ, കഫേ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഷാജി ജോസ്, ശ്രീ. ജോജോ ജോസഫ്, ശ്രീ. ക്രിസ്റ്റി ബെന്നി എന്നിവർ സെമിനാറുകൾ നയിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീ.അനു ജോൺ, ശ്രീമതി.സ്വപ്ന, ശ്രീമതി. പ്രജിത, ശ്രീമതി. ഷീബ ഷിജു, ശ്രീമതി. ടിന്റു ബിനു, ശ്രീ. മനു എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും കർഷകരെ ഏകോപിപ്പിക്കുകയും ചെയ്തു. ചെറുകാട്ടൂർ, കല്ലുവയൽ, ചേലൂർ, പനവല്ലി, മൊതക്കര, പയ്യമ്പള്ളി, നെല്ലാക്കോട്ട, ചേരങ്കോട്, കാട്ടിമൂല, തവിഞ്ഞാൽ, കല്ലോടി, പേരിയ, നിരവിൽപുഴ, പുതുശ്ശേരി, കൊമ്മയാട്, തൃശ്ശിലേരി, അമ്പലമൂല, കയ്യൂന്നി, കൊറ്റാട്, കുന്നലാടി, അഞ്ചുകുന്ന്, മലങ്കര, കമ്മന, തോണിച്ചാൽ, മാനന്തവാടി, പടമല, ഗുഡല്ലൂർ, ധർമഗിരി എന്നിവിടങ്ങളിൽ വച്ച് നടന്ന സെമിനാറുകളിൽ 3000ത്തോളം കർഷകർ പങ്കെടുത്തു. കഫെ വാർഷിക പൊതുയോഗം നടന്നു 2024 ജൂൺ 11 നു WSSS ഓഡിറ്റോറിയത്തിൽ വച്ച് കഫെ (കേരള അഗ്രോ ഫൗഡേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ്) യുടെ വാർഷിക പൊതുയോഗം നടന്നു. സംഘടനാ വൈസ് ചെയർമാൻ ശ്രീമതി സെലീനാമ്മ സ്വാഗതം ആശംസിച്ചു. ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗം ബയോവിൻ ചെയർമാനും, കഫെ ഉപദേഷ്ടാവുമായ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവഹിച്ചു. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും, 2024-25 വർഷത്തെ ബജറ്റും സെക്രട്ടറി ശ്രീ. കുരിയാച്ചൻ സി.വി അവതരിപ്പിക്കുകയും യോഗം വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു. 48 /66 അംഗങ്ങൾ പങ്കെടുത്ത യോഗം ഫെയർട്രേഡ് സർട്ടിഫിക്കേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാക്കണമെന്ന് ആവശ്യപ്പെടുകയും ജീവനക്കാരെ വിവരം ധരിപ്പിക്കുകയും ചെയ്തു. മറ്റ് ആവശ്യമായ ചർച്ചകൾക്ക് ശേഷം ശ്രീ. കുര്യച്ചൻ സി വിയുടെ നന്ദിയോടെ യോഗം പിരിഞ്ഞു.

വേപ്പിൻ പിണ്ണാക് വിതരണം ചെയ്തു

കഫെ സംഘടനയിൽ ഉൾപ്പെട്ട കർഷകർക്കായി വേപ്പിൻ പിണ്ണാക്ക് വിതരണം നടന്നുവരുന്നു, കർഷകരുടെ കൃഷിയിട വ്യാപ്തിക്ക് ആനുപാതികമായാണ് വിതരണം ചെയ്യുന്നത്. മാനന്തവാടി, പനമരം, എടവക, തിരുനെല്ലി, വെള്ളമുണ്ട, തവിഞ്ഞാൽ, ശ്രീമധുര, ഓവാലി, നെല്ലിയാളം, നെല്ലാക്കോട്ട, ചേരങ്കോട്, ഗുഡല്ലൂർ, നടുവട്ടം,

ദേവർഷോല എന്നീ പഞ്ചായത്തുകളിലെ വിതരണം ഇതിനോടകം പൂർത്തീകരിച്ചു.

സംഭരണം

മെയ് മാസം കർഷകരിൽ നിന്നും 375874 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 223 രൂപ നിരക്കിൽ സംഭരിച്ചു.

ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ
ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

സ്വനിക 2024

റേഡിയോ മാറ്റൊലിയുടെ പതിനഞ്ചാം വാർഷികാഘോഷവും ശ്രോതാക്കളുടെ സംഗമവും സ്വനിക 2024 എന്ന പേരിൽ 2024 ജൂൺ 1 നടത്തി. ദ്വാരക കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഹമ്മദ്കുട്ടി ബ്രാൻ, വാർഡ് മെമ്പർ ഷിഹാബ് ആയത്ത്, ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ്, മാനേജ്മെന്റ് കമ്മിറ്റി അംഗം ഗോവിന്ദൻ പാലിയാണ, ദിശ എച്ച് ആർ ഡയറക്ടർ സാജിദ് മച്ചിങ്ങൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. 2023 ലെ ക്ഷീരവികസനവകുപ്പിന്റെ ശ്രവ്യമാധ്യമ പുരസ്കാരം നേടിയ കെ. ശ്രീകാന്ത്, 2023 ലെ പട്ടികവർഗ്ഗവികസന വകുപ്പിന്റെ ഡോ. ബി.ആർ അംബേദ്കർ മാധ്യമപുരസ്കാരം നേടിയ കെ. പൂർണിമ, തൊഴിലും നൈപുണ്യവും വകുപ്പിന്റെ 2021 ലെ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം നേടിയ കാട്ടാംകോട്ടിൽ ജോയ്സി ജെയ്സൺ എന്നിവരെ ചടങ്ങിൽ ആദരിച്ചു. റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സ്വാഗതവും പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ നന്ദിയും പറഞ്ഞു. ശ്രോതാക്കൾക്ക് അനുഭവങ്ങൾ പങ്കുവെക്കുന്നതിനും റേഡിയോ നിലയം സന്ദർശിക്കുന്നതിനുള്ള അവസരവുമുണ്ടായിരുന്നു.

സ്വാഗതം

ഫാ. ടോണി ഏലംകുന്നേൽ റേഡിയോ മാറ്റൊലിയുടെ പുതിയ അസോസിയേറ്റ് ഡയറക്ടർ ആയി മെയ് 20ന് ചാർജ്ജ് ഏറ്റെടുത്തു. അച്ചന് റേഡിയോ മാറ്റൊലികുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

പ്രത്യേക പ്രക്ഷേപണ പരിപാടികൾ

ആ സ്നേഹം ഓർമ്മിക്കാം – മെയ് 24 ന് ബ്രദേഴ്സ് ഡേയോടനുബന്ധിച്ച് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു. കർമ്മ

വഴിയിലെ നർമ്മചിന്തകൾ – ഫാ. ജോസഫ് പുത്തൻപുരയ്ക്കലു മായി നടത്തിയ അഭിമുഖം മെയ് 25, 26 തിയ്യതികളിൽ പ്രക്ഷേപ ണം ചെയ്തു. പുകയിലയെന്ന കൊലയാളി – മെയ് 31 ന് പുകയില വിരുദ്ധ ദിന ബോധവത്കരണ പരിപാടി പ്രക്ഷേപണം ചെയ്തു. സുരക്ഷിത ബാല്യം – കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളേ ക്കുറിച്ചും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് അത് ഉറപ്പുവരുത്തുന്ന ചൈൽഡ് വെൽഫയർ കമ്മിറ്റിയേക്കുറിച്ചും വയനാട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പർ ബിബിൻ ചെമ്പക്കര ഈ പ്രോഗ്രാമിലുടെ പങ്കുവെച്ചു. ബിരുദം നാലുവർഷമാ ക്കുമ്പോൾ, അറിയേണ്ടതെല്ലാം. – ഉന്നതവിദ്യാഭ്യാസ രംഗത്ത് അടിമുടി മാറ്റങ്ങൾ വരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാ ക്കുന്ന നാലുവർഷ ഓണേഴ്സ് ബിരുദത്തേക്കുറിച്ച് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു. ഇഗ്നോ റീജിയണൽ സെന്റർ സീനിയർ റീജിയണൽ ഡയറക്ടർ ഡോ.എൻ രാജേഷ് വിശദാം ശങ്ങൾ പങ്കുവെച്ചു.

ഫാ. ജോസ് കാവുങ്കൽ
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

May-June 2024

NAAC Accreditation

The college achieved a significant milestone by securing an A+ grade (CGPA 3.34) in the fourth cycle of NAAC accreditation, making it the highest-graded institution among all colleges in Wayanad.

Retirements

- **Dr. Shaju P P,** Principal in Charge and IQAC Coordinator, retired from the college after 26 years of service on May 31, 2024.
- **Mr. Jojo George,** Administrative staff, retired from the college after 28 years of service on May 31, 2024.

Appointments

- **Dr. Geetha Antony Pullen,** Associate Professor, Department of Statistics, was appointed as the Principal in Charge with effect from June 1, 2024.
- **Dr. Sr. Bindhu K Thomas,** Asst. Professor, Department of Mathematics was appointed as the IQAC Coordinator with effect from June 1, 2024.
- **Dr. Eldho K J,** Asst. Professor, Department of Comp. Science was appointed as the Chairman of the Board of Examinations for MSc. Computer Science (I & III Sem) Examinations, Kannur University.
- **Sr. Elizebath M J,** Asst.Professor, Department of Comp. Science was appointed as the college level coordinator of Four Year UG Programme(FYUGP).

Ph D in Mathematics

Mr. Albin Mathew, Asst. Professor, Department of Mathematics is awarded Ph.D. in Mathematics. The topic is "The Notion of Vector valued switching and Signed detour distances in signed graphs.

UGC –NET Examination Centre

The college has been recognized as an examination center for the UGC-NET with Mr. Regi Francis from the Department of Commerce appointed as the center coordinator.

OET Examination Centre

The college received an outstanding rating in the recent OET exam audit conducted by at its OET exam centre.

Events

- Internal Quality Assurance cell(IQAC) organized a one-day workshop on FYUGP for administrative staff on May 23, 2024.
- IQAC organized a Faculty Induction Programme for newly recruited faculty members on June 5, 2024.
- NCC in association with Kerala Forest Department organized an afforestation programme Forest Seed Initiative on world environment day June 5, 2024
- The Bhoomitrasena Club, in association with the NCC, celebrated World Environment Day by planting saplings on the college premises on June 5, 2024.
- Anti-ragging cell of the College conducted an Anti-ragging Awareness Programme for second and third year students on June 14, 2024
- Mathematics Research Center conducted Pre-submission seminar of the research scholar Jimly Manuel on June 15, 2024
- IQAC organized a Workshop for final year UG stu-

dents on Psychological well-being and stress management on June 18, 2024.

Faculty Participation

Dr. Rajitha Xavior published a paper entitled "-Exploring the Impact of Window Displays, Credit Cards, and Promotional Approaches on Impulse Buying Behavior of Tourists: A Structured Model" in the International Journal of Advanced Research in Commerce, Management & Social Science (IJARCMSS)April-June, 2024.

Tancy V S attended 10 days Annual Training Camp(ATC) at NIT Calicut (Naval NCC) from May 20 – 29, 2024.

Sr. Elizebath M J attended a workshop on Time -Table software: FET, organized by NSS training college, Ottapalam on June 12, 2024, participated in the Online Workshop on Data analytics & AI organized by Centre for Computer Science and Information Technology (CCSIT), Manjeri, University of Calicut in association with ipsr solutions limited on June 15

2024 and attended a webinar on "The AI Transformation Teaching", conducted by Khushi Computer Education Center, Bilaspur on June 16, 2024.

Dr. Bindhu K Thomas & Dr.Albin Mathew participated in the FDP-Workshop on Time Table Creation Software-FET organized by IQAC & IT club of NSS Training College, Ottappalam on June 12, 2024.

Dr. Eldho K J attended a workshop on Time -Table software: FET, organized by NSS training college, Ottapalam on June 12, 2024 and attended the BoS meeting conducted at Bharathiar University Coimbatore as an Academic Nominee (Other States) on June 17, 2024

Dr. Ramya Krishnan attended the joint meeting of the BoS in Commerce (UG) and Commerce FYUGP Adhoc

Committee held at Kannur University to finalize the syllabus of four year B.Com Programme on June 13, 2024.

Students Achievements:

UG Final Examination, Kannur University

- Nandana N, B Com - III Rank
- Haripriya M M , B A Social Science-Economics – I Rank, CUET examination –XI Rank
- Mubashiramol, B A Social Science-Economics – II Rank
- Bincy Thomas, B A Social Science-Economics – III

Dr. Geetha Antony Pullen
Principal in charge

വിദ്യാലയ വാർത്തകൾ

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള ദ്വാരക എ. യു . പി സ്കൂളിനായി നിർമിച്ച ആധുനിക സാങ്കേതിക സൗഹൃദ വിദ്യാലയം അഭിവന്ദ്യ മാർ.ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത് നാടിനായി സമർപ്പിച്ചു.

എൽ. പി വിഭാഗം

I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

പ്രവേശനോത്സവ ദിനത്തിൽ എൽ.എസ്.എസ് ജേതാക്കളെ ആദരിച്ചു. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ വിതരണം ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പെൻബോക്സ് സ്ഥാപിച്ചു.

II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

നവാഗതരെ പ്രവേശനോത്സവ ദിനത്തിൽ സമ്മാനങ്ങളും മധുരപലഹാരവും നൽകി എതിരേറ്റു . ഉപയോഗ ശൂന്യമായ പേനകൾ നിക്ഷേപിക്കാൻ സ്ഥാപിച്ച പെൻ ബോക്സിലൂടെ നല്ല പാഠം പ്രവർത്തനങ്ങൾക്ക് തുടക്കമായി. വിദ്യാർത്ഥികൾക്ക് പേവിഷ ബാധയ്ക്കെതിരായ ബോധവത്കരണക്ലാസ്സ് നൽകി. 2024-25 അധ്യയനവർഷത്തെ പ്രഥമ പി. ടി. എ ജനറൽബോഡി യോഗവും ക്ലാസ്സ് പി. ടി. എ യും ചേർന്ന് പി. ടി. എ ഭാരവാഹികളെ തിരഞ്ഞെടുത്തു.

III എ. എൽ. പി സ്കൂൾ കണിയാരം

നവാഗതർക്ക് സമ്മാനങ്ങളൊരുക്കി പ്രവേശനോത്സവ ദിനത്തിൽ അവരെ സ്വീകരിച്ചു.

IVസെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ

വർണശബളമായ റാലിയോടെ ആരംഭിച്ച പ്രവേശനോത്സവ ദിനത്തിൽ നവാഗതരെ ആഘോഷപൂർവം സ്വീകരിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടുകൊണ്ട് പരിസ്ഥിതിദിനം സംഘടിപ്പിച്ചു. പ്ലാസ്റ്റിക് വസ്തുക്കൾ വലിച്ചെറിയരുത് എന്ന സന്ദേശവുമായി പെൻബോക്സ് പദ്ധതിക്ക് തുടക്കമായി.

Vസെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ

പരിസ്ഥിതി ദിനത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി.

അക്ഷരവിളക്ക് എന്ന പേരിൽ അക്ഷര പ്രോജക്ട് ആരംഭിച്ചു.

VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക

പ്രവേശനോത്സവം വളരെ ഭംഗിയായി നടത്തപ്പെട്ടു. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു . വിദ്യാർത്ഥികൾക്കായി പേവിഷബാധ ബോധവത്കരണക്ലാസ്സ് നടത്തി.

VII സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടം കുന്ന്

നവാഗതർക്ക് പൂച്ചെണ്ടുകൾ നൽകിയും സമ്മാനങ്ങൾ നൽകിയും പ്രവേശനോത്സവ ദിനത്തിൽ സ്വാഗതം ചെയ്തു. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിച്ചു.

VIII സെന്റ്. മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി

പ്രവേശനോത്സവം അതിവിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. പരിസ്ഥിതി ദിനത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി. സ്കൂൾ മുറ്റത്ത് മാവിൻ തൈ നട്ടു. പെൻബോക്സ് പരിപാടിക്ക് തുടക്കമായി.

IX സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ.

സ്കൂൾ പ്രവേശനോത്സവം ആഘോഷപൂർവം നടത്തി. പരിസ്ഥിതി ദിനത്തിൽ ഔഷധതോട്ട പരിപാലനം ആരംഭിച്ചു. നല്ല പാഠത്തിന്റെ നേതൃത്വത്തിൽ പെൻബോക്സ് ഉദ്ഘാടനം ചെയ്തു. വായനക്കളരി ആരംഭിച്ചു. ക്ലാസ്സിൽ ഒരു ദിനപത്രം പദ്ധതിക്ക് തുടക്കമായി.

X സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ

പ്രവേശനോത്സവ ദിനത്തിൽ കുഞ്ഞുങ്ങളെ വരവേറ്റു. രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് നൽകി. എന്റെ വീട്ടിൽ എനിക്കൊരു മരം പദ്ധതിക്ക് പരിസ്ഥിതി ദിനത്തിൽ തുടക്കമായി. പേവിഷബാധയ്ക്കെതിരെ ബോധവത്കരണ ക്ലാസ്സ് നൽകി.

XI നിർമല എൽ. പി. എസ് ആലാറ്റിൽ

പുതിയ അധ്യയന വർഷത്തെ പ്രവേശനോത്സവം ഗംഭീരമായി നടത്തപ്പെട്ടു. കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. പരിസ്ഥിതി ദിനത്തിൽ മരമുത്തശ്ശിയെ ആദരിച്ചു. ലൈബ്രറി നവീകരിച്ചു. ലഹരി വിരുദ്ധവാരാചരണത്തിനു തുടക്കം കുറിച്ചു കൊണ്ട് സെൽഫി കോർണർ സ്ഥാപിച്ചു.

XII സി. കെ. എൽ. പി. എസ് മണിമൂളി

പ്രവേശനോത്സവം മനോഹരമായി സംഘടിപ്പിച്ചു. പൊതുസമ്മേളനത്തിൽ വെച്ച് എൽ. എസ്. എസ് വിജയികളെ ആദരിച്ചു. പരിസ്ഥിതി ദിനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും വീടുകളിൽ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു.

XIII പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി

പ്രവേശനോത്സവ ദിനത്തിൽ വിവിധ സമ്മാനങ്ങൾ നൽകി വിദ്യാർത്ഥികളെ സ്വീകരിച്ചു. പരിസ്ഥിതി ദിനത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി.

XIV സെന്റ്. ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്

രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും സമഗ്ര പങ്കാളിത്തത്തോടെ പ്രവേശനോത്സവം ആഘോഷിച്ചു.ലോക പരിസ്ഥിതി ദിനം ആചരിച്ചു. പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സ് നൽകി. പി .ടി .എ ജനറൽബോഡി യോഗം ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

യു. പി വിഭാഗം.

I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ

പ്രവേശനോത്സവത്തിനു മുന്നോടിയായി കോളനികൾ സന്ദർശിച്ചു. ഒരു ദിനം ഏഴുവാർത്തകൾ ഇംഗ്ലീഷിൽ എന്ന പദ്ധതി പൂർത്തീകരിച്ചു. സ്കൂൾ പൂന്തോട്ടം പച്ചക്കറിത്തോട്ടം എന്നിവയുടെ നവീകരണം നടത്തി.

II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ

പ്രവേശനോത്സവ ദിനത്തിൽ രക്ഷിതാക്കൾക്ക് ക്ലാസ് നൽകി. പരിസ്ഥിതി ദിനത്തിൽ തൈകൾ വിതരണം ചെയ്തു. പേവിഷബാധയ്ക്കെതിരെ ബോധവത്കരണ ക്ലാസ്സ് നടത്തി.

III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി

പുതിയ അധ്യയനവർഷത്തെ വർണാഭമായ പരിപാടികളോടെ വരവേറ്റു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു *തണലൊരുക്കാം നല്ല നാളേക്കായ്* എന്ന പേരിൽ പരിസ്ഥിതി സംരക്ഷണ ക്യാമ്പയിൻ ആരംഭിച്ചു.

IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി

വർണശബളമായ പ്രവേശനോത്സവത്തോടെ ക്ലാസുകൾ ആരംഭി ച്ചു. പരിസ്ഥിതി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തുകയും പെൻബോക്സ് പദ്ധതി ആരംഭിക്കുകയും ചെയ്തു. പേവിഷ ബാധയ്ക്കെതിരെ ബോധവത്കരണക്ലാസ്സ് നടത്തി. പ്രഥമ പി. ടി. എ യോഗം ചേർന്ന് ഭാരവാഹികളെ കണ്ടെത്തുകയും രക്ഷിതാ ക്കൾക്ക് മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

V അമ്പായത്തോട് എ. യു. പി സ്കൂൾ

പരിസ്ഥിതി ദിനത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കുട്ടികളിലെ സമ്പാദ്യശീലം പരിപോഷിപ്പിക്കുവാനായി ലഘു സമ്പാദ്യം പദ്ധതിക്ക് തുടക്കമായി.

VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

പ്രവേശനോത്സവം വർണശബളമായി നടത്തപ്പെട്ടു. പരിസ്ഥിതി ദിനത്തിൽ പ്രത്യേക അസംബ്ലി ചേരുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു. വിവിധ മത്സരങ്ങൾ നടത്തി. പെൻബോക്സ് സ്ഥാപിച്ചു കൊണ്ട് നല്ലപാഠം പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാലവേല വിരുദ്ധദിനം ആചരിച്ചു.

VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാലയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്രവേശനോത്സവം മനോഹരമായി സംഘടിപ്പിച്ചു. പരിസ്ഥിതി ദിനത്തിൽ ഉപയോഗശൂന്യമായ പേനകൾ സ്വീകരിക്കൽ ഔഷധ സസ്യങ്ങളുടെ ശേഖരണവും കൈ മാറലും പരിസ്ഥിതി ദിന ആൽബം തയ്യാറാക്കൽ എന്നിവ നടന്നു. പേവിഷബാധയ്ക്കെതിരെ ബോധവത്കരണ ക്ലാസ്സ് നടത്തി.

VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

വിദ്യാലയത്തിലെ പ്രവേശനോത്സവം വർണോത്സവമായി നടത്തി. വിദ്യാലയത്തിലും വീടുകളിലും മരത്തൈകൾ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. പഠനോപകരണ ചലഞ്ചിലൂടെ നിർധനരായ വിദ്യാർത്ഥികൾക്ക് സഹായമേകി. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ പെൻബോക് സ്സ്ഥാപിച്ചു.

IX സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

നവാഗതർക്ക് മധുരം നൽകിയും സമ്മാനങ്ങൾ കൈമാറിയും പ്രവേശനോത്സവം മനോഹരമാക്കി. പരിസ്ഥിതി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തുകയും വിദ്യാലയത്തിലെ ജൈവ വൈവിധ്യ പാർക്ക് പലവിധ ഔഷധ ചെടികൾ നട്ട് നവീകരിക്കുകയും ചെയ്തു.

X യു. പി സ്കൂൾ ദ്വാരക

പ്രവേശനോത്സവം ആഘോഷപൂർവം നടത്തപ്പെട്ടു. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം വിപുലമായി ആചരിച്ചു. ഹ്രസ്വചലച്ചിത്ര പ്രദർശനം, മുദ്രാവാക്യ രചന, നിരീക്ഷണക്കുറിപ്പ് എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്

പ്രവേശനോത്സവം ആഘോഷപൂർവം നടത്തപ്പെട്ടു. രക്ഷിതാക്കൾക്ക് ബോധവത്കരണക്ലാസ്സ് നൽകി. പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

XII സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി

പ്രവേശനോത്സവം വാദ്യ മേളങ്ങളുടെ അകമ്പടിയോടെ ആഘോഷിച്ചു. എക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പെൻബോക്സ് സ്ഥാപിച്ചു.

XIII സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ

പ്രവേശനോത്സവം ആഘോഷപൂർവം നടത്തപ്പെട്ടു. പരിസ്ഥിതി ദിനത്തിൽ വിവിധ മത്സരങ്ങൾ കുട്ടികൾക്കായി സംഘടിപ്പിച്ചു.

XIV സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി

പ്രവേശനോത്സവം മനോഹരമായി നടത്തപ്പെട്ടു. വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു.

ഹൈസ്കൂൾ വിഭാഗം

I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ

SSLC കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ് നൽകി. കേരള ക്രിക്കറ്റ് അക്കാദമിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അനുമോദിച്ചു. പ്രവേശനോത്സവം വിപുലമായ പരിപാടികളോടെ ആഘോഷപൂർവം നടത്തപ്പെട്ടു. പരിസ്ഥിതി ദിനം വിപുലമായി ആചരിച്ചു.

II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി

പ്രവേശനോത്സവ ദിനത്തിൽ നവീകരിച്ച ഓഡിറ്റോറിയത്തിന്റെയും പാചകപ്പുരയുടെയും ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

III അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി

നവാഗതരെ പ്രവേശനോത്സവ ദിനത്തിൽ ആഘോഷമായി സ്വീകരിച്ചു .പരിസ്ഥിതി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ആന്റിറാബിസ് ദിനത്തിൽ ആരോഗ്യ പ്രവർത്തകർ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. വിവിധ ക്ലബുകൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചു.

IV ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ

വിവിധ പരിപാടികളോടെ പ്രവേശനോത്സവം സംഘടിപ്പിക്കപ്പെട്ടു. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ബാലവേല വിരുദ്ധ ദിനത്തിൽ പ്രതിജ്ഞചൊല്ലി. SPC സെലക്ഷൻ ടെസ്റ്റ് നടത്തി.

V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

വർണാഭമായ അന്തരീക്ഷത്തിൽ വിവിധ പരിപാടികളോടെ പ്രവേശനോത്സവം സംഘടിപ്പിച്ചു. ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. മെഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. പേവിഷ ബാധയുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസ്സ് നടത്തി.

VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്

പ്രവേശനോത്സവത്തിന് പായസ വിതരണം നടത്തി. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പെൻബോക്സ് സ്ഥാപിച്ചു. പേവിഷബാധ ബോധവത്കരണ ക്ലാസ്സ് നടത്തി.

VII സി. കെ. എച്ച്. എസ് മണിമൂളി

പുത്തൻ തുടക്കങ്ങളുമായി പുതിയ അധ്യയനവർഷം ആരംഭിച്ചു. SSLC പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. പരിസ്ഥിതി ദിനം ആചരിച്ചു. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹയർസെക്കണ്ടറി വിഭാഗം

I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി

പുതിയ അധ്യയനവർഷത്തേക്കുള്ള പ്ലാനിങ് നടത്തി. ശുചിത്വ പ്രവർത്തനങ്ങൾ നടത്തി. NSS വനവൽക്കരണ പരിപാടി ആരംഭിച്ചു. പച്ചപ്പ് നിറഞ്ഞ ഉദ്യാന പരിപാടിക്ക് തുടക്കമായി. വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി.

II സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ

NSS ടീം നടപ്പിലാക്കുന്ന സമൃദ്ധി പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ വ്യത്യസ്ത പരിപാടികൾക്ക് തുടക്കമായി.

III സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

സ്ഥലം മാറി പോകുന്ന അധ്യാപകർക്ക് യാത്രയയപ്പും പുതിയതായി വന്നെത്തിയ അധ്യാപകർക്ക് സ്വീകരണവും നൽകി.

IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം

വിദ്യാലയങ്ങൾ തുറക്കുന്നതിന്റെ മുന്നോടിയായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പത്താം ക്ലാസ് കഴിഞ്ഞവിദ്യാർത്ഥികൾക്ക് ഫോക്കസ് പോയിന്റ് ക്ലാസുകൾ സംഘടിപ്പിച്ചു.

V സി. കെ. എച്ച്. എസ്. എസ് മണിമൂളി

പ്ലസ് ടു പരീക്ഷയിൽ അഭിമാനകരമായ നേട്ടം കൈവരിച്ച വിദ്യർത്ഥികളെ ആദരിക്കുന്നതിനായി വിജയോത്സവം സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. പേവിഷബാധയ്ക്കെതിരെ ബോധവത്കരണ ക്ലാസ്സ് നൽകി. മൈലാഞ്ചി

ഫെസ്റ്റ് നടത്തി. പുതിയ അധ്യയനവർഷം പുത്തൻ പ്രതീക്ഷകളുമായി വിദ്യാലയത്തിലെത്തിയ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ചത് നല്കാൻ അധ്യാപകർക്ക് കഴിയട്ടെ. രക്ഷിതാക്കളുടെ പിന്തുണയും വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും ഉന്നതനേട്ടങ്ങൾ കൈവരിക്കാൻ സഹായകരമാകട്ടെ.

സ്നേഹപൂർവ്വം
ഫാ. സിജോ ഇളംകുന്നപ്പുഴ
കോർപ്പറേറ്റ് മാനേജർ

Bishop's Programme

July 2024

01 Mon- 15 Mon:..... Engaged

30 Tuesday:..... Bishop's House: Forane Vicars Meeting

17 Wed- 30 Tue:..... Engaged

August 2024

04 Sun- 09 Fri:..... Ernakulam : KCBC

12 Mon - 13 Tue:.....Dwaraka: North Kerala Bishop's Meet

14 Wed:..... Chemperi: Declaration of Basilica

17 Saturday:..... WSSS: AGM

18 Sunday:..... Ernakulam: KLM Golden Jubilee Conclusion

19 Mon- 31 Sat:..... Kakkanad: Synod

26 Tue - 31 Sat:..... Priests' Annual Retreat

Auxiliary Bishop's Programme

July 2024

01 *Monday:..... Ambazhakkad: Holy Mass*

03 Wednesday:..... Ambalavayal:

Jubilee of St. Martin's Hospital

05 Fri- Aug 03 Sat:..... Out of Station

August 2024

04 Sun- 09 Fri:..... Kakkanad: KCBC

10 Saturday:.....Engaged

11 Sunday:..... Kottiyoor: Pastoral Visit

12 Mon- 13 Tues:.....Dwaraka: North Kerala Bishop's Meet

19 Mon-31 Sat:..... Kakkanad: Synod